# Trichur Archdiocesan Bulletin TAB

നവംബർ
2017
വാല്യം: 84 ലക്കം: 11
ESTD:1934



ലൂക്കാ 1 : 5-25 (സ്നാപക യോഹന്നാന്റെ ജനനത്തെ കുറിച്ചുള്ള അറിയിപ്പ്)

Festal greetings

നവംബർ 30ന്
നാമഹേതുക തിരുന്നാൾ
ആഘോഷിക്കുന്ന
അഭിവന്ദ്യ പിതാവിന്
തൃശൂർ അതിരൂപതയുടെ
പ്രാർത്ഥനാനിർഭരമായ
ആശംസകൾ



# TRICHUR ARCHDIOCESAN BULLETIN


വാല്യം : 84

നവംബർ 2017

ലക്കം : 11






Imprimatur
*(Sd)*

**Mar Andrews Thazhath**
Archbishop of Trichur

Chief Editor
**Dr. Francis Aloor**

Executive Editor
**Fr. Nysson Alanthanath**



Archbishop's House
P.B. No. 706, Thrissur - 680005

**Ph : 0487 - 2333325, 2338203, 2333542**
**Fax : 2338204**
**E-mail : curiatcr@yahoo.com**
**website : www.trichurarchdiocese.org**


## ഈ ലക്കത്തിൽ


- ❖ സർക്കുലർ 04
- ❖ കച്ചേരികാര്യം 17
- ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 27
- ❖ മാർ റാഫേൽ പിതാവിന്റെ പരിപാടികൾ 29
- ❖ മാർ ടോണി പിതാവിന്റെ പരിപാടികൾ 31
- ❖ നാളാഗമം 32
- ❖ നാമകരണ നടപടികൾ 38
- ❖ സാമ്പത്തിക കാര്യാലയം 40
- ❖ വൈദികർ 50
- ❖ സന്യസ്തർ 51
- ❖ അതിരൂപത തീർത്ഥകേന്ദ്രം 54
- ❖ സ്ഥാപനങ്ങൾ 57
- ❖ സംഘടനകൾ 86

സർക്കുലർ

2183/2017 C- 14
20.10.2017

# അഭിവന്ദ്യപിതാക്കന്മാരുടെ മെത്രാഭിഷേകം

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, വത്സലമക്കളേ,

സീറോ മലബാർ സഭയ്ക്ക് വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ് 2017 സെപ്റ്റംബർ 1, ഒക്ടോബർ 10 എന്നീ തിയ്യതികളിലായി ലഭിച്ചത്. 4 പുതിയ മെത്രാന്മാരേയും രണ്ട് പുതിയ രൂപതകളും നമുക്ക് ലഭിച്ചിരിക്കുന്നു. തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാനായി മേരിമാതാ മേജർസെമിനാരിയിലെ റെക്ടറായിരുന്ന മോൺ. ടോണി നീലങ്കാവിൽ നിയമിതരായി. സീറോ മലബാർ സഭയുടെ ചിരകാല സ്വപ്നം പൂവണിയിപ്പിച്ചുകൊണ്ട് ഇന്ത്യ മുഴുവനിലും സ്വതന്ത്രമായി അജപാലനപ്രവർത്തനം നടത്തുവാനുള്ള അനുമതിയും അനുഗ്രഹാശിസ്സുകളും പരിശുദ്ധ പിതാവിലൂടെ ദൈവം നമുക്കു നല്കി. പുതുതായി രൂപംകൊണ്ടിരിക്കുന്ന ഷംഷബാദ് രൂപതയുടെ ഇടയനും ഇന്ത്യയിൽ നിലവിൽ സീറോ മലബാർ സഭയ്ക്ക് തനതായ രൂപതകളില്ലാത്ത എല്ലായിടത്തെയും സീറോ മലബാർ വിശ്വാസികളുടെ അജപാലന ചുമതലയുള്ള മെത്രാനുമായി നമ്മുടെ ഇപ്പോഴത്തെ സഹായമെത്രാനും ഇന്ത്യയിൽ സീറോ മലബാർ സഭയ്ക്ക് സ്വന്തമായി രൂപതകളില്ലാത്ത എല്ലാ വിശ്വാസികളുടേയും അപ്പസ്റ്റോലിക് വിസിറ്ററുമായ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് നിയമിതനായി എന്നത് നമുക്ക് വളരെയേറെ ആനന്ദവും അഭിമാനവും നല്കുന്നു. നമ്മുടെ സഭയ്ക്കും അതിരൂപതയ്ക്കും ദൈവം നൽകിയിട്ടുള്ള പ്രത്യേക അനുഗ്രഹങ്ങൾക്ക് നന്ദി പറയാനുള്ള അവസരമാണിത്.

മസുക്കാബ രൂപതയുടെ സ്ഥാനികമെത്രാനും തൃശ്ശൂരിന്റെ സഹായമെത്രാനുമായ ടോണി നീലങ്കാവിൽ പിതാവിനുവേണ്ടി ആരാധനക്രമത്തിലടക്കം പ്രത്യേകം പ്രാർത്ഥിക്കുകയും നമ്മുടെ സ്വന്തമായി കരുതി സഹായസഹകരണങ്ങൾ നൽകുകയും വേണം. 2017 നവംബർ 18-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ചാണ് മെത്രാഭിഷേകം. കഴിയുന്നത്ര ആളുകൾ പങ്കുചേരണമെന്നതാണ് എന്റെ ആഗ്രഹം. അതിരൂപതയിലെ എല്ലാ വിശ്വാസികൾക്കും മെത്രാഭിഷേക കർമ്മത്തിൽ പങ്കെ

ടുക്കുവാൻ അവസരമുണ്ടാകേണ്ടതിന് നവംബർ 18–ാം തീയതി ഉച്ചകഴിഞ്ഞ് പള്ളികളിൽ മറ്റുപരിപാടികൾ സംഘടിപ്പിക്കരുത് എന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. അതിരൂപതാധ്യക്ഷനോടെന്നപോലെ സഹായമെത്രാനോടും സഹകരണവും വിധേയത്വവും പ്രകാശിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ സ്ഥാനാരോഹണം നടക്കുന്നത് 2018 ജനുവരി7–ാം തീയതി ഞായറാഴ്ച രാവിലെ 9:30ന് പുതുതായി രൂപം കൊണ്ടിരിക്കുന്ന ഷംഷബാദ് രൂപതാതിർത്തിയിലുള്ള ഹൈദ്രബാദിൽവെച്ചാണ്. വളരെ ഉന്നതവും ഭാരമേറിയതുമായ ദൗത്യം ഏറ്റെടുക്കുന്ന അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിനുവേണ്ടി നാം തീക്ഷണതയോടെ പ്രാർത്ഥിക്കണം. പിതാവിന്റെ സ്ഥാനാരോഹണ പരിപാടികളിലേക്ക് എല്ലാവരേയും പ്രത്യേകം ക്ഷണിക്കുന്നു. കഴിയുന്നത്ര പേർ പങ്കെടുക്കുമല്ലോ. തട്ടിൽ പിതാവിന് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നതോടൊപ്പം അതിരൂപതയുടെ എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുന്നു.

പുതുതായി രൂപം കൊണ്ടിരിക്കുന്ന ഹൊസൂർ രൂപതയുടെ പ്രഥമമെത്രാനായി തെരഞ്ഞെടുക്കപ്പെട്ട മോൺ. ജോബി പൊഴൊലിപറമ്പിലിനും സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട മോൺ. സെബാസ്റ്റ്യൻ വാണിയപ്പുരക്കലിനും തലശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി തെരഞ്ഞെടുക്കപ്പെട്ട മോൺ. ജോസഫ് പ്ലാംപാനിയിലിനും വേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. പുതിയ പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ നേർന്നു കൊണ്ടും അവരുടെ മെത്രാഭിഷേക കർമ്മത്തിലേക്ക് ക്ഷണിച്ചു കൊണ്ടും,

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്

+ Andrews Thazhath

+ മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

**NB:** ഈ വിജ്ഞാപനം 2017 നവംബർ 5–ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ കാര്യപരിപാടി ഈ ബുള്ളറ്റിൻന്റെ Back Inner Cover ൽ കൊടുത്തിണ്ട്. എല്ലാ വൈദികരും നിർബന്ധമായും അന്നേ ദിവസം വി. കുർബാന തിരുവസ്ത്രങ്ങൾ കൊണ്ടുവരേണ്ടതാണ്.

**+AT**

സർക്കുലർ

Ref: 3047/K-5/KCBC/OL/DS

# 2017 ഡിസംബർ 31 ബൈബിൾ ഞായർ

## കെസിബിസി ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കേരളകത്തോലിക്കാസഭ ദൈവവചനപാരായണത്തിനായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന മാസമാണ് ഡിസംബർ. മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവി ആചരിക്കുന്ന ഡിസംബർ മാസം വചന പാരായണമാസമായി ആചരിക്കുന്നത് തികച്ചും ഉചിതംതന്നെ. യേശുവിനെ നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും കുടുംബത്തിലേക്കും സ്വീകരിക്കാൻ ആത്മീയമായി ഒരുങ്ങുന്നതിന് അതു സഹായിക്കുന്നു.

മനുഷ്യനോടു സംവദിക്കുന്ന ദൈവം പൂർണമായി സ്വയം വെളിപ്പെടുത്തുന്നതാണല്ലോ യേശുവിന്റെ മനുഷ്യാവതാരം (ഹെബ്രാ 1,2). മനുഷ്യകുലത്തിന്റെ മുഴുവൻ രക്ഷകനായാണ് യേശു ജനിക്കുന്നത് (ലൂക്കാ 2,10–11). മനുഷ്യനെ ദൈവവുമായി അനുരഞ്ജനപ്പെടുത്തുന്ന അവിടന്ന് ഏവരെയും ഒരേയൊരു കൂട്ടായ്മയിൽ ഒന്നിപ്പിക്കുന്നു (യോഹ 17,20–23). നമ്മുടെയിടയിൽ കൂടാരമടിച്ച യേശുവാകുന്ന വചനം (യോഹ 1,14) മനുഷ്യകുലത്തിന്റെ മുഴുവൻ ഐക്യത്തിനും നിദാനമാകുന്നതുപോലെതന്നെ, 'എഴുതപ്പെട്ട വചനവും' നമ്മെ നയിക്കുന്നത് സമഗ്രമായ ഐക്യത്തിലേക്കാണ്. വിവിധ വിഘടനവാദങ്ങൾ നമ്മുടെ സമൂഹത്തിൽ പെരുകുകയും മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുള്ള പാരസ്പര്യങ്ങൾ താളംതെറ്റുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ 'ഐക്യത്തിലേക്കും സ്വാരസ്യത്തിലേക്കും (harmony) നയിക്കുന്ന ദൈവവചനം' നമുക്ക് വിചിന്തനവിഷയമാക്കാം.

## ദൈവവചനവും സൃഷ്ടിയിലെ സ്വാരസ്യവും

ദൈവവചനമാണല്ലോ സൃഷ്ടിയുടെ നിദാനം. 'ഉണ്ടാകട്ടെ'യെന്ന് ദൈവം അരുൾചെയ്യുമ്പോൾ സർവസൃഷ്ടിജാലങ്ങളും മനുഷ്യനും ഉണ്മയിലേക്കു പ്രവേശിക്കുന്നത് ഉത്പത്തിഗ്രന്ഥത്തിന്റെ ആരംഭത്തിൽത്തന്നെ നാം വായിക്കുന്നുണ്ട് (ഉത്പ 1,3). ഓരോ സൃഷ്ടി കഴിയുമ്പോൾ 'നന്നായിരിക്കുന്നു' എന്നും സൃഷ്ടിയുടെയെല്ലാം അവസാനം 'വളരെ നന്നായിരിക്കുന്നു' (ഉത്പ 1,31) എന്നും ദൈവം പറയുന്നു. ദൈവത്തിന്റെ ഈ പ്രഖ്യാപനം, അവിടന്ന് രൂപംകൊടുത്ത പ്രപഞ്ചത്തിൽ ദൃശ്യമാകുന്ന നന്മയുടെയും പൂർണതയുടെയും സൂചനകൂടിയാണ്. ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ഐക്യവും പരസ്പരബന്ധവും തന്നെയാണല്ലോ ബൈബിളിന്റെ ആദ്യ താളുകളിലെ പ്രധാന പ്രമേയം.

ദൈവവുമായുള്ള സാമീപ്യമായിരുന്നു ഈ ഐക്യത്തിന്റെ കാതൽ. മനുഷ്യനുവേണ്ടി സൃഷ്ടിച്ച തോട്ടത്തിൽ ഉലാത്തുന്ന ദൈവത്തിന്റെ ചിത്രം, ആദിയിലുണ്ടായിരുന്ന ഐക്യത്തിന്റെ നേർക്കാഴ്ചയാണ്. എന്നാൽ, മനുഷ്യൻ പാപം ചെയ്ത് ഈ ദൈവസാന്നിധ്യത്തിൽനിന്ന് ഓടിയകന്ന്, മരങ്ങൾക്കിടയിലൊളിക്കുന്നത് ഉത്പത്തിഗ്രന്ഥകാരൻ വിവരിക്കുന്നു (ഉത്പ 3,8). ഇവിടെ ദൈവ-മനുഷ്യബന്ധം മുറിയുക മാത്രമല്ല, പ്രപഞ്ചം മുഴുവനിലുമുള്ള പാരസ്പര്യം നഷ്ടപ്പെടുകയുമാണു ചെയ്യുന്നത്. ഈ താളം നഷ്ടപ്പെടുന്നതിന്റെ വിവരണമാണ് കായേന്റെ കഥ. 'സഹോദരന്റെ കാവല്ക്കാരനാണോ ഞാൻ?' എന്ന കായേന്റെ ചോദ്യം സമൂഹത്തിലെ ബന്ധങ്ങൾ തകരുന്നതിന്റെ മുഴക്കംതന്നെയാണല്ലോ. 'മണ്ണു നിനക്ക് ഫലംതരുകയില്ല' (ഉത്പ 4,12) എന്നു കർത്താവ് കായേനോടു പറയുമ്പോൾ, 'എല്ലാം നന്നായിരിക്കുന്നു'വെന്ന് അവിടന്ന് ആദ്യം വിശേഷിപ്പിച്ച നല്ല നാളുകൾ അപ്രത്യക്ഷമായി എന്നു നാം വേദനയോടെ തിരിച്ചറിയുന്നു. ആദിമാതാപിതാക്കന്മാർ ദൈവവചനത്തിനു ചെവികൊടുക്കാതിരുന്നപ്പോൾ സൃഷ്ടിയിലുണ്ടായിരുന്ന സന്തോഷവും സമാധാനവും സന്തുലിതത്വവും അപ്രത്യക്ഷമാകുന്നു.

പക്ഷേ, തന്റെ വചനം തിരസ്കരിച്ച മനുഷ്യനെ ദൈവം കൈവെടിയുന്നില്ല. നഷ്ടപ്പെട്ട ബന്ധങ്ങളും ഐക്യവും വീണ്ടെടുക്കാനായി, അവിടന്ന് മനുഷ്യരോദനങ്ങളുടെ ഇടയിലേക്ക് രക്ഷയുടെ വചനങ്ങളുമായി കടന്നു വരുന്നു: "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു . . . രോദനം

ഞാൻ കേട്ടു" (പുറ 3,7). "ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ ബഹുമാനാർഥം പൂജാമഹോത്സവം ആഘോഷിക്കാൻ ജനത്തെ വിട്ടയയ്ക്കാൻ" (പുറ 5,1) കർത്താവു പറഞ്ഞതനുസരിച്ച് മോശയും അഹറോനും ഫറവോയോട് ആവശ്യപ്പെടുമ്പോൾ, ദൈവ-മനുഷ്യബന്ധത്തിന്റെ വീണ്ടെടുപ്പിലേക്കും സന്തോഷത്തിന്റെ നാട്ടിലേക്കും ദൈവം തന്റെ ജനത്തെ ആനയിക്കുന്നുവെന്നു നാം മനസ്സിലാക്കുന്നു. ദൈവ-മനുഷ്യ-പ്രപഞ്ചബന്ധങ്ങളിലെ താളവും ഐക്യവും പുനഃസ്ഥാപിക്കാൻ ദൈവവചനം കടന്നുവരുന്നത് പഴയനിയമത്തിലുടനീളം നാം കാണുന്നുണ്ട്. തിന്മയുടെ പിടിയിലമർന്ന് വെറും അസ്ഥിക്കൂമ്പാരമായിത്തീർന്ന ഇസ്രായേൽ ജനത്തോട് "വരണ്ട അസ്ഥികളേ, കർത്താവിന്റെ വചനം ശ്രവിക്കുവിൻ . . . നിങ്ങൾ ജീവിക്കു"മെന്ന് (എസെ 37,4-5) എസെക്കിയേൽ പ്രവാചകൻ പറയുന്ന വാക്കുകൾ, ഏതു ദയനീയാവസ്ഥയിലും ജീവനേകി, സമഗ്രമായ സൗഭാഗ്യം നല്കാൻ ദൈവവചനത്തിനു കഴിയുമെന്ന പ്രഖ്യാപനംതന്നെയാണ്.

**ദൈവവചനവും ഐക്യവും**

മാംസംധരിച്ച വചനമായ യേശുവിന്റെ വരവോടുകൂടെ മനുഷ്യനു നഷ്ടപ്പെട്ട 'പറുദീസ'യെക്കുറിച്ചുള്ള പ്രതീക്ഷകൾ വീണ്ടും കിളിർക്കുന്നു. 'ദൈവരാജ്യം സമാഗതമായി' (മർക്കോ 1,15) എന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത്. ദൈവസാന്നിധ്യവും എല്ലാ നന്മകളും നിറഞ്ഞുനില്ക്കുകയും അവിടന്ന് വീണ്ടെടുക്കുകയും ചെയ്യുന്ന മനുഷ്യസമൂഹത്തിനു നല്കുന്ന പേരാണ് 'ദൈവരാജ്യം' എന്നു പറയാം.

യേശുവിന്റെ ദൈവരാജ്യപ്രഘോഷണത്തിനു പിന്നിലെ ശക്തിസ്രോതസ് അവിടത്തെ 'അബ്ബാ' അനുഭവമായിരുന്നു. 'വത്സലപിതാവ്' എന്നർഥമുള്ള 'അബ്ബാ' എന്ന പദത്തിലൂടെ ദൈവ-മനുഷ്യബന്ധത്തിന്റെ മൗലിക സ്വഭാവം യേശു വെളിപ്പെടുത്തി. എല്ലാ മനുഷ്യരും പിതാവായ ദൈവത്തിന്റെ മക്കളാണെന്ന ഈ കാഴ്ചപ്പാടുതന്നെയാണ് ക്രൈസ്തവ സാമൂഹികദർശനത്തിന്റെ അടിത്തറ. ദൈവരാജ്യമെന്ന കുടുംബത്തിലേക്ക് ഏവരെയും ഇരുകൈകളും നീട്ടി സ്വീകരിക്കുന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ ദൗത്യം ആരംഭിക്കുന്നത്: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരി

ക്കുന്നു" (ലൂക്കാ 4,18-19). പരിത്യജിക്കപ്പെട്ടവർ ആരുമില്ലെന്നതാണ് യേശു പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ സദ്വാർത്തയുടെ സവിശേഷത.

യേശുവിന്റെ പ്രഘോഷണത്തിലെന്നപോലെ, പ്രവർത്തനങ്ങളുടെയും പ്രധാനലക്ഷ്യം ഓരോ വ്യക്തിയിലെയും സന്തുലിതാവസ്ഥ വീണ്ടെടുത്ത്, അവരെ കൂട്ടായ്മയിൽ ഒന്നിപ്പിക്കുകയായിരുന്നു. അവിടത്തെ പ്രവർത്തനങ്ങളിൽ മുഖ്യപങ്കുവഹിക്കുന്ന രോഗശാന്തികളിൽ ഇത് ഏറെ പ്രകടമാണ്. സൗഖ്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗ്രീക്കുപദങ്ങൾ 'രോഗങ്ങളിൽനിന്ന് വിമുക്തി നല്കുക' എന്നതിലുപരി 'പൂർണമാക്കുക', 'സന്തുലിതാവസ്ഥ വീണ്ടെടുക്കുക' എന്നാണ് അർഥമാക്കുന്നത്. യേശു നല്കുന്ന സമഗ്രമായ ഈ സൗഖ്യത്തിന് ഉത്തമോദാഹരണമാണ് ശവകുടീരങ്ങൾക്കിടയിൽ വസിച്ചിരുന്ന പിശാചുബാധിതനെ സുഖപ്പെടുത്തുന്ന സംഭവം (മർക്കോ 5,1-20). സൗഖ്യം നേടിയവൻ സമൂഹത്തിന്റെ കൂട്ടായ്മയിലേക്ക് സ്വീകരിക്കപ്പെടുന്നു എന്നു വ്യക്തമാക്കാനായി അവൻ വസ്ത്രംധരിച്ച് സുബോധത്തോടെയിരിക്കുന്നത് (5,15) സുവിശേഷകൻ ഇവിടെ വിവരിക്കുന്നു. ഇതേ പ്രമേയം കാനാൻകാരിയുടെ മകളെയും (മത്താ 15,21-29) ശതാധിപന്റെ ഭൃത്യനെയും (മത്താ 8,5-13) സുഖപ്പെടുത്തുന്നിടത്തും കാണാവുന്നതാണ്.

ദൈവവുമായി ഏവരെയും ഐക്യപ്പെടുത്തി, സ്നേഹത്തിൽ പരസ്പരം ഒരുമിപ്പിക്കുകയാണ് 'വചനം മാംസം ധരിച്ചതിന്റെ' ലക്ഷ്യം. സഹോദരർക്കു നല്കുന്ന പരിധികളില്ലാത്ത പരിഗണനയും സ്നേഹവും യേശുവിന്റെ പ്രബോധനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ജീവനാഡിയായിരുന്നു (ലൂക്കാ 6,27-36; 10,25-37; യോഹ 13,34; 15,12; ഗലാ 5,14; യാക്കോ 2,8; 1 യോഹ 3,23). യേശു കൊണ്ടുവരുന്ന സമഗ്രക്ഷേമവും സുസ്ഥിതിയും കൂട്ടായ്മയുമാണ് യേശുവിന്റെ ജനനവേളയിൽ ദൈവദൂതർ ഉദ്ഘോഷിച്ച 'സമാധാനം' (ലൂക്കാ 2,14). കൂപ്പുകരങ്ങളോടെ നാമിന്നു പ്രാർഥിക്കുന്നതും ഈ സമാധാനത്തിനുവേണ്ടിയാണ്.

**വചനത്തിൽ ഒന്നിക്കുന്ന കേരളസഭ**

കേരളസഭ പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വൈവിധ്യമുള്ളതാണെങ്കിലും പരസ്പര സഹവർത്തിത്വത്തിലും കൂട്ടായ്മയിലും ആഗോളസഭയ്ക്കുതന്നെ മാതൃകയാണ്. കെ.സി.ബി.സി.യുടെ കീഴിലുള്ള ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള വചനപ്രേഷിതത്വത്തിൽ ഈ ഐക്യം ഏറെ പ്രകടമാണ്. ദൈവവചനംതന്നെയാണല്ലോ നമ്മെ ഒരുമിപ്പിക്കുന്ന പ്രധാനഘടകം.

കേരളസഭ കൂട്ടായ യത്നംവഴി ഇറക്കിയിട്ടുള്ള മലയാളം പി.ഒ.സി.

ബൈബിൾ മൂന്നു സഭകളും തമ്മിലുള്ള സഹവർത്തിത്വത്തിന്റെയും ഐക്യത്തിന്റെയും ഒരു ഐക്കൺ തന്നെയായി മാറിക്കഴിഞ്ഞു. മൂന്നു സഭകളിലുമുള്ളവർചേർന്ന് ഇറക്കിയ പരിഭാഷ, മൂലഗ്രന്ഥങ്ങളെ ആധാരമാക്കി കൂടുതൽ പണ്ഡിതരുടെ സഹകരണത്തോടെ കഴിയുന്നത്ര വിശ്വസ്തതയോടെയും ആധികാരികതയോടെയും പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി അഹോരാത്രം, നിസ്വാർഥമായി അധ്വാനിക്കുന്ന ഏവരെയും നന്ദിയോടെ നമുക്കു സ്മരിക്കാം. പുതിയനിയമം വിശദീകരണക്കുറിപ്പുകളോടെ 'പഠനബൈബിളാ'യി പി.ഒ.സി.യിൽനിന്ന് പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട്. ദൈവവചനം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്ന ഏവരും സ്വന്തമാക്കേണ്ടതാണ് ഈ പഠനബൈബിൾ.

കേരളസഭയിലെ ഐക്യത്തിന്റെയും കൂട്ടായപ്രവർത്തനത്തിന്റെയും അഭിമാനാർഹമായ മറ്റൊരു സാക്ഷ്യമാണ് ആഗോളതലത്തിൽത്തന്നെ പ്രശംസപിടിച്ചുപറ്റിയ ലോഗോസ് ക്വിസ്. വചനത്തെ സ്നേഹിക്കുന്ന ഏവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നു എന്നതാണ് ഈ വചനോപാസനയുടെ പ്രത്യേകത. സെപ്റ്റംബർമാസം അവസാനം നടത്താറുള്ള ഇതിന്റെ ആദ്യതലപരീക്ഷയിൽ കേരളത്തിനകത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് വചനസ്നേഹികളാണ് പങ്കുചേരുന്നത്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ മത്സരം നടക്കുന്നു. വിദേശത്തുള്ള രൂപതകളും ഭിന്നശേഷിയുള്ളവരും ഇതിൽ പങ്കുചേരാൻ താത്പര്യം പ്രകടിപ്പിക്കുന്നത് ദൈവവചനത്തിന് എല്ലാ അതിരുകൾക്കപ്പുറമുള്ളവരെയും ഒന്നിപ്പിക്കാൻ കഴിയും എന്നതിന്റെ സാക്ഷ്യംതന്നെയാണ്.

വചനശുശ്രൂഷയിൽ സമൂഹത്തിലെ എല്ലാവരെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്നു എന്നതിന് ബധിര-മൂകർക്കായി തയ്യാറാക്കിയിരിക്കുന്ന സൈൻബൈബിൾ ബൈബിൾ കമ്മീഷന് അഭിമാനത്തോടെ ഉയർത്തിപ്പിടിക്കാൻ കഴിയും. ഇതിന്റെ തുടർചലനങ്ങളെന്നപോലെ, കേരളസഭയിൽ ഭിന്നശേഷിയുള്ളവർക്കായുള്ള ശുശ്രൂഷ ശക്തിയാർജിക്കുന്നുവെന്നത് സന്തോഷജനകമാണ്. 2018-ലെ മെത്രാൻ സിനഡിൽ യുവജനങ്ങളുടെ വിശ്വാസജീവിതമാണല്ലോ പ്രധാന ചർച്ചാവിഷയം. ഹൈ-ടെക് യുഗത്തിൽ ജീവിക്കുന്ന യുവജനങ്ങളെ ദൈവവചനത്തിലേക്ക് ആകർഷിക്കാനുള്ള പുതിയ പദ്ധതികളും കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. ബൈബിൾ പ്രമേയങ്ങൾ അടിസ്ഥാനമാക്കിയുള്ള ഹ്രസ്വചിത്രമത്സരം ഇതിന് ഒരു ഉദാഹരണമാണ്. വിവിധ രൂപതകളിൽ ഇതിനു സമാനമായ പരി

പാടികൾ ബൈബിൾ അപ്പോസ്തലേറ്റിന്റെകീഴിൽ നടക്കുന്നുണ്ട് എന്നും ഇവിടെ സന്തോഷപൂർവം അനുസ്മരിക്കുന്നു.

വചനപാരായണമാസമായ ഡിസംബറിൽ ഈ വർഷം കേരളത്തിന്റെ തെക്കേയറ്റത്തുള്ള രൂപതയായ പാറശ്ശാല മുതൽ വിവിധയിടങ്ങളിൽ ബൈബിൾ കമ്മീഷന്റെയും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റിന്റെയും നേതൃത്വത്തിൽ അഖണ്ഡബൈബിൾപാരായണം സംഘടിപ്പിക്കുന്നുണ്ട്. വചനപാരായണമാസവുമായി ബന്ധപ്പെട്ട് രൂപതകളിൽ നടത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ഇതു ലക്ഷ്യംവയ്ക്കുന്നത്. എല്ലാ ഇടവകകളിലും ഡിസംബർമാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചനപാരായണം നടത്തുകയും ചെയ്യുമല്ലോ. അതുപോലെതന്നെ, എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കേണ്ടതാണ്. യേശുനാഥനെ അടുത്തറിയാനും അടുത്തറിയുന്നതുവഴി ആഴത്തിൽ സ്നേഹിക്കാനും സ്നേഹിക്കുന്ന നാഥനിൽ ഒന്നായിത്തീരാനും നമ്മെ പ്രചോദിപ്പിക്കുകയാണ് വചനപാരായണത്തിന്റെ പ്രധാന ലക്ഷ്യം.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ബൈബിൾ പഠിക്കാൻ മുന്നോട്ടുവരുന്നവരുടെ എണ്ണം കൂടിവരുന്നുവെന്നത് ഏറെ സന്തോഷജനകമാണ്. പല രൂപതകളും സ്തുത്യർഹമാംവിധം ബൈബിൾ കോഴ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. എങ്കിലും, ബൈബിൾ പഠനത്തിന് വേദികളൊരുക്കാൻ ഇടവകകൾ ഇനിയും മുന്നോട്ടുവരേണ്ടതുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു ചേരാവുന്ന പാഠ്യപദ്ധതിയാണ് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്. വചനം കൂടുതൽ അടുത്തറിയുന്നതുവഴി, മാംസംധരിച്ച വചനത്തെ കൂടുതൽ സ്നേഹിക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

ഡിസംബർമാസം അവസാന ഞായർ ബൈബിൾഞായറായി ആചരിക്കണമെന്ന കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ തീരുമാനമനുസരിച്ച് ഈ വർഷം ഡിസംബർ 31-ാം തീയതി ബൈബിൾ ഞായറായി സഭ ആചരിക്കുകയാണ്. ബൈബിൾ ഞായറാഴ്ച നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾപ്രേഷിതപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ

എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനത്തിൽ ആഴപ്പെട്ട് ഐക്യത്തിന്റെ കണ്ണികൾ സമൂഹത്തിൽ സുദൃഢമാക്കാൻ ആഹ്വാനംചെയ്തുകൊണ്ടും മനുഷ്യനായി അവതരിച്ച ദൈവമായ യേശുവിൽനിന്ന് ഏവർക്കും അനുഗ്രഹങ്ങൾ പ്രാർഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ്പ് ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: 2017 നവംബർ 26-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

സർക്കുലർ

Prot. No. 1701/2017

# സിസ്റ്റർ റാണി മരിയ – വാഴ്ത്തപ്പെട്ട രക്തസാക്ഷി

2017 നവംബർ നാല് സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം അനുഗൃഹീതമായ ദിനമാണ്. കാരണം, അന്നാണ് ഈ സഭയുടെ ഒരു പുത്രിയെ – സിസ്റ്റർ റാണി മരിയയെ – വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി തിരുസ്സഭ പ്രഖ്യാപിക്കുന്നത്. ഭാരത കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസും (CBCI), കേരള കത്തോലിക്കാ മെത്രാൻ കൗൺസിലും (KCBC) ഈ സംഭവത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംയുക്ത ഇടയലേഖനങ്ങൾ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും, സീറോമലബാർ സഭയിലെ ഒരു അംഗം എന്ന നിലയിലും എറണാകുളം – അങ്കമാലി അതിരൂപതയിലെ ഒരു സന്ന്യാസിനി എന്ന നിലയിലും സിസ്റ്റർ റാണി മരിയയെ സംബന്ധിച്ച് സീറോമലബാർ സഭയ്ക്ക് മൊത്തത്തിൽ ഒരു സർക്കുലർ പ്രസിദ്ധീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സിസ്റ്റർ റാണി മരിയയുടെ ജീവചരിത്രം ഇതിനകം പല രീതികളിൽ നാം മനസ്സിലാക്കിയിട്ടുള്ളതാണ്. കൂടുതൽ മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സിസ്റ്ററിനെ സംബന്ധിച്ചുള്ള നിരവധി ഗ്രന്ഥങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സഭാമക്കൾ സിസ്റ്ററിന്റെ ജീവിതത്തെക്കുറിച്ചും ശുശ്രൂഷയെക്കുറിച്ചും ആഴത്തിൽ മനസ്സിലാക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

1954 ജനുവരി 29ന് പുല്ലുവഴി എന്ന ഗ്രാമീണ ഇടവകയിലെ വട്ടാലിൽ പൈലി–ഏലീശ്വാ ദമ്പതികളുടെ ഏഴുമക്കളിൽ രണ്ടാമത്തെ മകളായിട്ടായിരുന്നു സിസ്റ്റർ റാണി മരിയ ജനിച്ചത്. 1972 ജൂൺ 3ന് ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ എറണാകുളം പ്രോവിൻസിൽ നവസന്ന്യാസിനിയായി വ്രതവാഗ്ദാനം ചെയ്തു. 1980 മെയ് 22ന് ആയിരുന്നു നിത്യവ്രതവാഗ്ദാനം.

ബിജ്നോർ, സത്ന എന്നീ സീറോ മലബാർ മിഷൻ രൂപതകളിലായിരുന്നു സിസ്റ്റർ റാണി മരിയയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ പതിനാറു

വർഷവും ചെലവഴിച്ചത്. അവസാനത്തെ രണ്ടു വർഷമാണ് ഇൻഡോർ രൂപ തയിൽ സേവനം ചെയ്തത്. ഇവിടെ വച്ചാണ് 1995 ഫെബ്രുവരി 25–ാം തീയതി ദാരുണമായി സിസ്റ്റർ വധിക്കപ്പെട്ടത്. ക്രൈസ്തവ വിശ്വാസം പ്രഘോഷിക്കു ന്നവരെ, അതിനെ എതിർക്കുന്നവർ ആക്രമിക്കുകയോ വധിക്കുകയോ ചെയ്യാം. അപ്രകാരം വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിക്കുന്നവരെയാണ് രക്ത സാക്ഷികളെന്ന് സഭ പ്രഖ്യാപിക്കുന്നത്. അത്തരം രക്തസാക്ഷികളുടെ ചുടു നിണം വീണ് കുതിർന്ന മണ്ണിൽ നിന്നാണ് സഭാവൃക്ഷം ശക്തി സംഭരിച്ചതും വളർന്ന് വികസിച്ചതും. അതോടൊപ്പം, വിശ്വാസം പ്രഘോഷിക്കുന്ന ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻവേണ്ടി ജീവാർപ്പണം ചെയ്തവരെയും സഭ രക്തസാക്ഷികളായി അംഗീകരിക്കുന്നു. സത്യം, നീതി, സ്നേഹം, സാഹോ ദര്യം തുടങ്ങിയ ക്രൈസ്തവ മൂല്യങ്ങൾക്കുവേണ്ടി നിർഭയം പോരാടി മരണം വരിച്ചവരെ വിശ്വാസ സാക്ഷ്യത്തിന്റെ മേഖലയിലെ രക്തസാക്ഷികളായി സഭ ആദരിക്കുന്നു. ഈ അർത്ഥത്തിലാണ് സിസ്റ്റർ റാണി മരിയയെ രക്തസാക്ഷി യായി സഭ അംഗീകരിക്കുന്നത്. ആ നിലയിൽ ഭാരതത്തിലെ പ്രഥമ വാഴ്ത്ത പ്പെട്ട രക്തസാക്ഷിയാണ് സിസ്റ്റർ റാണി മരിയ.

കാർഷികമേഖലയിൽ നിലനിന്നിരുന്ന ചൂഷണത്തിനെതിരെ തൊഴിലാളി കളുടെ നീതിക്കുവേണ്ടി പോരാടിയ ഒരു ധീര രക്തസാക്ഷിയാണ് സിസ്റ്റർ റാണി മരിയ. ക്രിസ്തു ഉയർത്തി പിടിച്ച ഉന്നതമായ മൂല്യങ്ങളിലുള്ള ആഴമായ ബോദ്ധ്യവും വിശ്വാസവുമാണ് ഒരു ക്രിസ്തു ശിഷ്യ എന്ന നിലയിൽ അവ യ്ക്കുവേണ്ടി നിലകൊള്ളുവാനും ജീവാർപ്പണം ചെയ്യുവാനും സിസ്റ്റർ റാണി മരിയയെ പ്രചോദിപ്പിച്ചത്.

സ്വന്തം മകൾ നിഷ്ഠൂരം വധിക്കപ്പെട്ടതിന്റെ വേദന ഉള്ളിൽ കടിച്ചമർത്തി ക്കൊണ്ട് മാതാപിതാക്കളും, സ്വന്തം സഹോദരിയുടെ വേർപാടിന്റെ കടുത്ത ദുഃഖം ഉള്ളിൽ ഒതുക്കിക്കൊണ്ട് സഹോദരി സിസ്റ്റർ സെൽമിയും സിസ്റ്റർ റാണി മരിയയെ വധിച്ച ഘാതകനോട് നിരുപാധികം ക്ഷമിച്ചത് ഈ സംഭവത്തിലെ ഏറ്റവും തിളക്കമാർന്ന അധ്യായമാണ്. വിദേശ മിഷനറി ഗ്രഹാം സ്റ്റെയിനെയും രണ്ടു പിഞ്ചു കുട്ടികളേയും 1999 ജനുവരി 22ന് ജീപ്പിലിട്ട് കത്തിച്ചുകൊന്ന സംഭ വത്തിൽ അദ്ദേഹത്തിന്റെ ഭാര്യ ഗ്ലാഡീസ് സ്റ്റെയിൻഡ് നിരുപാധികം അവരോട് ക്ഷമിച്ചുകൊണ്ട് കാണിച്ച ശത്രുസ്നേഹത്തിന്റെ ഉദാത്തമായ മാതൃക ഇവരി ലൂടെ ആവർത്തിക്കുകയായിരുന്നു. സഭാമക്കൾക്ക് വലിയ പ്രചോദനത്തിന്റെ

ഉത്തമ മാതൃകയായി സഭാചരിത്രത്തിൽ എന്നും ഇത് തിളങ്ങി നിൽക്കും.

റോമിൽവച്ച് സിസ്റ്റർ റാണി മരിയയുടെ 10-ാം ചരമവാർഷികം ഇന്ത്യാക്കാരോടൊപ്പം വി. കുർബ്ബാനയർപ്പിച്ച് ആചരിച്ചതും 2015 ഫെബ്രുവരി 25ന് ഇൻഡോറിൽവച്ച് സിസ്റ്ററിന്റെ 20-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചതും സിസ്റ്റർ റാണി മരിയ ഫൗണ്ടേഷന്റെ ഉദ്ഘാടനം നിർവ്വഹിച്ചതും അതിന്റെ പ്രഥമ അംഗത്വം സിസ്റ്റർ റാണി മരിയയുടെ ഘാതകനായ സമന്ദർസിംഗിന് നല്കിയതുമെല്ലാം എന്നും എന്റെ മനസ്സിൽ മായാതെ നില്ക്കുന്ന സജീവ സ്മരണകളാണ്.

വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും ദൈവദാസരുടെയും സാന്നിദ്ധ്യം കൊണ്ട് ഏറെ സമ്പന്നമാണ് ഭാരത ക്രൈസ്തവ സഭ. സഭയുടെ ആരാമത്തിൽ ഏറ്റവും ഒടുവിലായി വിരിയുന്ന രക്തപുഷ്പമാണ് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്കു ഉയർത്തപ്പെടുന്ന സിസ്റ്റർ റാണി മരിയ. തങ്ങൾ ജീവിച്ച കാലഘട്ടത്തിൽ നിലനിന്ന ക്രൈസ്തവോചിതമല്ലാത്ത സംവിധാനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും എതിരെ ഉറച്ച നിലപാട് എടുക്കുകയും വീരോചിതമായി പോരാടുകയും അതിന്റെ പേരിൽ സഹിക്കുകയും ജീവനർപ്പിക്കുകയും ചെയ്ത അനേകം രക്തസാക്ഷികളിൽ ഒരാൾ. സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതാണ് ഏറ്റവും വലിയ സ്നേഹമെന്ന് പ്രഖ്യാപിക്കുകയും (യോഹ 15:13) കുരിശിൽ ഒരു യാഗമായി സ്വന്തം ജീവൻ ഹോമിക്കുകയും ചെയ്ത ക്രിസ്തുവിന്റെ പാത പിൻചൊല്ലാൻ ഈ നൂറ്റാണ്ടിൽ ധൈര്യം കാണിച്ച ഒരു സമർപ്പിത. പ്രതികൂല സാഹചര്യങ്ങളിൽ ഇന്ന് സുവിശേഷം പ്രഘോഷിക്കുന്ന അനേകം മിഷനറിമാർക്ക് ആവേശവും കരുത്തും പകരുന്ന ഒന്നാണ് സിസ്റ്ററിന്റെ ജീവിത സാക്ഷ്യവും മരണവും. അതു ഭാരതസഭയ്ക്കു പകരുന്ന പുത്തൻ ചൈതന്യത്തിന്റെയും പ്രചോദനത്തിന്റെയും പേരിൽ നമുക്ക് ഒന്ന് ചേർന്ന് ദൈവത്തിന് നന്ദി പറയാം.

2017 നവംബർ 4-ാം തീയതി ഇൻഡോറിൽവച്ചാണ് സിസ്റ്റർ റാണി മരിയയെ വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി പ്രഖ്യാപിക്കുന്ന ചടങ്ങ് നടക്കുന്നത്. സിസ്റ്റർ ഉൾപ്പെട്ട സന്ന്യാസിനീ സമൂഹമായ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭയിൽനിന്നും ജന്മനാട്ടിൽ നിന്നും സിസ്റ്ററിന്റെ ജീവിതവുമായി ബന്ധപ്പെട്ട മറ്റു മേഖലകളിൽ നിന്നും നിരവധി പേർ ഇതിൽ പങ്കെടുക്കുവാനായി പോകുന്നുണ്ട്. കേരളാടിസ്ഥാനത്തിൽ ഇതിന്റെ ആഘോഷം നടക്കുന്നത് 2017 നവംബർ 11-ന് ഉച്ചകഴിഞ്ഞ് എറണാകുളം കത്തീഡ്രൽ ബസിലിക്കയിലാണ്. ഇടവകാടിസ്ഥാ

നത്തിൽ സാധിക്കുന്നിടത്തോളംപേർ പ്രാർത്ഥനാപൂർവ്വം ഈ ആഘോഷത്തിൽ പങ്കെടുക്കണമെന്നും ബന്ധപ്പെട്ടവർ അതിനുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെന്നും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

സിസ്റ്റർ റാണി മരിയയുടെ ജന്മനാടായ പുല്ലുവഴിയിൽ സെന്റ് തോമസ് ദേവാലയത്തിൽവച്ച് നവംബർ 19-ാം തീയതി ആഘോഷം നടക്കുന്നുണ്ട്. സാധിക്കുന്നിടത്തോളം ആളുകൾ അതിലും സംബന്ധിക്കണമെന്നഭ്യർത്ഥിക്കുന്നു. സഭയ്ക്കുവേണ്ടിയും ക്രൈസ്തവമൂല്യങ്ങൾക്കുവേണ്ടിയും ചൂഷിതരുടെ വിമോചനത്തിനുവേണ്ടിയും ധീരമായ സാക്ഷ്യം വഹിക്കുവാൻ അനേകം യുവജനങ്ങൾ സിസ്റ്ററിന്റെ പ്രചോദനത്താൽ കടന്നുവരട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. സിസ്റ്ററിനെ വിശുദ്ധയായി പ്രഖ്യാപിക്കാനുള്ള നാമകരണ നടപടികൾ ത്വരിത ഗതിയിലാകാനും പൂർത്തീകരിക്കപ്പെടാനും എല്ലാവരും പ്രാർത്ഥിക്കണം. സിസ്റ്റർ റാണി മരിയയുടെ മദ്ധ്യസ്ഥാനുഗ്രഹങ്ങൾ ഏവർക്കും ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം ആണ്ട് സെപ്റ്റംബർ മാസം 26 -ാം തിയതി നൽകപ്പെട്ടത്.

---

N.B. ഈ വിജ്ഞാപനം ഒക്ടോബർ മാസത്തിലെ ആദ്യ ഞായറാഴ്ചകളിൽ ഏതെങ്കിലും ഒന്നിൽ, ഞായറാഴ്ച കുർബാനയുള്ള ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരി കാര്യങ്ങൾ



**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| നവംബർ | 1 | : സകല വിശുദ്ധരുടെ തിരുനാൾ |
| | 2 | : സകല മരിച്ചവരുടെയും ഓർമ്മ |
| | 3 | : ആദ്യവെള്ളി |
| | 4 | : വി. സഖറിയായും വി. ഏലീശ്വായും |
| | 5 | : **പള്ളിക്കൂദാശ ഒന്നാം ഞായർ** |
| | 12 | : **പള്ളിക്കൂദാശ രണ്ടാം ഞായർ** |
| | 19 | : **പള്ളിക്കൂദാശ മൂന്നാം ഞായർ** |
| | 26 | : **പള്ളിക്കൂദാശ നാലാം ഞായർ**<br>മിശിഹായുടെ രാജത്വ തിരുനാൾ |
| | 30 | : വി. അന്ത്രയോസ് ശ്ലീഹാ |

**2. നവംബർ മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 03 | 07.30 pm | സാമ്പത്തികസമിതിയോഗം |
| 04 | 02:30 pm | സംഘടന ഏകോപനസമിതി യോഗം |
| 11 | 02:00 pm | പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനം |
| 13 | 10:00 am | ഫൊറോന വികാരിമാരുടെ യോഗം<br>ഡീക്കന്മാർക്കുള്ള ക്ലാസ്സ് |
| 14 | | ഡീക്കന്മാർക്കുള്ള ക്ലാസ്സ് |
| 15 | | ഡീക്കന്മാർക്കുള്ള ക്ലാസ്സ് |
| 16 | 02:30 pm | വൈദികസമിതിയോഗം |
| 18 | 02:00 pm | മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മെത്രാഭിഷേകം |
| 23 | 10:00 am | ആലോചനസമിതിയോഗം |
| 25 | 10:00 am | മേഖല പാസ്റ്ററൽ കൗൺസിൽ സമ്മേളനം |
| 30 | 10:00 am | വൈദികമാസധ്യാനം<br>മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുകതിരുനാൾ |

**3. നാമഹേതുക തിരുനാൾ :**

നവംബർ 30നു നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

**4. 25 നോമ്പ്:**

നവംബർ 30 പാതിരാമുതൽ 25 നോമ്പാരംഭിക്കുന്നു. നോമ്പിലൂടെ ആത്മശുദ്ധി നേടി പ്രാർത്ഥനാപൂർവ്വം ഈശോയുടെ പിറവിക്കായി നമുക്ക് ഒരുങ്ങാം. ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വിവരം ബഹു. അച്ചന്മാർ ജനങ്ങളെ ഓർമ്മപ്പെടുത്തുമല്ലോ.

**5. പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2017 നവംബർ 11-ാം തീയതി ശനിയാഴ്ച ഡി. ബി. സി. എൽ. സി. ഓഡിറ്റോറിയത്തിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തുന്നു.

**6. വൈദിക മാസധ്യാനം:**

വൈദികരുടെ മാസധ്യാനം നവംബർ 30ന് രാവിലെ 10 മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു.

**7. ഓഫീസ് അവധി :**

2017 ഡിസംബർ 20 മുതൽ 2018 ജനുവരി 6 വരെ അതിരൂപതാ കാര്യാലയത്തിന് അവധിയായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**8. കരുണട്രസ്റ്റ്-വിദ്യാഭ്യാസസഹായം**

അതിരൂപതയുടെ കരുണട്രസ്റ്റിൽ നിന്നും തൊഴിലധിഷ്ഠിത വിദ്യാഭ്യാസസഹായത്തിനുള്ള അപേക്ഷകൾ നവംബർ 1 മുതൽ അതിരൂപത സാമ്പത്തികകാര്യലത്തിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ കൃത്യമായി പൂരിപ്പിച്ച് ബഹു. വികാരിയച്ചന്റെ ശിപാർശയോടുകൂടി നവംബർ 20-നുള്ളിൽ അതിരൂപത സാമ്പത്തികകാര്യാലയത്തിൽ തിരിച്ചേല്പിക്കേണ്ടതാണ്.

**9. ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ**

ഈ വർഷവും 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായി ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ സംഘടിപ്പിക്കുന്നു. നവംബർ 25ന് 8-ാം ക്ലാസ്സിലെയും ഡിസം

ബർ 2ന് 9-ാം ക്ലാസ്സിലെയും ആൺകുട്ടികൾക്കായിരിക്കും സെമിനാർ നടത്തുക. രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 4 മണി വരെയാണ് സമയം. താത്പര്യമുള്ള കുട്ടികളെ സെമിനാറിൽ പങ്കെടുപ്പിക്കുവാൻ ബഹു. അച്ചന്മാരും മതാധ്യാപകരും ശ്രദ്ധിക്കുമല്ലോ

**10. വൈദിക അസംബ്ലി :** തൃശൂർ അതിരൂപതയിലെ എല്ലാ വൈദികരും പങ്കെടുക്കുന്ന അസംബ്ലി രണ്ട് ബാച്ചുകളായി നടത്തപ്പെടുന്നു. ആദ്യബാച്ച് 2017 ഡിസംബർ 11 തിങ്കൾ രാവിലെ 10 മണിക്ക് ആരംഭിച്ച് ഡിസംബർ 13 ബുധനാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. രണ്ടാം ബാച്ച് ഡിസംബർ 18 തിങ്കൾ രാവിലെ 10 മണിക്ക് ആരംഭിച്ച് ഡിസംബർ 20 ബുധനാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. മേരിമാതാ മേജർ സെമിനാരിയിലാണ് അസംബ്ലി നടക്കുന്നത്. അവിടെ താമസിച്ച് അസംബ്ലിയിൽ പങ്കെടുക്കുവാനുള്ള ക്രമീകരണത്തോടെ എല്ലാവരും എത്തിച്ചേരേണ്ടതാണ്. ബഹു. അച്ചൻമാർ പങ്കെടുക്കേണ്ട ബാച്ച് ഈ ബുള്ളറ്റിന്റെ അവസാന പേജുകളിൽ കൊടുത്തിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

**11. സന്യസ്ത അസംബ്ലി :** അതിരൂപതാതിർത്തിയിൽ സേവനം ചെയ്യുന്ന സന്യസ്ത പ്രതിനിധികളുടെ അസംബ്ലി ഡിസംബർ 1, 2 തിയ്യതികളിൽ തൃശൂർ ഡി.ബി.സി.എൽ.സി. ഹാളിൽവെച്ച് നടത്തുന്നു.

**12. വൈദികനിയമനം :**

| | |
|---|---|
| 1. ഫാ. ഫ്രാൻസിസ് ആളൂർ | - ഡയറക്ടർ പയസ് യൂണിയൻ ഹോളി റൂഹാ; സാധുത 2017 സെപ്തംബർ 8 മുതൽ. |
| 2. ഫാ. റോയ്സൺ കൊള്ളന്നൂർ | - സെക്രട്ടറി മാർ ടോണി നീലങ്കാവിൽ & നോട്ടറി കൂരിയ കൂടി; സാധുത 2017 സെപ്തംബർ 8 മുതൽ. |
| 3. ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | - റെക്ടർ മേരിമാത മേജർ സെമിനാരി; സാധുത 2017 സെപ്തംബർ 18 മുതൽ. |
| 4. ഫാ. ബിജു ഞാഞ്ഞിലത്ത് | - വൈസ് റെക്ടർ മേരിമാത മേജർ സെമിനാരി; സാധുത 2017 സെപ്തംബർ 18 മുതൽ. |
| 5. ഫാ. വിൻസെന്റ് ചെറുവത്തൂർ | - മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയയിൽ സേവനാനുമതി; വികാരി വിയ്യൂർ, Adj. ജുഡീഷ്യൽ വികാരി |

മെത്രാപ്പോലീത്തൻ കോടതി എന്നിവ ഒഴിവായി; സാധുത 2017 സെപ്തംബർ 20 മുതൽ.

6. ഫാ. ജോർജ്ജ് നിരപ്പുകാലയിൽ – നടത്തുവികാരി വിയ്യൂർ കൂടി; സാധുത 2017 സെപ്തംബർ 20 മുതൽ.

7. ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ – പഠനാവധി രണ്ടു വർഷം; സാധുത 2017 സെപ്തംബർ 22 മുതൽ.

8. ഫാ. ജോൺ പോൾ തൈക്കാടൻ – സഹായി നടത്തറ; സാധുത 2017 സെപ്തംബർ 18 മുതൽ.

9. ഫാ. സാജൻ മാറോക്കി – പഠനാവധി രണ്ടു വർഷം; സഹവികാരി വെണ്ടോർ ഒഴിവായി; സാധുത 2017 സെപ്തംബർ 24 മുതൽ.

10. ഫാ. ഡേവിഡ് നെറ്റിക്കാടൻ – സഹായി വെണ്ടോർ; സഹായി തലോർ ഒഴിവായി; സാധുത 2017 സെപ്തംബർ 24 മുതൽ.

11. ഫാ. ഡൈജോ പൊറുത്തൂർ – വൈസ് ചാൻസലർ കൂരിയ, ഡിഫന്റർ ഓഫ് ബോണ്ട് & സബ്സ്റ്റിറ്റ്യൂട്ട് ജഡ്ജ് മെത്രാപ്പോലീത്തൻ കോടതി, സെക്രട്ടറി ഐ. ടി. സെൽ; സാധുത 2017 സെപ്തംബർ 20 മുതൽ.

12. ഫാ. ജിജോ തോമസ് കല്ലേലി Ofm – സഹവികാരി അരണാട്ടുകര; പൂത്തോൾ കുരിശുപള്ളി ചാർജ്ജ്; സാധുത 2017 സെപ്തംബർ 28 മുതൽ.

**13. പ്രത്യേകനിയമനം :**

**1. എക്സിക്യൂട്ടീവ് കമ്മറ്റി, മുളയം ഹോം ഓഫ് ലവ്:**

1. മോൺ. തോമസ് കാക്കശ്ശേരി (വികാരി ജനറാൾ)

2. ഫാ. മാത്യു കുറ്റിക്കോട്ടയിൽ (ചാൻസലർ)

3. ഫാ. ജോയ് മൂക്കൻ (ഫിനാൻസ് ഓഫീസർ)

4. ഫാ. ജിക്സൺ താഴത്ത് (ഡയറക്ടർ, ഹോം ഓഫ് ലവ്)

5. സി. എൽസമ്മ വലിയവീട്ടിൽ (മദർ സുപ്പീരിയർ)

6. സി. ചിന്നമ്മ കുന്നക്കാട്ട് (എസ്. എൻ. ഡി. എസ്. സുപ്പീരിയർ ജനറൽ)

7. ശ്രീ. പി. ജെ. ജോണി (നോമിനേറ്റഡ് അംഗം)

8. ശ്രീ. ഫ്രാൻസിസ് നീലങ്കാവിൽ (ഇടവക അത്മായ പ്രതിനിധി)

**2. ഫാ. ആന്റണി തച്ചുപറമ്പിൽ നാമകരണകോടതി:**

1. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ (ട്രാൻസ്ലേറ്റർ)

2. ഫാ. ഫ്ളെർജിൻ തയ്യാലക്കൽ (ട്രാൻസ്ലേറ്റർ)

**3. 2017-2018 വർഷത്തെ കൈക്കാരന്മാർ (തുടർച്ച):**

| | |
|---|---|
| ചോറ്റുപാറ | കല്ലേക്കാട്ടിൽ വർക്കി തോമസ് |
| | ഗണപതിപ്ലാക്കൽ ജോസഫ് മാത്യു |
| വലപ്പാട് | ചിറയത്ത് അന്തോണി ദേവസ്സി |
| | എളങ്കുന്നപ്പുഴ പത്രോസ് തോമസ് |
| | അറയ്ക്കൽ നെല്ലിശ്ശേരി ചാക്കപ്പൻ ജോസ് |
| നാട്ടിക (വലപ്പാട്) | ചാലക്കൽ ആന്റണി സോണി |
| | കൊഴലിപറമ്പിൽ തോമസ് ഷൈജൻ |
| പഴുന്നാന (പുതുശ്ശേരി) | ചെറുവത്തൂർ ലൂയീസ് ജെയ്സൺ |
| | തെക്കേക്കര അന്തോണി ചാക്കോ |
| കൂനംമൂച്ചി | കൊള്ളന്നൂർ തോമ ഫ്രാൻസിസ് |
| | ചിരിയങ്കണ്ടത്ത് ആൻഡ്രൂസ് ഷാജി |
| | കൂത്തൂർ റാഫേൽ ജോഫി |
| തങ്ങാലൂർ | കണ്ണനായ്ക്കൽ വറീത് വർഗ്ഗീസ് |
| | ചാലക്കൽ ഔസേഫ് ജോബി |
| ചുവന്നമണ്ണ് | വള്ളംകോട്ടിൽ ജേക്കബ് |
| | ചെറുകാനായിൽ മോൺസി |
| | ജാതികുളത്തിൽ ബൈജു |
| വരന്തരപ്പിള്ളി കിഴക്ക് | ആലപ്പാട്ട് പാലത്തിങ്കൽ ചാക്കുണ്ണി |
| | പാലമറ്റം എലിസബത്ത് സെബാസ്റ്റ്യൻ |
| | മഞ്ഞളി ആന്റണി സെബി |
| | കാഞ്ഞിരത്താൻകുന്നേൽ ജിജോ |
| പുല്ലംകണ്ടം | ബുജു കുന്നേൽ |
| | സേവിയർ ചുക്കിരിയാൻ |

| | |
|---|---|
| അടാട്ട് | ചിറ്റിലപ്പിള്ളി പൊറിഞ്ചു ഔസേപ്പ് |
| | മുരിങ്ങത്തേരി ജേക്കബ് ജാക്ക് |
| | പാണേങ്ങാടൻ ജോസ് ജെയിംസ് |
| കാഞ്ഞാണി | പൊറത്തൂർ കിട്ടൻ ആന്റണി ജോഷി |
| | കുറ്റൂക്കാരൻ ജോൺ സെബി |
| | ചിറയത്ത് അത്താണിക്കൽ ഔസേപ്പ് വിൻസെന്റ് |
| എളനാട് | ബിജോ മാഞ്ഞാലിൽ |
| | സോജൻ ചെരുപറമ്പിൽ |
| | അപ്പച്ചൻ കണ്ടത്തിൽ |
| വെള്ളക്കാരിത്തടം | ആന്റണി പുത്തൻപറമ്പിൽ |
| | ഫിലിപ്പ് പന്നമ്മാക്കിൽ |
| ആർത്താറ്റ് | നീലങ്കാവിൽ വർഗ്ഗീസ് ജോഷി |
| | വാഴപ്പിള്ളി ഫ്രാൻസിസ് ജെയിംസ് |
| | വാഴപ്പിള്ളി ബാബു ബിജോയ് |
| കിഴുപ്പുള്ളിക്കര | അരിമ്പൂർ ആന്റണി ഷാജൻ |
| | തേക്കാനത്ത് സണ്ണി ലിൻജിത്ത |
| കുന്നംകുളം | കുറ്റിക്കാട്ട് ജോർജ്ജ് ബാബു |
| | ആലപ്പാട്ട് വിജലിയൂസ് ജോപോൾ |
| പാലയൂർ | സി. കെ. ജോസഫ്, ചൊവ്വല്ലൂർ |
| | ഷാജു ആന്റോ, മുട്ടത്ത് |
| | ബോബ് എലുവത്തിങ്കൽ |
| | ലിജോ തോമസ് ചിരിയങ്കണ്ടത്ത് |

**മോൺ. ജോർജ്ജ് കോമ്പാറ**
വികാരി ജനറാൾ

**DECREE of Erection of**
**Pious Union of HOLY RUAH**
***(MONASTERIUM SUI IURIS IN FIERI* OF HOLY RUAH)**
**as a PIOUS UNION in the Archeparchy of Trichur**

Ref:

1. Application requesting permission to start a new Monastery *sui iuris* within the Archdiocese of Trichur dated 15th February 2017 by Sr. Mary J. Palathingal.
2. Draft Typicon prepared and submitted by Sr. Mary J. Melit Palathingal.
3. Recommendation of the College of Consulters on 18th April 2017 and 17-08-2017
4. Appointment Order of the Commission to Study the Proposal to start a Monastery dated 2nd May 2017.
5. Letter of the Provincial of Sr. Mary J Melit Palathingal dated 1st May 2017
6. Letter of the Provincial of Sr. Rose Malit Palathingal dated 1st May 2017
7. Report of the Commission dated 22nd May 2017.
8. Discussion on 27th May 2017.
9. Petitions of Rev. Sisters Mary J Melit Palathingal and Sr. Rose Melit Palathingal dated 27 May 2017.
10. Application submitted by Sr. Mary J. Melit Palathingal dated 31 Jul 2017
11. Rescript of dispensation from the vows and obligation deriving profession to Sr. Mary J. Melit Palathingal (Prot. n. 3381/2016) granted by the Pontifical Congregation for the Institutes of Consecrated Lives and Societies of Apostolic Life.
12. Indult of leave from the vows and obligation deriving temporary profession to Sr. Rose Malit Palathingal granted by the Superior General of MSMI

"Come away by yourself to a lonely place" (Mk: 6:31): Lord Jesus Christ said to his disciples. From the early days of the Church, many followed the Lord responding to this call "to be with Him" (Mk.3:14) in a profound and exclusive intimacy. For this they totally withdrew from the world and spent their entire life in worshipping and contemplating God in solitude. According to Second Vatican Council document on Consecrated Life,

*Perfectae Caritatis*, the mystery of contemplative life[1] is truly great; it is 'an ornament to the Church, a fount of heavenly graces" [2] and a "clear symbol of the heavenly kingdom" [3]. The Monastics living in contemplative life 'offer to God an exceptional sacrifice of praise, bestow God's people with abundant fruits of holiness, sway them by their example, and enlarge the church by their hidden apostolic fruitfulness'. This "most illustrious part of Christ's flock", as St. Cyprian calls them, are always highly esteemed and honoured in the mystical body of Christ.

In the course of time, there developed institutions of common life of monastics entirely ordered towards contemplation giving themselves over to God alone in solitude and silence, in constant prayer and willing penance. *Lumen Gentium*, teaches that this ideal of life, "constitute a gift of God which the Church has received from her Lord and which by His grace she always safeguards" with vigilant and maternal care[4]. Taking up this exhortation of Vatican II, Codes of Canon Law make it the serious responsibility of Bishops to discern and foster not only vocations to consecrated life, but also new forms and institutions of consecrated life in the local church[5].

Monasticism had its origin and early development in the East and continues to be a rich and unique heritage of the Universal Church. Although there are some references of the existence of monastic life in the pre-sixteenth century history of the Thomas Christians in India, it seems that monastic life did not find fertile soil in this ancient church. But from the second half of the 19th Century onwards, the Church of St. Thomas Christians witnessed the emergence of its own proper institutes of consecrated life. In the recent years there is upsurge of vocations to contemplative life among many of her illustrious children. Though the Archeparchy of Trichur has a glorious history of germinating numerous religious institutions and plenty of vocations to religious life, not a single monastery had taken birth in our Archeparchy during her 130 years of existence.

The divine providence has its own time. The good Lord has called me recently to discern this form of religious life. Being aware of the serious responsibility placed on bishops by the teaching of the Church and Codes of Canon Law to patiently discern the vocations to new forms of religious life among the faithful and foster them, after a long period of prayer and study, it is felt that the Holy Spirit is calling the Archeparchy to be adorned with this most valued and ancient ornament of the Church, monastic life.

Sr Mary J. Melit Palathingal, perpetually professed Religious of the Bombay Province of the Congregation of the Daughters of the Cross of Liege, Belgium and hailing from the St. Joseph's Church, Kaveed of our Archeparchy underwent an intensive discernment process, whereby the nature and form of her 'call within the Call' was gradually unfolded and concretized. Sr. Mary received the *Charisma* to found an Eastern Monastery in accordance with the Code of Canons of the Oriental Churches (CCEO cc.433-503). For the 'Deeper Discernment of the call within the Call', Sr. Mary took Exclaustration from her Congregation and spent her life in prayer and intense discernment for about one and a half years now. Meanwhile, Sr. Mary's first cousin, Sr. Rose Malit Palathingal MSMI too has been discerning her 'call within the Call' to Monastic Religious life. Both of them often visited me and revealed this experience of call to contemplative life. Sr. Mary formally made a written request for the permission to initiate an Eastern Monastery within the territorial boundaries of the Archeparchy of Trichur on 15 February, 2017.

Having received this request, after a period of lengthy reflections and consultations and with the recommendation of the College of Consultors of the Archeparchy, I appointed a Commission to study the genuineness of the aspirants and feasibility of starting monastic life in our Archeparchy on 2nd May 2017 with Msgr. George Kombara, Syncellus of the Archeparchy, as Chairman and four other members (Fr. Francis Aloor, Fr. Mathew Kuttikottayil, Fr. Louis Edakkalathur and Fr. Jiphy Mekkattukulam). The Commission submitted its report on 22nd of May 2017 favouring founding of proposed community of Holy Ruah in view of becoming a *monasterium sui iurs* of the eparchial right in due time.

In the light of the above referred request, consultation in the College of Consulters, recommendation of the Commission and after completing other mandatory consultations and legal requirements, I, Mar Andrews Thazhath, by the Grace of God Archbishop of Trichur, decree and erect the Pious Union of Holy Ruah as a *monasterium sui iuris in fieri* of the eparchial right. It comes into existence on the solemnity of the Feast of Nativity of Our Lady, namely, on the 8th of September 2017. This Pious Union will be subject to all other applicable norms of the said Code and governed by the Statutes of the said community which I approve for an experimentery period of one year. Until it becomes a full-fledged *monasterium sui iuris* with its own Monastery and Typicon, I decree the following:

1. This Pious Union will be a *Monasterium Sui Iuris in fieri*, entitled **Monastery of Holy Ruah (MHR).**
2. It will be monastery *in fieri* in view of becoming a Monastery *sui iuris* of eparchial right.
3. Until further orders, the members of this union have to live in the house of Holy Ruah within the compound of Damien Institute, Mulayam.
4. They have to follow the direction of the Archbishop of Trichur and the appointed Director until its own statutes/Typicon is approved by me and become a full fledged monastery *sui iuris*.
5. Rev. Sr. Mary Melit Palathingal will be the foundress and Rev. Sr. Rose Malit Palathingal will be the pioneering member of this newly erected Pious Union as a *Monasterium Sui Iuris in fieri*. Rev. Sr. Mary will be the first prioress.
6. Rev. Fr. Francis Aloor is appointed as the First Director of this Pious Union as a *Monasterium Sui Iuris in fieri*.
7. The members of the Commission appointed to study this proposal will have to guide and help the Director and members to prepare Typicon of the proposed monastery.
8. Spiritual director and directress will be appointed to them.
9. The feast of the Nativity of Our Lady will be the feast day of inception of this MHR community.

I wish and pray that inspired by the Holy Spirit (Holy *Ruah*) (Jn. 14:26), the members of this Pious Union live a life of contemplation by the indwelling of the Holy Trinity (Jn. 14: 23) thereby becoming a source of spiritual strength for the Archeparchy in particular and for the Universal Church in General. I invoke the blessing of the Holy Trinity on the members of the Monastery of Holy *Ruah* through the intercession of Mary, Mother of God.

Given this from the Archeparchial Curia in Trichur, on the day 08 September in the year of Our Lord 2017, the Feast commemorating the Nativity of Blessed Virgin Mary.

Mar Andrews Thazhath,
Archbishop of Trichur.

Fr. Mathew Kuttikottayil,
Chancellor




| Date | Day | Time | Description |
|---|---|---|---|
| 01 | Wed | | Europe |
| 02 | Thu | | Europe |
| 03 | Fri | Morning | Curia Meeting |
| | | | For the People |
| 04 | Sat | Morning | Mannampetta- |
| | | | Golden Jubilee Fr. George Therattil |
| | | Afternoon | Marymatha Seminary Trustee Meeting |
| | | Evening | St. Thomas Collage Staff-Family |
| | | | Meeting; Homeday Marymatha Seminary |
| 05 | Sun | Afternoon | Parappur Church Blessing |
| | | | New Delhi-CBCI |
| 06 | Mon | | New Delhi- CBCI |
| 07 | Tue | | New Delhi- CBCI |
| 08 | Wed | | Episcopal Ordination of Mar Joseph |
| | | | Plamplani at Thalassery |
| 09 | Thu | Morning | Holy Mass at FCC Provincial House, |
| | | | Thrissur |
| | | Evening | Lourdes Cathedral – Snehasagamam |
| 10 | Fri | Morning | Holy Mass at AlgappaNagar |
| 11 | Sat | Morning | Holy Mass- Baptism at Muriyad |
| | | | Maryvijayam Monthly 60th Anniversary |
| | | | at Sahithya Academy |

| | | | |
|---|---|---|---|
| | | Afternoon | Pastoral Council Award Day |
| | | Evening | Public meeting at Minor Seminary |
| | | | Bl. Rani Maria at Ernakulam |
| 12 | Sun | | Feast of Lourdes Cathedral |
| | | | Episcopal Ordination of Mar Sebastian Vaniappurackal at Kanjirapilly |
| 13 | Mon | Morning | Forane Vicars' meeting |
| | | Afternoon | Blessing of New Chapel at Dominican Sisters Convent, Olarikkara |
| | | Evening | Jubilee Mission Hospital Trust Meeting |
| 14 | Tue | Morning | Holy Mass and 5th Child Baptism at Kodannur; Curia Meeting; Holy Mass with Deacons and their Parents. |
| | | | Engaged- Children's Ministry |
| | | Evening | All Kerala Pro-life Gathering at Family Apostate; Class for Deacons |
| 15 | Wed | Noon | Holy Mass and Inaguration of Dhaivasabham Convention |
| 16 | Thu | Afternoon | Priest Senate Meeting |
| 17 | Fri | Morning | Curia Meeting |
| | | | For Priests and Religious |
| 18 | Sat | | Episcopal Ordination of Mar Tony Neelankavil |
| 19 | Sun | Evening | Thaikkatussery |
| 20 | Mon | Afternoon | Mathruvedhi Silver Jubilee Concluding Ceremony, Dhavasabham Nagar |
| 21 | Tue | Morning | Curia Meeting; H. Mass at MMB Prov. Hse. |
| 22 | Wed | Noon | Engaged |
| 23 | Thu | Morning | Consulters' Meeting |
| 24 | Fri | Morning | Curia Meeting |
| 25 | Sat | Morning | Gathering of Pastoral Council Members of Five Dioceses |

| | | | |
|---|---|---|---|
| | | Afternoon | Holy Strings Anniversary at Kallur West |
| | | | Jeevodhaya Mission Hospital 25th year Celebration at Chelakkara |
| 26 | Sun | Morning | Holy Mass at Basilica |
| | | Evening | Programme at Kundkulam Gramam |
| | | | Chittissery; Golden Jubilee of Fr. Davis Panamkulam & Fr. Paulson Thattil |
| | | | Meeting - Savio Home |
| 27 | Mon | Morning | H. Mass at Pullazhi Mental Health Centre |
| | | | Catholicasabha Newspaper– Priests' meeting |
| 28 | Tue | Morning | Curia Meeting |
| | | Noon | Eparchial Assembly Meeting at Thalassery |
| 29 | Wed | Morning | Holy Mass at Minor Seminary-Patron's Day Celebration |
| | | Evening | Catholicasabha Newspaper Meeting |
| | | | Vadanappilli Retreat |
| 30 | Thu | Morning | Feast of St. Andrews Thazhath; Priests' Monthly Recollection |



## മാർ റാഫേൽ പിതാവിന്റെ പരിപാടികൾ

| Date | Day | Time | Description |
|---|---|---|---|
| 01 | Wed | Morning | Lourdes Cathedral |
| | | Evening | Cemetery Blessing, Kottapady |
| 02 | Thu | Morning | Engaged, |
| | | | Holy Mass at Basilica |

| | | | |
|---|---|---|---|
| 03 | Fri | Morning | Holy Mass :Alagapanagar |
| | | | Indore - Bl. Sr. Rani Maria |
| 04-06 | | | Indore - Santhom Mission |
| 07 | Tue | | Batch Gathering, Thiruvalla |
| 08 | Wed | | Episcopal Ordination of Mar Joseph |
| | | | Pamplani at Thalassery |
| 09 | Thu | Afteroon | St. Thomas Collage- Governing Council |
| | | Evening | Lourdes Cathedral – Snehasagamam |
| 11 | Sat | Morning | Holy Mass- Kuriachira |
| | | Noon | Home Day, St. Mary's Minor Seminary, |
| | | Evening | Parappur- Public Meeting |
| | | | CLC - Carita' Thrissur |
| 12 | Sun | Afternoon | Priestly Ordination at Thanyam Dn. Sajan |
| 13-16 | | | National Conference, Bombay |
| 18 | Sat | Morning | Priestly Ordination at Thiroor |
| | | Evening | Episcopal Ordination of Mar Tony |
| | | | Neelankavil |
| 19 | Sun | Morning | Holy Mass-Door of Faith |
| | | | 1st Anniversary |
| | | | Palayoor; Youth Assembly |
| | | Noon | Holy Mass- Dhaivasabham Convention |
| | | Evening | Thaikkattusssery- |
| | | | Jubilee Fr. Joy Mooken |
| 21 | Tue | Morning | Priestly Ordination at Iratty |
| 22 | Wed | | Kakkanad-Preachers' Forum |
| 23 | Thu | | Benefactors - Santhom Mission India |
| 25 | Sat | Morning | Holy Mass, Kolazhy, Wadakkanchery |
| 26 | Sun | Afternoon | Chittissery- Jubilee |
| | | | Fr. Paulson Thattil & Fr. Davis Panamkulam |
| 27-30 | | | Ahmedabad- Santhom Mission |





# മാർ ടോണി പിതാവിന്റെ പരിപാടികൾ

| Date | Day | Time | Description |
|---|---|---|---|
| 1 | Wed | Morning | Mass at Puthenpeedika |
| | | Evening | Marymatha - Deacons Send Off |
| | | | Cemetery Blessing at Varadiyam |
| 2 | Thu | Morning | Holymass at Lourdes |
| 4 | Sat | Afternoon | Homeday: Marymatha Major Seminary |
| 5 | S un | Evening | Parish Day at Puthussery |
| 6 -15 | | | Retreat |
| 16 | Thu | Morning | Jubilee Mass at Marymatha Seminary |
| 1 7 | Fri | | Recollection Day |
| 18 | Sat | | Episcopal Consecration |
| 1 9 | Sun | Morning | Kolazhy Thirunal Kodiyettam |
| | | | Youth assembly |
| | | Evening | Mariapuram Catechism Day |
| | | | Holy Mass at Manjakkunnu |
| 2 0 | Mon | Morning | Reception at Mt. St.Thomas, Kakkanad |
| | | Afternoon | Daivasabdam; Mathruvedi Samelanam |
| 21 | Tue | Evening | Reception in the Marymatha seminary |
| 22 | | | Episcopal Consecration, Chennai |
| | | | Kodungallur Feast Preparation |
| 23 | Thu | Morning | Consultors' Meeting |
| | | Evening | Pudukkad Marymatha ICSE |
| | | | Kuttur Charismatic Convention |
| 24 | Fri | | LRC Symposium Art and Architecture |
| 25 | Sat | Morning | Parappur First Communion |
| | | | Gathering of Pastoral Council Members of Five Dioceses |
| 26 | Sun | Evening | Choondal Hospital, Catholic Nurses Guild & Basilica, Thirunal Qurbana |
| 27 | Mon | | St Joseph's School Avinnissery |
| 28 | Tue | | Puthuruthi Pious 10th: H. Mass |
| 29 | Wed | | SDV Guardian Angel School, Puthur |
| 30 | Thu | Morning | Priests' Monthly Recollection |




# സെപ്തംബർ 2017

01. അഭിവന്ദ്യ പിതാക്കന്മാർ വൈകിട്ട് സീറോമലബാർ സിനഡിനുശേഷം ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നിയുക്തസഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന് സ്വാഗതവും ആശംസകളും നേർന്നു.

02. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് സാന്ത്വനത്തിന്റെ ഉപകാരികളോടും ഗുണകാംക്ഷികളോടും സംസാരിച്ചു. ഉച്ചകഴിഞ്ഞ് കടങ്ങോട് ഇടവകയിൽ അസംബ്ലി ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ചേർപ്പ് ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മേരിമാത മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് Homilectics എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു.

03. അഭിവന്ദ്യ താഴത്ത് പിതാവ് മറ്റം ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തിരൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു സാന്തോം മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തി. ഉച്ചക്ക് ഒല്ലൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് കരുമത്ര ഇടവകയിൽ തിരുനാൾ കുർബാനയർപ്പിച്ചു.

04. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആബാ ധ്യാനകേന്ദ്രത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. ഉച്ചക്ക് ആർച്ച്ബിഷപ്സ് ഹൗസിൽ ഓണാഘോഷത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മുല്ലക്കര ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ഡിവൈൻ ധ്യാനകേന്ദ്രത്തിൽ മരിയൻ ധ്യാനത്തിൽ സന്ദേശം നൽകി.

05. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സ്കൂൾ സിസ്റ്റേഴ്സിന്റെ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഉച്ചക്ക് കുരിയച്ചിറ

ഇടവകയിൽ മദർ തെരേസ ഫെസ്റ്റിനോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും നിർദ്ധനരായ രോഗികൾക്കുള്ള സഹായം വിതരണം ചെയ്യുകയും ചെയ്തു. ഉച്ചതിരിഞ്ഞ് കളക്ടറേറ്റിനു മുമ്പിൽ സർക്കാരിന്റെ മദ്യനയത്തിനെതിരെ മദ്യവിരുദ്ധസമിതി നടത്തിയ പ്രതിഷേധസമരത്തിൽ പങ്കെടുത്തു. വൈകിട്ട് അതിരൂപത അസംബ്ലിയുടെ ഒരുക്കയോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പൊന്നൂക്കര ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ യുവജനസംഗമത്തിൽ വചനപ്രഘോഷണം നടത്തി.

06. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് കുന്നംകുളം ഇടവകയിൽ പുതുക്കിപണിത പള്ളിയുടെയും അൾത്താരയുടെയും ആശീർവാദകർമ്മം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് മേരിമാത മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് Homilectics എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. വൈകിട്ട് കൊട്ടേക്കാട് ഇടവകയിൽ ഫാത്തിമാമാത സന്ദേശം പങ്കുവച്ചു.

07. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ലൂർദ്ദ്പുരം എസ്. എൻ. ഡി. എസ്. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് പുതുക്കാട് സി. എം. സി. കോൺവെന്റിൽ സി. ടെറ്റസ് സി. എം. സി. യുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് കരുമത്ര ഇടവകയിൽ PAROC-ന്റെ സമാപനസമ്മേളനത്തിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പറവട്ടാനി ഇടവകയിൽ വി. ബലിയർപ്പിച്ചു. മേരിമാത മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് Homilectics എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. വൈകിട്ട് തൃശ്ശൂർ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു.

08. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഹോളി റൂഹാ സന്യാസാശ്രമത്തിന്റെ സ്ഥാപനകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് തൃശ്ശൂർ ബസിലിക്കയിൽ ആരാധനാലയത്തിന്റെ വാർഷികത്തോടനുബന്ധിച്ച് ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ പങ്കെടുത്തു. തുടർന്ന് ഫാത്തിമാമാതാവിന്റെ തിരുസ്വരൂപം ലൂർദ്ദ് പള്ളിയിൽ സ്വീകരിക്കുകയും സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ലൂർദ്ദ്പുരം നിർമ്മലസദൻ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. മേരിമാത മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് Homilectics എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. തുടർന്ന് സാന്തോം മിഷനുവേണ്ടി മധുരക്ക് യാത്രതിരിച്ചു.

09. അഭിവന്ദ്യ താഴത്ത് പിതാവ് അവിണിശ്ശേരി പള്ളിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ഇരിങ്ങാലക്കുട രൂപത റൂബി ജൂബിലിയുടെ ഉദ്ഘാടനം നിർവഹിച്ചു. പിന്നീട് തൃശ്ശൂർ ഡി. ബി. സി. എൽ. സി. യിൽ നടന്ന തൃശ്ശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് കേരളസാഹിത്യ അക്കാദമിയിൽ ബഹു. ഫ്രാൻസിസ് എടക്കളത്തൂരച്ചന്റെ പുസ്തകപ്രകാശനം (ഈശോചരിത്രം) നിർവഹിച്ചു. വൈകിട്ട് കൂനമ്മൂച്ചി ഇടവകയിൽ നവതിയാഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മധുര ആർച്ച്ബിഷപ്പുമായി കൂടിക്കാഴ്ച നടത്തി. വൈകിട്ട് സമരിറ്റൻ സിസ്റ്റേഴ്സ് നടത്തുന്ന വൃദ്ധസദനം സന്ദർശിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് കോടന്നൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മധുരയിലെ സി. എം. ഐ. ചാപ്പലിൽ സീറോ മലബാർ പ്രവാസികൾക്കുവേണ്ടി വി. ബലിയർപ്പിച്ചു. വൈകിട്ട് തേനിയിൽ വി. ബലിയർപ്പിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് സന്യസ്ത സുപ്പീരിയർമാരുടെയും വൈദികസമിതിയുടെയും സംയുക്തയോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ബഹു. പോൾ മാറോക്കിയച്ചന്റെ മൃതസംസ്കാരകർമ്മത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പൊള്ളാച്ചിയിലുള്ള സി. എം. ഐ. ഹൗസ് സന്ദർശിച്ചു.

12. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പൂങ്കുന്നം ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് തൃശ്ശൂർ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു.

13. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്ക് കത്തോലിക്കാസഭ പത്രത്തിന്റെ കോർ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് അസംബ്ലിയുടെ ഒരുക്കയോഗത്തിലും ശേഷം ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിലും പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് മാപ്രാണം പള്ളിയിൽ വചനസന്ദേശം നൽകി.

14. അഭിവന്ദ്യ താഴത്ത് പിതാവ് ആലോചനസമിതിയോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ഭാരതക്ഷേമം എന്ന സ്ഥാപനത്തിന്റെ വാർഷികദിനത്തിൽ പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പരി. വ്യാകുലമാതാവിന്റെ ഊട്ടു തിരുനാളിനോടനുബന്ധിച്ച് തൃശ്ശൂർ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ ബസിലിക്കയിൽ ഊട്ടു

തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് അമലനഗർ പള്ളിയിലും തുടർന്ന് കുണ്ടന്നൂർ പള്ളിയിലും സന്ദേശം നൽകി.

16. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ആർച്ച്ബിഷപ്സ് ഹൗസിൽ ബൊൻ നത്താലെയുടെ പൗരാവലി യോഗത്തിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് റാഞ്ചി ആർച്ച്ബിഷപ്പ് കർദ്ദിനാൾ ടോപ്പോയുമായി കൂടിക്കാഴ്ച നടത്തി.

17. അഭിവന്ദ്യ താഴത്ത് പിതാവ് അവണൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് റാഞ്ചി സീറോ മലബാർ കമ്മ്യൂണിറ്റി സന്ദർശനം സെന്റ് ജോൺസ് പള്ളിയിൽ നടത്തി. വൈകിട്ട് ഹൈദ്രാബാദിലേക്ക് യാത്രയായി.

18. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ബഹു. വർഗ്ഗീസ് എടക്കളത്തൂർ അച്ചന്റെ അമ്മയുടെ മൃതസംസ്കാരകർമ്മത്തിൽ പങ്കെടുത്തു. രാവിലെ ആബാ ധ്യാനകേന്ദ്രത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വൈകിട്ട് നിയുക്ത സഹായമെത്രാന്റെ മെത്രാഭിഷേകകർമ്മങ്ങളുടെ ഒരുക്കസമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. വൈകിട്ട് കേരളസാഹിത്യ അക്കാദമിയിൽ നടന്ന 'രാഷ്ട്രദീപിക' പത്രത്തിന്റെ 'കർഷകൻ' മാസികയുടെ രജതജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മണിചേരിയിൽ സീറോ മലബാർ വിശ്വാസികളുമായി കൂടിക്കാഴ്ച നടത്തി.

19. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഒല്ലൂർ ഫാത്തിമാ കോൺവെന്റിൽ സി. ദീപ്തി സി. എം. സി. യുടെ മൃതസംസ്കാരകർമ്മത്തിന് കാർമ്മികത്വം വഹിച്ചു. വൈകിട്ട് ബഹു. ജെയിംസ് ഇഞ്ചോടിക്കാരനച്ചന്റെ സഹോദരന്റെ മൃതസംസ്കാരകർമ്മത്തിൽ പങ്കെടുത്തു. തുടർന്ന് ലൂർദ്ദ്പള്ളിയിൽ ഹോളി ഫാമിലി സന്യാസിനീസമൂഹം നടത്തിയ ഹോം മിഷന്റെ സമാപനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഹൈദ്രാബാദ് വൈദികരുടെ ധ്യാനത്തിലും തുടർന്നുള്ള കോൺ ഫ്രൻസിലും മൂന്നു ദിവസം പങ്കെടുത്തു.

20. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മരത്താക്കര എഫ്. സി. സി. മഠത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ആർച്ച്ബിഷപ്സ് ഹൗസിൽ നവീകരിച്ച രേഖാലയത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

21 . അഭിവന്ദ്യ താഴത്ത് പിതാവ് അടൂരിൽ പുതിയ മലങ്കര മെത്രാന്മാരുടെ മെത്രാഭിഷേകചടങ്ങിൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ഏങ്ങണ്ടിയൂർ എം. ഐ.

ആശുപത്രിയിൽ അഭിവന്ദ്യ കുണ്ടുകുളം പിതാവിന്റെ സ്മരണാർത്ഥം നിർമ്മിച്ച രക്തബാങ്കിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ അളഗപ്പനഗറിൽ വിവാഹ ഒരുക്ക കോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു.

23. അഭിവന്ദ്യ താഴത്ത് പിതാവ് മാർ കുണ്ടുകുളം പിതാവിന്റെ 100–ാം ജന്മ ദിനാഘോഷങ്ങളോടനുബന്ധിച്ച് ഡി. ബി. സി. എൽ. സി. യിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പൊതുയോഗത്തിൽ പങ്കെടുത്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വി. ബലിക്കുശേഷം പുത്തൂർ ഇടവകയിൽ സർക്കാരിന്റെ മദ്യനയത്തിനെതിരെ കാത്തലിക് കോൺഗ്ര സ്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കരിദിനം ഉദ്ഘാടനം ചെയ്തു. ഇടവകകാര്യാലയത്തിന്റെ കല്ലിടൽ കർമ്മത്തിലും പങ്കെടുത്തു. തുടർന്ന് വെട്ടുക്കാട്, പൊന്നൂക്കര, തൃക്കൂർ എന്നീ ഇടവകകൾ സന്ദർശിച്ചു. വൈകിട്ട് ചേർപ്പ്-വല്ലച്ചിറ റീജണൽ സെന്റർ അഭയം ശാന്തിഭവന്റെ നേതൃത്വത്തിൽ ഉദ്ഘാടനം പല്ലിശ്ശേരിയിൽ നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് സേലത്ത് സീറോ മലബാർ കമ്മ്യൂണിറ്റിയിൽ കുട്ടിക ളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണവും സ്ഥൈര്യലേപനവും സെന്റ് മേരീസ് സീറോ മലബാർ പള്ളിയിൽ നടത്തി. തുടർന്ന് പൊതു യോഗത്തിലും ഓണാഘോഷത്തിലും പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് മുവ്വാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തിയ തൃശ്ശൂർ അതിരൂപതാ വൈദികരുടെ വാർഷികധ്യാനത്തിന്റെ ആദ്യബാ ച്ചിൽ സന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ചേറ്റുപുഴ ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് പുല്ലഴി സെന്റ് ജോസഫ്സ് ഹോമിൽ വി. ബലിയർപ്പിച്ചു.

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ മാർ കുണ്ടുകുളം പിതാവിന്റെ അനുസ്മരണബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ചേറ്റുപുഴ ആരാധനമഠത്തിൽ വി. ബലിയർപ്പി ച്ചു. വൈകിട്ട് പോട്ട ധ്യാനകേന്ദ്രത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

27. അഭിവന്ദ്യ താഴത്ത് പിതാവ് സി. ബി. സി. ഐ. യോഗത്തിൽ പങ്കെടു ക്കാനായി മൂന്നു ദിവസത്തേക്കു പോയി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പുല്ലഴി സെന്റ് ജോസഫ് മെന്റൽ ഹോമിൽ വി. ബലിയർപ്പി ച്ചു. വൈകിട്ട് കോട്ടപ്പടി പള്ളിയിൽ നവീകരിച്ച പള്ളിയുടെ ആശീർവാദം നിർവഹിച്ചു.

28. അഭിവന്ദ്യ തട്ടിൽ പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന

സീറോ മലബാർ മിഷൻ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് എളംകുളം ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു.

29. അഭിവന്ദ്യ തട്ടിൽ പിതാവ് നാമഹേതുക തിരുനാളിൽ രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് സാന്തോം മിഷനുവേണ്ടി ഹൈദ്രാബാദിലേക്ക് പോയി.

30. അഭിവന്ദ്യ താഴത്ത് പിതാവ് അഭയം പാലിയേറ്റീവ് കെയറിന്റെ മൂന്നാമത്തെ റീജണൽ ഓഫീസ് വെങ്കിടങ്ങിൽ ഉദ്ഘാടനം ചെയ്തു. ഉച്ചക്കുശേഷം ചിറ്റിശ്ശേരിയിൽ ക്ലേലിയ സിസ്റ്റേഴ്സിന്റെ സന്യാസവസ്ത്ര സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. ഒല്ലൂർ ഫൊറോന കെ. സി. വൈ. എം. യുവജന സംഗമത്തിന്റെ ഉദ്ഘാടനചടങ്ങിൽ പങ്കെടുത്തു. വൈകിട്ട് കിഴക്കാളൂർ പള്ളിയുടെ പുതിയ വൈദികമന്ദിരത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പ്രവാസികൾക്കായി മൂന്നു ദിവസത്തെ ആദ്യ സീറോ മലബാർ കൺവെൻഷൻ ഹൈദ്രാബാദിൽ ഉദ്ഘാടനം ചെയ്തു.

# നാമകരണ നടപടികൾ



ആദ്യവെള്ളി ആചരണം ജപമാലയോടു കൂടെ രാവിലെ 10 മണിക്ക് ആരംഭിച്ചു. ജപമാലയെ തുടർന്ന് ശ്രീ. ടോമി കാഞ്ഞിരപ്പള്ളി വചനപ്രഘോഷണത്തിന് നേതൃത്വം നല്കി.

ചങ്ങനാശ്ശേരി അതിരുപതയുടെ കീഴിലുള്ള ചേലക്കര ചാൾസ് മൗണ്ട് എസ്റ്റേറ്റിന്റെ ചാർജ്ജ് വഹിക്കുന്ന ഫാ. തോമസ് വാഴപറമ്പിലായിരുന്നു തിരുകർമ്മങ്ങൾക്ക് നേതൃത്വം നല്കിയത്. ദിവ്യബലിക്കിടയിൽ വചന വ്യാഖ്യാത്തിൽ, ഒരു കുടിയേറ്റ മേഖലയായിരുന്ന ചേലക്കരയെ സുസ്ഥിരമായ ഇടവകയായി രൂപപ്പെടുത്തുവാൻ അന്തോണിയച്ചൻ നടത്തിയ പരിശ്രമങ്ങളെക്കുറിച്ച് അച്ചൻ എല്ലാവരേയും ഓർമ്മിപ്പിച്ചു. തന്റെ ജീവിതത്തെ കുരിശിനോട് ചേർത്തുവച്ച് ആ കുരിശെടുത്ത് ഈശോയെ അനുഗമിച്ചച്ചാനായിരുന്നു തച്ചുപറമ്പിലച്ചൻ. നമുക്ക് രോഗങ്ങളും, സാമ്പത്തിക പ്രതിസന്ധികളും, പ്രശ്നങ്ങളും വരുമ്പോൾ നല്ല രീതിയിൽ സ്വീകരിച്ചു ജീവക്കുവാനായി ആന്റണി ആച്ചന്റെ മാതൃക സ്വീകരിക്കാൻ അച്ചൻ എല്ലാവരെയും ആഹ്വാനം ചെയ്തു. ആരാധനയും, രോഗികൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക പ്രാർത്ഥനകളും ഉണ്ടായിരുന്നു. ദിവ്യബലിക്കും മറ്റു തിരുക്കർമ്മങ്ങൾക്കും നിരവധി പേർ പങ്കെടുത്തിരുന്നു.

# ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കൻ



കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി (സി.എസ്.സി.) യുടെ സ്ഥാപകനായ ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ തന്റെ വിശ്രമകാലത്ത് (1953–1956) ദിവ്യബലിയർപ്പിച്ചിരുന്നതും 1944–1966 വരെ പ്രസ്തുത സന്യാസിനീസമൂഹത്തിന്റെ മാതൃഭവനമായ ചൊവ്വന്നൂർ - പ്രസന്റേഷൻ കോൺവെന്റിന്റെ ചാപ്പലായി ഉപയോഗിച്ചിരുന്നതുമായ ജോൺ നിവാസിലുള്ള (ദൈവദാസൻ ഊക്കനച്ചന്റെ വസതി) നവീകരിച്ച ചാപ്പൽ തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് 01.10.2017 ന് ആശീർവ്വദിച്ചു. 02.10.2017 ന് ചൊവ്വന്നൂർ ഇടവക വികാരി ബഹുമാനപ്പെട്ട ഫാ. അനീഷ് നെല്ലിക്കൽ ദിവ്യബലി അർപ്പിച്ച് നിത്യാരാധന ആരംഭിച്ചു. ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 61–ാം ശ്രാദ്ധാചരണത്തിന് ഒരുക്കമായി ഈ ചാപ്പലിൽ 02.10.2017 ന് 13 മണിക്കൂർ ആരാധന നടത്തി.

ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 61–ാം ചരമവാർഷികത്തോടനുബന്ധിച്ച് ചാരിറ്റി സന്യാസിനീസമൂഹത്തിന്റെ കേന്ദ്രഭവനമായ മരിയഭവൻ ജനറലേറ്റിൽ വെച്ച് തൃശ്ശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴിയുടെ മുഖ്യകാർമ്മികത്വത്തിൽ അനുസ്മരണ ബലി അർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ജീവിതത്തെ ആധാരമാക്കിയുള്ള പ്രഭാഷണങ്ങളും കലാരൂപങ്ങളും അവതരിപ്പിക്കപ്പെട്ടു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം




**1. സമ്മാനദാനം**

2016 വർഷത്തെ മിഷൻ ഞായർ പിരിവിൽ സമ്മാനാർഹമായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും അഭിനന്ദനങ്ങൾ. 2017 നവംബർ 11ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2ന് ഡി.ബിസിഎൽ.സിയിൽ കൂടുന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിലാണ് ട്രോഫികൾ വിതരണം ചെയ്യുന്നത്. വീടുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ സംഖ്യ പിരിച്ചെടുത്ത ഇടവകകളും സ്ഥാപനങ്ങളുമാണ് ട്രോഫികൾ നേടിയിട്ടുള്ളത്. ത്യാഗപൂർവ്വം സംഭാവന നൽകുന്നതിൽ ഉദാരമനസ്ക്കരായ ഏവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഇതിനു നേതൃത്വം നൽകിയ ബ. വൈദികർക്കും കൈക്കാരന്മാർക്കും കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കും ഇടവകാംഗങ്ങൾക്കും സമ്മാനർഹരായ സ്ഥാപനങ്ങളുടെ അധികാരികൾക്കും സ്റ്റാഫ് അംഗങ്ങൾക്കും സഹകരിച്ച എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. ട്രോഫികൾ ഏറ്റുവാങ്ങാൻ നവംബർ 11ലെ മീറ്റിംഗിലേക്ക് ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**സമ്മാനാർഹരായ ഇടവകകൾ/ സ്ഥാപനങ്ങൾ**

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സംഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| മിഷൻ ഞായർ 2016 | 1 | കോട്ടപ്പടി | 897 | 388316 | 432.90 |
| | 2 | പാലയൂർ | 514 | 203011 | 394.96 |
| | 3 | നെല്ലങ്കര | 342 | 121315 | 354.72 |

| ഇനം | സ്ഥാനം | ഇടവക | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2016 | 1 | പാവറട്ടി | 657940 |
| | 2 | കോട്ടപ്പടി | 388316 |
| | 3 | ഒല്ലൂർ | 364095 |

| ഇനം | സ്ഥാനം | സ്ഥാപനം | സംഖ്യ |
|---|---|---|---|
| മിഷൻ ഞായർ 2016 | 1 | ജൂബിലി മിഷൻ ഹോസ്പിറ്റൽ | 200000 |
| | 2 | സെന്റ് മേരീസ് മൈനർ സെമിനാരി | 123268 |
| | 3 | മേരിമാതാ മേജർ സെമിനാരി, മുളയം | 70000 |

**2. കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടേയും യോഗം**

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടേയും (നടത്തു കൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടേയും ഒരു സംയുക്ത യോഗം 2017 നവംബർ 4 ശനിയാഴ്ച ഉച്ചക്ക് 2.30ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ റാഫേൽ തട്ടിൽ, വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി, ചർട്ടേഡ് അക്കൗണ്ടന്റുമാർ എന്നിവർ പങ്കെടുക്കുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങളും പുതിയ ആദായ നികുതി നിയമങ്ങൾ, GST എന്നിവയും ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് നന്ദി പറയുന്നു.

| | | |
|---|---|---|
| രജിസ്ട്രേഷൻ | - | 2.30 pm |
| ഉദ്ഘാടനം | - | 3.00 pm |
| ചർച്ച | - | 3.30 pm |
| ലഘുഭക്ഷണം | - | 5.30 pm |

**NB.** ഈ സുപ്രധാന യോഗത്തിലേക്ക് ബഹുമാനപ്പെട്ട വികാരിയച്ചൻമാരേയും പ്രത്യേകം സ്വാഗതം ചെയ്യുന്നു

**3. അതിരൂപത സഹായ ഫണ്ട്**

1. വിവാഹം - 35000
2. ചികിത്സ - 28000

**4. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

1. കുന്നംകുളം 100000 2. പാറന്നൂർ 50000
3. വെങ്ങിണിശ്ശേരി 126563

**തിരുത്ത്**

2017 ഒക്ടേബർ മാസത്തെ ബുളറ്റിനിൽ പേരാമംഗലം പള്ളി 50000 രൂപ എന്ന് തെറ്റായി അടിച്ചിട്ടുള്ളതാണ് പകരം പാത്രമംഗലം പള്ളി 50000 രൂപ എന്ന് തിരുത്തിവായിക്കേണ്ടതാണ്.

| നമ്പർ | പേര് | ദുഃഖ വെള്ളി 2017 | പെസഹാ വ്യാഴം 2017 | മിഷൻ ഞായർ 2016 | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|---|---|---|---|
| 1. | അടാട്ട് | 14366 | 4000 | 6000 | 1920 | 2541 | 5775 |
| 2. | ആളൂർ | 1000 | 1000 | 5000 | 1920 | 2013 | 1647 |
| 3. | ആളൂർ ഈസ്റ്റ് | 000 | 000 | 000 | 326 | 605 | 440 |
| 4. | അമല നഗർ | 4412 | 5777 | 6000 | 3200 | 3421 | 3732 |
| 5. | ആമ്പക്കാട് | 000 | 000 | 000 | 000 | 000 | 000 |
| 6. | അമ്മാടം | 9770 | 11111 | 9285 | 7960 | 10945 | 14925 |
| 7. | അഞ്ചേരി | 4715 | 20700 | 000 | 2000 | 3190 | 2320 |
| 8. | അഞ്ഞൂർ | 2000 | 2500 | 16365 | 2850 | 2948 | 3216 |
| 9. | അന്നകര | 000 | 000 | 000 | 000 | 000 | 000 |
| 10. | അന്തിക്കാട് | 6907 | 32000 | 30000 | 3100 | 3685 | 4020 |
| 11. | ആറംപിള്ളി | 4735 | 21325 | 27845 | 1908 | 2684 | 3660 |
| 12. | അരണാട്ടുകര | 000 | 89870 | 150020 | 14026 | 17600 | 64000 |
| 13. | അരിമ്പൂർ | 000 | 117530 | 48000 | 13800 | 17270 | 47100 |
| 14. | ആർത്താറ്റ് | 000 | 24125 | 8000 | 1740 | 2178 | 2376 |
| 15. | അത്താണി | 000 | 000 | 22540 | 4510 | 5731 | 7815 |
| 16. | ആറ്റത്തറ | 4913 | 4801 | 6150 | 1570 | 2134 | 2328 |
| 17. | ആറ്റുപ്പുറം | 8200 | 21000 | 52500 | 2392 | 2651 | 2892 |
| 18. | അവണൂർ | 1914 | 5136 | 9520 | 710 | 946 | 688 |
| 19. | അവണിശ്ശേരി | 000 | 000 | 3705 | 2400 | 3311 | 2709 |
| 20. | അയ്യന്തോൾ | 24252 | 64020 | 67270 | 4630 | 6094 | 16620 |
| 21. | ഭരത | 3456 | 10325 | 10430 | 2204 | 2816 | 2048 |
| 22. | ബ്രഹ്മകുളം | 1620 | 4570 | 9565 | 4990 | 6325 | 17250 |
| 23. | ചാഴൂർ | 3820 | 10220 | 41575 | 1920 | 2112 | 1536 |
| 24. | ചേലക്കര | 9568 | 24850 | 25600 | 1960 | 2772 | 3024 |
| 25. | ചെമ്പൂക്കാവ് | 000 | 000 | 000 | 000 | 000 | 000 |
| 26. | ചെമ്മണൂർ | 2871 | 20490 | 9046 | 840 | 1166 | 1272 |
| 27. | ചെങ്ങാലൂർ | 8000 | 40000 | 24000 | 7752 | 9141 | 16620 |
| 28. | ചെങ്ങോട് | 000 | 000 | 000 | 000 | 000 | 000 |
| 29. | ചേർപ്പ് | 12595 | 59212 | 48000 | 6972 | 5907 | 13425 |

| | | | | | | | |
|---|---|---|---|---|---|---|---|
| 30. | ചേരുംകുഴി | 5645 | 13345 | 17000 | 7200 | 6765 | 000 |
| 31. | ചെറുതുരുത്തി | 2314 | 3500 | 4000 | 504 | 682 | 496 |
| 32. | ചേറ്റുപ്പുഴ | 4780 | 22000 | 23900 | 2402 | 3520 | 2880 |
| 33. | ചൊവ്വൂർ | 17055 | 34530 | 48250 | 6040 | 7865 | 17875 |
| 34. | ചിറക്കൽ | 5866 | 18404 | 37355 | 000 | 000 | 000 |
| 35. | ചിറക്കേക്കോട് | 000 | 000 | 3100 | 000 | 000 | 000 |
| 36. | ചിറനെല്ലൂർ | 000 | 000 | 10054 | 710 | 1001 | 728 |
| 37. | ചിറ്റാട്ടുകര | 16447 | 92220 | 135625 | 7632 | 9064 | 32960 |
| 38. | ചിറ്റിലപ്പിള്ളി | 7660 | 25730 | 32000 | 2940 | 3608 | 3936 |
| 39. | ചിറ്റിശ്ശേരി | 7460 | 8000 | 22370 | 5266 | 7337 | 8004 |
| 40. | ചിയ്യാരം ഗലീലി | 5150 | 15200 | 00 | 2800 | 3960 | 2880 |
| 41. | ചിയ്യാരം സേവനാലയം | 3347 | 6440 | 5185 | 3220 | 3861 | 4212 |
| 42. | ചിയ്യാരം വിജയമാത | 000 | 000 | 35000 | 8600 | 7975 | 18125 |
| 43. | ചൂലിശ്ശേരി | 1306 | 3830 | 4585 | 528 | 814 | 592 |
| 44. | ചൂണ്ടൽ | 3801 | 34940 | 15437 | 1700 | 1980 | 2160 |
| 45. | ചോറ്റുപാറ | 1840 | 3550 | 3500 | 1500 | 1155 | 840 |
| 46. | ചൊവ്വന്നൂർ | 2983 | 25025 | 21950 | 2446 | 3179 | 3468 |
| 47. | ചെങ്ങാലൂർ | 8000 | 40000 | 9046 | 840 | 1166 | 1272 |
| 48. | ചുവന്നമണ്ണ് | 7990 | 18900 | 10000 | 2270 | 2233 | 1624 |
| 49. | എച്ചിപ്പാറ | 000 | 000 | 000 | 000 | 000 | 000 |
| 50. | എടക്കളത്തൂർ | 4360 | 44975 | 47918 | 4600 | 4686 | 8520 |
| 51. | എളനാട് | 4250 | 5000 | 3000 | 1134 | 1430 | 1040 |
| 52. | എളവള്ളി | 3978 | 27491 | 20000 | 1460 | 2365 | 2580 |
| 53. | എൽത്തുരുത്ത് | 17127 | 51823 | 58236 | 4040 | 5643 | 6156 |
| 54. | ഏനാമ്മാവ് | 000 | 000 | 160767 | 6400 | 6380 | 14500 |
| 55. | ഏങ്ങണ്ടിയൂർ | 1160 | 20030 | 15000 | 2980 | 3454 | 3720 |
| 56. | ഏങ്ങണ്ടിയൂർ | 000 | 000 | 000 | 000 | 000 | 000 |
| 57. | എരനെല്ലൂർ | 12830 | 70925 | 151440 | 4872 | 6699 | 18270 |
| 58. | എരവിമംഗലം | 3850 | 10780 | 9150 | 2366 | 3091 | 3372 |
| 59 | എറവ് | 16000 | 12000 | 20450 | 10030 | 11253 | 15345 |
| 60. | എരുമപ്പെട്ടി | 13730 | 11900 | 35000 | 5320 | 6545 | 14875 |
| 61. | ഇയ്യാൽ | 4350 | 5890 | 6935 | 780 | 1265 | 1035 |
| 62. | ഗുരുവായൂർ | 000 | 37765 | 12000 | 4000 | 3916 | 4272 |

| | | | | | | | |
|---|---|---|---|---|---|---|---|
| 63. | കടങ്ങോട് | 2117 | 4000 | 7400 | 632 | 869 | 711 |
| 64. | കാക്കശ്ശേരി | 000 | 000 | 000 | 000 | 000 | 000 |
| 65. | കല്ലൂർ ഈസ്റ്റ് | 23570 | 55060 | 32200 | 8602 | 11814 | 26850 |
| 66. | കല്ലൂർ വെസ്റ്റ് | 12880 | 7704 | 26380 | 6350 | 7015 | 9570 |
| 67. | കണ്ടാണശ്ശേരി | 000 | 000 | 000 | 000 | 000 | 000 |
| 68. | കണ്ടശ്ശാംകടവ് | 18823 | 75646 | 102350 | 5098 | 8107 | 29480 |
| 69. | കാഞ്ഞാണി | 000 | 45165 | 34460 | 2340 | 3025 | 5500 |
| 70. | കാഞ്ഞിരംകോട് | 3015 | 4100 | 3270 | 800 | 1100 | 800 |
| 71. | കണ്ണംകുളങ്ങര | 000 | 000 | 34000 | 1526 | 1595 | 1740 |
| 72. | കണ്ണാറ | 000 | 000 | 7850 | 3140 | 4224 | 468 |
| 73. | കാരമുക്ക് | 8000 | 29550 | 12000 | 3350 | 3960 | 3240 |
| 74. | കാരമുക്ക്(സെന്റ്.ആന്റണീസ്) | 5870 | 13885 | 21941 | 1650 | 2266 | 1854 |
| 75. | കാരമുക്ക് (സെന്റ് ജോസഫ്) | 000 | 000 | 000 | 800 | 1276 | 928 |
| 76. | കരുമത്ര | 6035 | 12270 | 14140 | 2110 | 2673 | 3645 |
| 77. | കാവീട് | 2854 | 4201 | 6752 | 3450 | 4433 | 4836 |
| 78. | കെട്ടുങ്ങൽ | 000 | 000 | 000 | 000 | 000 | 000 |
| 79. | കിള്ളിമംഗലം | 000 | 000 | 6170 | 952 | 1221 | 999 |
| 80. | കിരാലൂർ | 000 | 000 | 10670 | 1440 | 1980 | 1620 |
| 81. | കിഴുപ്പുള്ളിക്കര | 1424 | 4245 | 13402 | 480 | 880 | 640 |
| 82. | കോടന്നൂർ | 6933 | 14950 | 21107 | 5000 | 6545 | 14875 |
| 83. | കോലഴി | 6067 | 10307 | 21567 | 1820 | 2475 | 2025 |
| 84. | കോളേങ്ങാട്ടുകര | 6635 | 20730 | 3431 | 2400 | 2662 | 2178 |
| 85. | കോഞ്ചിറ | 000 | 000 | 000 | 000 | 000 | 000 |
| 86. | കോനിക്കര | 5000 | 29593 | 9600 | 1772 | 2244 | 1632 |
| 87. | കൂനംമൂച്ചി | 6180 | 53500 | 92000 | 5050 | 6391 | 14525 |
| 88. | കൂട്ടാല | 1960 | 5070 | 3795 | 800 | 1155 | 945 |
| 89. | കോട്ടപ്പടി | 20850 | 81602 | 388316 | 8002 | 9867 | 35880 |
| 90. | കൊട്ടേക്കാട് | 17325 | 36707 | 45000 | 8992 | 12089 | 43960 |
| 91. | കൊഴുക്കുള്ളി | 1485 | 1051 | 000 | 4352 | 6215 | 8475 |
| 92. | കുമ്പളങ്ങാട് | 2545 | 7135 | 8625 | 1878 | 2420 | 2640 |
| 93. | കുണ്ടന്നൂർ | 10341 | 16090 | 19200 | 4584 | 5731 | 10420 |
| 94. | കുണ്ടുകാട് | 7164 | 8340 | 8820 | 2160 | 2860 | 3900 |

| | | | | | | | |
|---|---|---|---|---|---|---|---|
| 95. | കുന്നംകുളം(ചിറളയം) | 9030 | 24030 | 32292 | 2120 | 2332 | 1908 |
| 96. | കുരിയച്ചിറ | 31210 | 57900 | 213845 | 16904 | 18161 | 66040 |
| 97. | കുറുമാൽ | 3771 | 22444 | 34000 | 1374 | 1760 | 1920 |
| 98. | കുറുവന്നൂർ | 000 | 000 | 000 | 000 | 000 | 000 |
| 99. | കുട്ടംകുളം | 486 | 4466 | 3335 | 1600 | 1716 | 1872 |
| 100. | കുറ്റൂർ | 10123 | 70010 | 32350 | 6420 | 8030 | 29200 |
| 101. | മച്ചാട് | 000 | 20000 | 34940 | 4990 | 6600 | 7200 |
| 102. | മാടക്കത്തറ | 000 | 000 | 2835 | 1780 | 2112 | 1536 |
| 103. | മഡോണ നഗർ | 13024 | 29190 | 34520 | 4260 | 5885 | 6420 |
| 104. | മലാക്ക | 000 | 000 | 000 | 000 | 000 | 000 |
| 105. | മനക്കൊടി | 2092 | 12500 | 12875 | 2300 | 2530 | 2070 |
| 106. | മണലാടി | 000 | 000 | 2149 | 1050 | 1166 | 954 |
| 107. | മണലൂർ വെസ്റ്റ് | 6109 | 28635 | 9945 | 3200 | 3465 | 3780 |
| 108. | മണലൂർ ഈസ്റ്റ് | 000 | 000 | 73705 | 10000 | 7040 | 12800 |
| 109. | മങ്ങാട് | 000 | 000 | 3365 | 3060 | 4301 | 4692 |
| 110. | മഞ്ഞക്കുന്ന് | 2789 | 2760 | 4420 | 900 | 1210 | 880 |
| 111. | മാന്ദാമംഗലം | 000 | 000 | 5339 | 800 | 1661 | 1359 |
| 112. | മണ്ണംപേട്ട | 13910 | 14220 | 19880 | 6200 | 8415 | 11475 |
| 113. | മണ്ണുത്തി | 7000 | 20000 | 133090 | 7272 | 8888 | 20200 |
| 114. | മരത്താക്കര | 29306 | 68126 | 63454 | 9032 | 12419 | 28225 |
| 115. | മരത്തംക്കോട് | 000 | 000 | 10620 | 782 | 1012 | 736 |
| 116. | മരിയാപുരം | 32610 | 85980 | 93385 | 9960 | 10230 | 18000 |
| 117. | മരോട്ടിച്ചാൽ | 000 | 000 | 1500 | 2728 | 3443 | 3756 |
| 118. | മറ്റം | 000 | 49550 | 175301 | 000 | 000 | 000 |
| 119. | മറ്റം പിൽഗ്രിം സെന്റർ | 000 | 000 | 000 | 000 | 000 | 000 |
| 120. | മായന്നൂർ | 2650 | 21000 | 18976 | 1098 | 1397 | 1143 |
| 121. | മുക്കാട്ടുകര | 17908 | 13098 | 52231 | 10460 | 12485 | 34050 |
| 122. | മുളയം | 2300 | 24210 | 3090 | 2444 | 2475 | 2025 |
| 123. | മുല്ലക്കര | 7256 | 18764 | 24236 | 2820 | 4180 | 4560 |
| 124. | മുല്ലശ്ശേരി | 000 | 000 | 20395 | 5560 | 5360 | 12200 |
| 125. | മുള്ളൂർകര | 5879 | 5000 | 5070 | 1140 | 1606 | 1314 |
| 126. | മുണ്ടത്തിക്കോട് | 9059 | 14510 | 9100 | 2870 | 3839 | 4188 |

| | | | | | | | |
|---|---|---|---|---|---|---|---|
| 127. | മുണ്ടൂർ | 10048 | 80146 | 26000 | 10860 | 14542 | 52880 |
| 128. | മുറ്റിച്ചൂർ | 000 | 000 | 000 | 1578 | 1826 | 1328 |
| 129. | നടാംപാടം | 000 | 000 | 000 | 000 | 000 | 000 |
| 130. | നടത്തറ | 000 | 36050 | 118565 | 9880 | 13585 | 37050 |
| 131 | നമ്പഴിക്കാട് | 000 | 000 | 000 | 000 | 000 | 000 |
| 132 | നന്തിപ്പുലം | 5510 | 14610 | 19505 | 1210 | 1518 | 1656 |
| 133. | നന്തിപ്പുലം നോർത്ത് | 7633 | 14480 | 14370 | 2660 | 3630 | 2970 |
| 134. | നാട്ടിക | 000 | 000 | 000 | 000 | 000 | 000 |
| 135. | നെടുപുഴ | 8912 | 40915 | 16780 | 4400 | 4851 | 3969 |
| 136. | നെഹ്റു നഗർ | 10535 | 42766 | 68300 | 3250 | 4510 | 4020 |
| 137. | നെല്ലങ്കര | 8940 | 51210 | 121315 | 2748 | 3762 | 4104 |
| 138. | നെല്ലിക്കുന്ന് | 25635 | 81385 | 117842 | 11016 | 14443 | 52520 |
| 139. | നെന്മണിക്കര | 000 | 000 | 5075 | 1070 | 1551 | 1128 |
| 140. | നിർമ്മലപുരം | 7400 | 12500 | 17660 | 3736 | 5137 | 9340 |
| 141. | ഒളരിക്കര | 20380 | 28720 | 78700 | 11840 | 16280 | 44400 |
| 142. | ഒല്ലൂക്കര | 12353 | 23550 | 30520 | 4200 | 5434 | 2350 |
| 43. | ഒല്ലൂർ | 56900 | 171490 | 364095 | 13040 | 20735 | 94250 |
| 144. | ഒല്ലൂർ മേരിമാതാ | 000 | 52770 | 149306 | 7960 | 8976 | 9792 |
| 145. | ഒരുമനയൂർ | 2438 | 18455 | 30095 | 1040 | 1364 | 1116 |
| 146. | പടവരാട് | 5595 | 14755 | 58800 | 10840 | 10582 | 19240 |
| 147. | പാലക്കൽ | 18870 | 66070 | 58790 | 5180 | 8140 | 18500 |
| 148. | പാലയൂർ | 20270 | 000 | 203011 | 4080 | 5654 | 12850 |
| 149. | പാലാഴി | 4000 | 11000 | 5150 | 538 | 1254 | 1026 |
| 150. | പല്ലിശ്ശേരി | 4012 | 5350 | 9060 | 1780 | 2090 | 1710 |
| 151. | പനംകുളം | 000 | 000 | 000 | 000 | 000 | 000 |
| 152. | പനമുക്ക് | 19776 | 13595 | 12560 | 3724 | 4730 | 6450 |
| 153. | പങ്ങാരപ്പിള്ളി | 3500 | 5500 | 4000 | 1626 | 2013 | 1647 |
| 154. | പാപ്പനഗർ | 000 | 000 | 000 | 000 | 000 | 000 |
| 155. | പരക്കാട് | 1790 | 3555 | 2000 | 478 | 583 | 424 |
| 156. | പാറന്നൂർ | 6168 | 21625 | 30846 | 1700 | 2123 | 2316 |
| 157. | പറപ്പൂർ | 26430 | 47921 | 56342 | 15160 | 15752 | 57280 |
| 158. | പറവട്ടാനി | 29940 | 63960 | 89030 | 5890 | 6479 | 17670 |

| | | | | | | | |
|---|---|---|---|---|---|---|---|
| 159. | പാറേമ്പാടം | 2100 | 15050 | 11480 | 1442 | 1870 | 2040 |
| 160. | പതിയാരം | 6476 | 3920 | 8950 | 1640 | 2321 | 2532 |
| 161. | പാത്രമംഗലം | 000 | 000 | 1200 | 1160 | 1320 | 1080 |
| 162. | പട്ടിക്കാട് | 16297 | 103007 | 25000 | 000 | 000 | 000 |
| 163. | പാവറട്ടി | 41850 | 175335 | 657940 | 20712 | 24090 | 109500 |
| 164. | പഴയങ്ങാടി | 000 | 2000 | 3000 | 1134 | 1683 | 1377 |
| 165. | പഴയന്നൂർ | 8088 | 3630 | 7730 | 2550 | 2530 | 2070 |
| 166. | പഴുന്നാന | 000 | 13170 | 3490 | 520 | 660 | 540 |
| 167. | പഴുവിൽ | 13235 | 56391 | 49850 | 5200 | 5720 | 15570 |
| 168. | പീച്ചി | 15000 | 25000 | 000 | 3100 | 000 | 5170 |
| 169. | പേരകം | 3922 | 6530 | 6505 | 3022 | 3256 | 2664 |
| 170. | പേരാമംഗലം | 8921 | 90000 | 100400 | 6796 | 8613 | 31320 |
| 171. | പെരിഞ്ചേരി | 9390 | 63350 | 64300 | 6944 | 8624 | 19600 |
| 172. | പെരിങ്ങാട് | 000 | 000 | 000 | 000 | 000 | 000 |
| 173. | പെരിങ്ങോട്ടുകര | 4687 | 16070 | 17700 | 1624 | 1980 | 2160 |
| 174. | പെരുവല്ലൂർ | 1530 | 10320 | 23000 | 582 | 748 | 544 |
| 175. | പാലക്കോട് | 000 | 000 | 000 | 000 | 000 | 000 |
| 176. | പൊങ്ങണംകാട് | 20400 | 29100 | 66315 | 7300 | 8316 | 11340 |
| 177. | പൊന്നാനി | 2500 | 21900 | 12425 | 800 | 880 | 720 |
| 178. | പോന്നോർ | 12196 | 64445 | 20550 | 4780 | 5236 | 11900 |
| 179. | പൊന്നൂക്കര | 22330 | 21020 | 39143 | 4890 | 6014 | 6888 |
| 180. | പൂച്ചിന്നിപാടം | 7363 | 25320 | 24320 | 2200 | 2816 | 5120 |
| 181. | പൂമല | 000 | 000 | 000 | 000 | 000 | 000 |
| 182. | പൂത്തറക്കൽ | 2046 | 17400 | 16790 | 222 | 1221 | 888 |
| 183. | പൂത്തോൾ | 000 | 000 | 000 | 000 | 000 | 000 |
| 184. | പൊറത്തൂർ | 000 | 000 | 10000 | 1400 | 1925 | 2625 |
| 185. | പുതുക്കാട് | 29405 | 66045 | 75000 | 13200 | 18150 | 66000 |
| 186. | പുതുക്കാട് നോർത്ത് | 000 | 43500 | 8100 | 2236 | 2706 | 2952 |
| 187. | പുതുശ്ശേരി | 13000 | 38450 | 22867 | 1728 | 2178 | 2376 |
| 188. | പുലക്കാട്ടുകര | 000 | 000 | 4500 | 1360 | 1826 | 1328 |
| 189. | പുല്ലംകണ്ടം | 1018 | 1666 | 2970 | 340 | 550 | 400 |
| 190. | പുല്ലഴി | 2349 | 2700 | 20310 | 2988 | 3652 | 3984 |
| 191. | പുള്ള് | 000 | 000 | 000 | 000 | 000 | 000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 192. | പൂങ്കുന്നം | 13865 | 11812 | 42400 | 3240 | 4048 | 7360 |
| 193. | പുറനാട്ടുകര | 13797 | 68485 | 54860 | 8880 | 10230 | 27900 |
| 194. | പുത്തൻപീടിക | 22560 | 74000 | 73720 | 7140 | 8184 | 29760 |
| 195. | പുത്തൂർ(സെന്റ് തോമാസ്) | 17628 | 20000 | 25088 | 6192 | 8514 | 19350 |
| 196. | പുത്തൂർ | 000 | 000 | 000 | 000 | 000 | 000 |
| 197. | പുതുരുത്തി | 3332 | 17630 | 15890 | 3432 | 42900 | 4680 |
| 198. | ശങ്കരൻചിറ | 000 | 000 | 000 | 000 | 000 | 000 |
| 199. | സരിതപുരം | 3100 | 4130 | 4120 | 852 | 1122 | 918 |
| 200. | സ്നേഹപുരം | 10135 | 33430 | 26140 | 1064 | 2805 | 3060 |
| 201. | തൈക്കാട്ടുശ്ശേരി | 9115 | 6240 | 12390 | 2600 | 3410 | 3720 |
| 202. | തലക്കോട്ടുകര | 000 | 24160 | 26615 | 3560 | 4433 | 6045 |
| 203. | തളിക്കുളം | 000 | 000 | 000 | 630 | 880 | 640 |
| 204. | തലോർ | 8872 | 35130 | 22475 | 11640 | 11858 | 21560 |
| 205. | തണ്ടിലം | 000 | 9660 | 20580 | 000 | 000 | 000 |
| 206. | തങ്ങാലൂർ(നിത്യസഹായമാത) | 5407 | 12795 | 20270 | 1370 | 1540 | 2100 |
| 207. | തങ്ങാലൂർ | 000 | 000 | 2100 | 380 | 517 | 376 |
| 208. | തയ്യൂർ | 000 | 000 | 19200 | 1634 | 2068 | 2820 |
| 209. | തിരൂർ | 000 | 000 | 9900 | 11800 | 16060 | 58400 |
| 210. | തിരുത്തിപറമ്പ് | 2890 | 6350 | 6800 | 2710 | 2849 | 2331 |
| 211. | തിരുവില്വാമല | 4057 | 5824 | 3968 | 1320 | 1727 | 1256 |
| 212. | തോളൂർ | 000 | 000 | 000 | 000 | 000 | 000 |
| 213. | തോന്നൂർകര | 000 | 000 | 000 | 000 | 000 | 000 |
| 214. | തൊറവ് | 3500 | 14000 | 000 | 1624 | 2057 | 1683 |
| 215. | തൊയ്ക്കാവ് | 5990 | 28870 | 20000 | 2200 | 3245 | 3540 |
| 216. | തൃക്കൂർ | 4889 | 7841 | 8000 | 1396 | 2057 | 1683 |
| 217. | തൃപ്രയാർ | 000 | 000 | 20762 | 970 | 1287 | 1404 |
| 218. | തൃശ്ശൂർ ബസിലിക്ക | 109020 | 65390 | 58110 | 4080 | 5610 | 25500 |
| 219. | തൃശ്ശൂർ ലൂർദ്ദ് | 98900 | 195667 | 197049 | 200064 | 20218 | 91900 |
| 220. | തൃശ്ശൂർ സെന്റ് ആൻസ് | 12320 | 51615 | 52120 | 4208 | 5940 | 13500 |
| 221. | ഊരകം | 000 | 000 | 000 | 000 | 000 | 000 |
| 222. | ഊരാക്കോട് | 000 | 000 | 000 | 000 | 000 | 000 |
| 223. | വാടാനപ്പിള്ളി | 4498 | 38900 | 44660 | 1960 | 2442 | 2664 |

| | | | | | | | |
|---|---|---|---|---|---|---|---|
| 224. | വടൂക്കര | 8336 | 46195 | 48773 | 5720 | 5049 | 5508 |
| 225. | വാക | 2820 | 6905 | 8490 | 860 | 1100 | 900 |
| 226. | വലക്കാവ് | 000 | 000 | 000 | 000 | 000 | 000 |
| 227. | വലപ്പാട് | 7500 | 62160 | 40000 | 3740 | 5060 | 5520 |
| 228. | വല്ലച്ചിറ | 4700 | 9672 | 6417 | 3400 | 4675 | 000 |
| 229.. | വാണിയംപാറ | 2907 | 10030 | 10120 | 1200 | 1507 | 1233 |
| 230. | വരടിയം | 000 | 000 | 5000 | 4836 | 5324 | 7260 |
| 231. | വരാക്കര | 12203 | 40175 | 43310 | 3750 | 5115 | 6975 |
| 232. | വരാക്കര സൗത്ത് | 5000 | 17376 | 17352 | 2850 | 437 | 4404 |
| 233. | വരന്തരപ്പിള്ളി ഈസ്റ്റ് | 12350 | 16905 | 10500 | 3880 | 5522 | 4518 |
| 234. | വരന്തരപ്പിള്ളി പള്ളിക്കുന്ന് | 17504 | 96587 | 133876 | 11116 | 14025 | 51000 |
| 235. | വരവൂർ | 000 | 000 | 2615 | 600 | 594 | 486 |
| 236. | വീണ്ടശ്ശേരി | 1991 | 7745 | 6102 | 700 | 792 | 648 |
| 237. | വളപ്പായ | 000 | 000 | 000 | 000 | 000 | 000 |
| 238. | വെള്ളക്കാരിത്തടം | 000 | 000 | 5000 | 1200 | 1386 | 1134 |
| 239. | വെള്ളാനിക്കോട് | 10482 | 28600 | 3500 | 3900 | 3729 | 4068 |
| 240. | വെള്ളറക്കാട് | 13370 | 33120 | 21095 | 1340 | 1870 | 2040 |
| 241. | വെള്ളാറ്റഞ്ഞൂർ | 4860 | 34325 | 13000 | 3300 | 3718 | 6760 |
| 242. | വേലൂപ്പാടം | 000 | 3000 | 25000 | 6342 | 7920 | 21600 |
| 243. | വേലൂർ | 12000 | 30000 | 45003 | 8488 | 10813 | 19660 |
| 244. | വെളുത്തൂർ | 4705 | 17450 | 21607 | 1760 | 2365 | 1935 |
| 245. | വെണ്ടോർ | 8718 | 70167 | 55000 | 12232 | 11770 | 32100 |
| 246. | വെങ്ങിണിശ്ശേരി | 5200 | 25110 | 22745 | 2220 | 2585 | 2820 |
| 247. | വെട്ടുക്കാട് | 52600 | 12410 | 25000 | 4940 | 5731 | 6252 |
| 248. | വിജയപുരം | 11605 | 18441 | 134595 | 7024 | 8580 | 31200 |
| 249. | വില്ലടം | 10245 | 12905 | 5000 | 3312 | 4312 | 3528 |
| 250. | വിയ്യൂർ | 000 | 000 | 30500 | 4100 | 5390 | 9800 |
| 251. | വൈലത്തൂർ | 10000 | 10000 | 5000 | 3000 | 3575 | 4875 |
| 252. | വടക്കാഞ്ചേരി | 6250 | 38500 | 40935 | 10120 | 12221 | 27775 |

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ.ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ

# വൈദികർ



## ജന്മദിനങ്ങൾ – ഒക്ടോബർ

| | |
|---|---|
| ഫാ. അനീഷ് കൂത്തൂർ വെള്ളാട്ടുകര | 02 |
| ഫാ. മനോജ് താണിക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. ജാക്സൻ ചാലക്കൽ | 04 |
| ഫാ. ചെറിയാൻ പാറക്കൽ | 04 |
| ഫാ. അൽജോ കരേക്കാട്ടിൽ | 05 |
| മോൺ. ജോർജ്ജ് കോമ്പാറ | 08 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 11 |
| ഫാ. സോണി കിഴക്കൂടൻ | 12 |
| ഫാ. ജോസ് തത്രത്തിൽ | 12 |
| ഫാ. സനൽ തോമസ് മാളിയേക്കൽ | 14 |
| ഫാ. റോയ് വേളക്കൊമ്പിൽ | 14 |
| ഫാ. റോജോ എലുവത്തിങ്കൽ | 15 |
| ഫാ. സനോജ് അറങ്ങാശ്ശേരി | 18 |
| ഫാ. ലിജോ ചാലിശ്ശേരി | 18 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 20 |
| മോൺ. ജോസഫ് കാക്കശ്ശേരി | 22 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 23 |
| ഫാ. ജോർജ്ജ് തേർമഠം | 23 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 25 |
| ഫാ. ട്വിങ്കിൾ വാഴപ്പിള്ളി | 25 |
| ഫാ. ജോസ് ഐനിക്കൽ | 28 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. തോബിയാസ് ചാലക്കൽ | 02 |
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 03 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 23 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 30 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. വറീത് കടവി | 04-11-1890 |
| ഫാ. ഗീവർഗ്ഗീസ് തെക്കേക്കര | 07-11-1933 |
| ഫാ. ആന്റണി മഞ്ഞളി | 09-11-1895 |
| ഫാ. ജോസഫ് ഇരിമ്പൻ | 09-11-1957 |
| ഫാ. ഔസേപ്പ് കാച്ചപ്പിള്ളി | 09-11-1893 |
| ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് | 10-11-1987 |
| ഫാ. പോൾ അമ്പൂക്കൻ | 11-11-1969 |
| ഫാ. ജോസഫ് ചിറയത്ത് | 12-11-1946 |
| ഫാ. ജോർജ്ജ് പുളിക്കൻ | 14-11-1854 |
| ഫാ. പോൾ ആലപ്പാട്ട് | 14-11-1920 |
| ഫാ. ജോസ് മേനാച്ചേരി | 15-11-1954 |
| ഫാ. ജോൺ കിഴക്കൂടൻ | 15-11-1960 |
| ഫാ. ജേക്കബ് അന്തിക്കാട്ട് | 16-11-1980 |
| ഫാ. സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ | 17-11-1971 |
| ഫാ. ജോൺ ഊക്കൻ | 20-11-1944 |
| ഫാ. ജോസഫ് ചാലിശ്ശേരി | 20-11-1967 |
| ഫാ. ആന്റണി ചെമ്മണ്ണൂർ | 23-11-2000 |
| ഫാ. ആന്റണി പാണേങ്ങാടൻ | 21-11-2008 |
| ഫാ. ജോസഫ് മുണ്ടശ്ശേരി | 04-11-2014 |
| പാ. പീറ്റർ പാലയൂർ | 21-11-2015 |

# സന്യസ്തർ



## സി.ആർ.ഐ. വാർത്തകൾ

**01.09.2017**

**എഫ്.സി.സി.** സെപ്റ്റംബർ 1-ാം തീയതി 2.00 pm മുതൽ 4.00 pm വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന മീറ്റിംഗിൽ എല്ലാ യൂത്ത് മിനിസ്ട്രി അംഗങ്ങളും സംബന്ധിച്ചു.

**സി.എം.സി.** Giftന്റെ ഡയറക്ടറായ ഫാ. ഡെയ്സൺ വെട്ടിയാടൻ വി.സി. തൃശ്ശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് രണ്ട് ദിവസത്തെ മാസ് മീഡിയ കോഴ്സിന് നേതൃത്വം നല്കി. 30 സിസ്റ്റേഴ്സ് ഇതിൽ പങ്കു കൊണ്ടു.

**എസ്.എ.ബി.എസ്.** കേരളത്തിലെ വിവിധ പ്രോവിൻസുകളിൽ നിന്നുള്ള 37 നോവിസസ് ഒരു മാസത്തെ Social Awarness Programme നായി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ എത്തിച്ചേർന്നു.

**02.09.2017**

**സി.എച്ച്.എഫ്.** ഈ വർഷം ഹോളി ഫാമിലി സന്യാസിനി സമൂഹത്തിൽ ആദ്യവ്രതം നടത്തിയ 38 നവകന്യകമാർക്ക് ജനറലേറ്റിൽ ഹൃദ്യമായ സ്വീകരണം നൽകി.

**എഫ്.സി.സി** അസി. സുപ്പീരിയേഴ്സിനായി സെപ്റ്റംബർ 2-ാം തീയതി രാവിലെ 10 മണി മുതൽ 12.30 pm വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന മീറ്റിംഗിൽ എല്ലാ അംഗങ്ങളും സംബന്ധിച്ചു.

**എസ്.എ.ബി.എസ്.** അദിലാബാദ് രൂപതാദ്ധ്യക്ഷൻ മാർ പ്രിൻസ് പാണേങ്ങാടൻ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

**എസ്.എ.ബി.എസ്.** നോവിസസിനുള്ള ഒരു മാസത്തെ Social Awarness Programme ജനറൽ കൗൺസിലർ സി. മേഴ്സിറ്റ കണ്ണമ്പുഴ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. പീസ് ഹോം, ക്രിസ്റ്റീന ഹോം, ചെന്നായ്പാറ എന്നിവിടങ്ങളിൽ ശുശ്രൂഷ ചെയ്യുവാനും ജയിൽ സന്ദർശിക്കുവാനും ഉള്ള അവസരങ്ങളും വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസുകളും അവർക്കായി സംഘടിപ്പിക്കപ്പെട്ടു.

**03.09.2017**

**എസ്.എൻ.ഡി.എസ്.** കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് അഭിവന്ദ്യപിതാക്കന്മാരായ മാർ ജോർജ് ആലഞ്ചേരി ശ്രേഷ്ഠമെത്രാപ്പോലീത്തയുടെയും മാർ ജോസ് പൊരുന്നേടം പിതാവിന്റെയും നേതൃത്വത്തിൽ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലുള്ള സമർപ്പിത സമൂഹങ്ങൾക്കായി നടത്തിയ മീറ്റിംഗിൽ നിർമ്മലദാസി സമൂഹത്തിന്റെ ജനറൽ കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു.

**04.09.2017**

**സി.എം.സി.** കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ബഹു. ഫാ. വർക്കി മുളക്കൽ എം.സി.ബി.എസ് നയിച്ച വാർഷികധ്യാനത്തിൽ വിവിധ മഠങ്ങളിൽനിന്നുമായി എഴുപതോളം സിസ്റ്റേഴ്സ് പങ്കെടുത്തു.

**05.09.2017**

**സി.എസ്.എം.** ജൂനിയർ സിസ്റ്റേഴ്സിന് 2 ദിവസത്തെ Renewal Programme ലൂർദ്ദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. ബ. ഫാ. നൈസൻ ഏലന്താനത്ത്, ബ. ഫാ. ബാസ്ററ്യൻ പുന്നോലിപറമ്പിൽ എന്നിവർ ക്ലാസ്സ് നയിച്ചു.

**സി.എച്ച്.എഫ്.** ഈ വർഷം ഹോളി ഫാമിലി സന്യാസിനി സമൂഹത്തിൽ ആദ്യവ്രതം സ്വീകരിച്ച സിസ്റ്റേഴ്സിന് വേലൂർ ഫാറ്ററിയിൽ മൂന്നു മാസത്തെ കോഴ്സ് ആരംഭിച്ചു.

**എസ്.എ.ബി.എസ്.** സോഷ്യൽ വകുപ്പു കൗൺസിലർ സി. മാർഗരറ്റ് കൊള്ളന്നൂരിന്റെ നേതൃത്വത്തിൽ നിർമ്മല മാതാ സെൻട്രൽ സ്ക്കൂളിൽ വച്ച് വിവാഹ സഹായം, പഠന സഹായം എന്നിവ സ്വീകരിക്കുന്ന കുട്ടികൾക്കായി ഒരു ഏക

ദിന സെമിനാർ നടത്തി. 134 കുട്ടികൾ ഇതിൽ സംബന്ധിച്ചു.

**എസ്.എ.ബി.എസ്.** സാഗർ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി ചിറയത്ത് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

**07.09.2017**

**എസ്.എ.ബി.എസ്.** പരിശുദ്ധ അമ്മയുടെ നാമധാരിയായ മദർ ലിറ്റിൽ മരിയ തെക്കേക്കരയുടെ നാമഹേതുകതിരുന്നാൾ സാഘോഷം കൊണ്ടാടി. O.Carm. സന്യാസ സമൂഹത്തിന്റെ സെന്റ് തോമസ് പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലറും കാർമ്മൽ സദൻ ആശ്രമ സുപ്പീരിയറുമായ റവ. ഫാ. തങ്കച്ചൻ ഞാളിയത്ത് O.Carm. വിശുദ്ധ ബലിയർപ്പിച്ച് വചനസന്ദേശം നൽകി. തിരുമണിക്കൂർ ആരാധനയും സ്നേഹവിരുന്നും കലാപരിപാടികളും ഈ ദിനത്തെ ഹൃദ്യമാക്കി.

## ആദരാഞ്ജലികൾ



**06.09.2017** **സി.എം.സി.** പുതുക്കാട് സെന്റ് ജോൺ ഓഫ് ദ ക്രോസ് മഠാംഗമായ സി. ടൈറ്റസ് നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**18.09.2017** **സി.എം.സി.** ഒല്ലൂർ ഫാറ്റിമ മഠാംഗമായ സി.ദീപ്തി നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



# പാലയൂർ മാർതോമ അതിരൂപത തീർത്ഥകേന്ദ്രം

**1. വിശ്വാസകവാടം ദണ്ഡവിമോചനം സ്ഥാപനത്തിരുന്നാളും മാർതോമാ ആഗമന തിരുന്നാളും – 2017 നവംബർ 19 ഞായർ**

പേപ്പൽ ഡിക്രി വഴി ഭാരതത്തിന്റെ വിശ്വാസകവാടം എന്ന പദവി പാലയൂർ പള്ളിക്ക് ലഭിക്കുകയും ദണ്ഡവിമോചനത്തോടുകൂടിയ മാർതോമാ വിശ്വാസകവാടം പാലയൂർ പള്ളിയിൽ സ്ഥാപിക്കപ്പെടുകയും ചെയ്തതിന്റെ ഒന്നാം വാർഷികം 2017 നവംബർ 19 നാണ്. മാർതോമാശ്ലീഹാ മുസ്സിരിസ്സിൽ കപ്പലിറങ്ങി, അവിടെ നിന്ന് ജലമാർഗ്ഗംതന്നെ പാലയൂരിലെ വഞ്ചിക്കടവിൽ (ബോട്ടുകുളം) വന്നിറങ്ങി, പാലയൂരിൽ ആഗതനായതിന്റെ 1965–ാം വാർഷികാവസരംകൂടിയാണിത്. പാലയൂരിൽ വിശ്വാസകവാടം ദണ്ഡവിമോചനം സ്ഥാപനത്തിരുന്നാളും മാർതോമാശ്ലീഹായുടെ ആഗമനത്തിരുന്നാളും 2017 നവംബർ 19 ഞായറാഴ്ച ഭക്തിനിർഭരമായി ആഘോഷിക്കുകയാണ്. മാർതോമാശ്ലീഹായുടെ വിശ്വാസപഥത്തിലൂടെ അനുപദം മുന്നേറി, പുന:സ്നാനം സ്വീകരിച്ച്, വിശ്വാസം പ്രഘോഷിച്ച് ജീവിക്കാനും, വിശ്വാസകവാടത്തിലൂടെ പ്രവേശിച്ച് പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാനും, മാർതോമാശ്ലീഹായുടെ തിരുശേഷിപ്പ് തൊട്ടുവണങ്ങി മദ്ധ്യസ്ഥം നേടാനും, വചനമണ്ഡപത്തിൽ വചനം വായിച്ച് വചനവായനാറെജിസ്റ്ററിൽ പേരെഴുതിച്ച് മാർതോമാശ്ലീഹായുടെ അനുഗ്രഹങ്ങൾ ഏറ്റുവാങ്ങാനും, ഏവരേയും ക്ഷണിക്കുന്നു. തിരുകർമ്മ തീർത്ഥപഥം താഴെ:

**തിരുകർമ്മങ്ങൾ : 19.11.2017** ഞായർ : 6.30 am:

- തിരുശേഷിപ്പ് പ്രതിഷ്ഠിക്കൽ:
- മാർതോമാശ്ലീഹാ വന്നിറങ്ങിയ വഞ്ചിക്കടവിൽ (ബോട്ടുകുളം കപ്പേളയിൽ) തിരുശേഷിപ്പ് പ്രതിഷ്ഠിക്കുന്നു – *മാർതോമാശ്ലീഹാ പാലയൂരിൽ വന്നിറങ്ങിയതിന്റെ പ്രതീകാത്മകമായി.*
- കൊടിയേറ്റം – *മാർതോമാശ്ലീഹാ പ്രേഷിതപ്രവർത്തനത്തിന് പാലയൂരിൽ തുടക്കം കുറിച്ചു*
- തിരുന്നാൾ ലദീഞ്ഞ്
- പ്രദക്ഷിണം: *ബോട്ടുകുളം കപ്പേളയിൽ നിന്ന് തീർത്ഥകേന്ദ്രം പള്ളിയിലേക്ക് തിരുശേഷിപ്പു വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം – മാർതോമാശ്ലീഹായുടെ പാലയൂരിലെ ആദ്യപഥസഞ്ചലനം അനുസ്മരിക്കുന്നു*

♦ മാർതോമാകുരിശിങ്കൽ തിരി തെളിയിക്കൽ: *മാർതോമാശ്ലീഹാ പാലയൂരിൽ ആദ്യമായി ഇവിടെ കുരിശ് സ്ഥാപിച്ചു*

♦ വചന മണ്ഡപത്തിൽ വചനം വായിക്കുന്നു, *പേരെഴുതുന്നു. മാർതോമാശ്ലീഹായുടെ പാലയൂരിലെ ആദ്യത്തെ വചനപ്രഘോഷണം അനുസ്മരിക്കുന്നു*

♦ തളിയക്കുളത്തിലെ ജലം ആശീർവദിച്ചത് ജനങ്ങളുടെ മേൽ തളിക്കുന്നു. *തളിയക്കുളത്തിൽ മാർതോമാശ്ലീഹായിൽനിന്ന് ആദ്യമായി പൂർവ്വികർ മാമോദീസ സ്വീകരിച്ചത് അനുസ്മരിക്കുന്നു.*

♦ വിശ്വാസകവാടത്തിങ്കൽ ദണ്ഡവിമോചനനവീകരണ ശുശ്രൂഷ, *മാമോദീസ സ്വീകരിച്ചവർ വിമലീകരിക്കപ്പെട്ട് ദൈവരാജ്യപ്രവേശനത്തിന് യോഗ്യരാകുന്നു*

♦ ദണ്ഡവിമോചനം പ്രാപിക്കാനായി, *ഏവരും മാർപ്പാപ്പയുടെ നിയോഗാർത്ഥം പ്രാർത്ഥിച്ച് വിശ്വാസകവാടത്തിലൂടെ ദേവാലയത്തിലേക്ക് പ്രവേശിക്കുന്നു.*

♦ ബലിപീഠത്തിൽ തിരുശേഷിപ്പു പ്രതിഷ്ഠിക്കുന്നു. *മാർതോമാശ്ലീഹാ അത്ഭുതം പ്രവർത്തിച്ച്, തളിയക്കുളത്തിൽ മാമോദീസ നൽകി ആരാധനാസമൂഹത്തിന് രൂപം കൊടുത്ത്, പള്ളി സ്ഥാപിച്ച്, ഇവിടെ ആരാധന നടത്തി. തുടർന്ന്,*

♦ ആഘോഷമായ **പൊന്തിഫിക്കൽ തിരുന്നാൾ കുർബ്ബാന**, പ്രബോധന സന്ദേശം –നൊവേന, തിരുശേഷിപ്പു വണക്കം. *തിരുകർമ്മങ്ങൾക്ക്*

♦ മുഖ്യകാർമ്മികൻ – **മാർ റാഫേൽ തട്ടിൽ,** *നിയുക്ത ഷംഷാബാദ്* രൂപതാമെത്രാൻ (അപ്പസ്തോലിക് വിസിറ്റേറ്ററും സഹായമെത്രാനും)

♦ *തുടർന്ന്* – നേർച്ച ഭക്ഷണം; *നേർച്ച ഭക്ഷണശേഷം*

♦ വിശ്വാസതീർത്ഥാടനം: *മാർതോമാശ്ലീഹായെ പരാമർശിക്കുന്ന ബൈബിൾ ഭാഗങ്ങൾ ധ്യാനിച്ച്, തളിയക്കുളത്തിലെത്തി, ചിന്നമല സ്മാരകത്തിൽ എത്തുന്നു. ചിന്നമലയിൽ വെച്ച് കുത്തേറ്റ മാർതോമാശ്ലീഹാ മുറിവുകൾ ഒരു കൈകൊണ്ട് പൊത്തിപിടിച്ച് ഗുഹയിലൂടെ വളരെ വിഷമിച്ച് പെരിയ മലയിലെത്തി, അവിടെ വെച്ചാണ് തന്റെ ഗുരുവിന്റെ സവിധത്തിലേക്ക് നാടു നീങ്ങിയത്.*

- ചിന്നമല സ്മാരകത്തിലെ ഗുഹയിലൂടെ ഏവരും പെരിയമലയിലെത്തി, മാർതോമാശ്ലീഹായുടെ തിരുസ്വരൂപം കണ്ട് വണങ്ങി, നേർച്ച കാഴ്ചകളർപ്പിച്ച്, തളിയക്കുളത്തിൽ ആചാരക്കുളി (Ritual Bath – കയ്യും മുഖവും കഴുകി ) – വിശ്വാസത്തിൽ നീരാടി, ജീവന്റെ വഴിയിലൂടെ മുന്നോട്ട്.
- **10.30 am: വിശുദ്ധകുർബ്ബാന**, തിരുകർമ്മങ്ങൾ, പ്രബോധനപ്രഭാഷണം, നൊവേന, തിരുശേഷിപ്പുവണക്കം, നേർച്ചഭക്ഷണം. *(മറ്റു ഇടവകക്കാർക്കാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്)*
- **3.30 pm & 5.30 pm : വിശുദ്ധ കുർബ്ബാന**, തിരുകർമ്മങ്ങൾ, പ്രബോധനപ്രഭാഷണം, നൊവേന, തിരുശേഷിപ്പുവണക്കം, നേർച്ച.

- വിശുദ്ധ കുർബ്ബാനയുടെ സമയത്തൊഴികെ, മറ്റെല്ലായ്പ്പോഴും, യോഗ്യതാ പൂർവ്വം വിശ്വാസകവാടത്തിലൂടെ പ്രവേശിച്ച്, പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാൻ സാധിക്കുന്നതാണ്, രാത്രിവരെ.
- വചനം വായിച്ച് വചനവായനാ റെജിസ്റ്ററിൽ പേരെഴുതിച്ച്, ശ്ലീഹായുടെ മാദ്ധ്യസ്ഥം പ്രാപിക്കാൻ, കുർബ്ബാന സമയത്തൊഴികെ, സാധിക്കുന്നതാണ്. ഭാരതത്തിൽ ആദ്യമായി മാർതോമാശ്ലീഹാ ദൈവവചനം പ്രഘോഷിച്ച വചന മണ്ഡപത്തിൽ, മാർതോമാശ്ലീഹായുടെ മാദ്ധ്യസ്ഥം യാചിച്ച്, വചനം വായിച്ച് (കുട്ടികളാണെങ്കിൽ വചനം ഏറ്റുപറയുക) വിശുദ്ധൻ വഴി ദൈവാനുഗ്രഹം പ്രാപിക്കുക. സ്വർക്ഷത്തിലും പേരെഴുതപ്പെടട്ടെ.
- ബൈബിൾ സ്റ്റാന്റിൽ നിന്ന് അവരവർക്ക് താൽപര്യമുള്ള ഭാഷയിലുള്ള ബൈബിൾ എടുത്ത് വായിക്കാവുന്നതാണ്. (എല്ലാ ദിവസങ്ങളിലും ഇതിന് സൗകര്യമുണ്ട്)
- വചനവായനയ്ക്ക് മുൻകൂറായി റെജിസ്റ്റർ ചെയ്യുന്നവർക്ക്, അവർക്ക് നല്കപ്പെട്ട സമയത്ത്, വചനം വായിക്കാൻ സാധിക്കുന്നതാണ്
- ദണ്ഡവിമോചനം പ്രാപിക്കുന്നതിന് സഹായകമായി, മുപ്പിട്ടു ഞായറാഴ്ചകളിലേതുപോലെ, അന്നും 2.30 മുതൽ കുമ്പസാര സൗകര്യം ഉണ്ടായിരിക്കുന്നതാണ്
- കുട്ടികൾക്ക് ആദ്യത്തെ ചോറൂണിന്, മുപ്പിട്ടു ഞായറാഴ്ചയിലേതുപോലെ, അന്നും സൗകര്യമുണ്ടായിരിക്കും, മുൻകൂറായി റെജിസ്റ്റർ ചെയ്തിരിക്കണം
- സമർപ്പണം (അടിമയിരുത്തൽ) നടത്തുന്നതിനും സൗകര്യം ഉണ്ടായിരിക്കുന്നതാണ്
- അന്ന് വൈകീട്ട് 6 മണിക്ക് മാർതോമാ ചരിത്രമ്യൂസിയവും, 7.00 മണിക്ക് തളിയക്കുളവും ചിന്നമലസ്മാരകവും ബോട്ടുകുളവും 8.30ന് വിശ്വാസകവാടവും വചനമണ്ഡപവും അടയ്ക്കുന്നതാണ്.

**2. നവംബർ 21 – മാർതോമാ ചൊവ്വാഴ്ച ആചരണം**

എല്ലാ ചൊവ്വാഴ്ചകളിലുമെന്നതുപോലെ, നവംബർ 21നും മാർതോമാ ചൊവ്വാഴ്ച ആചരണം ഉണ്ടായിരിക്കും

6:30 am: & 5.30 pm : വിശുദ്ധ കുർബ്ബാന, പ്രദക്ഷിണം, തളിയക്കുളത്തിൽ ലദീഞ്ഞ്, നൊവേന, തിരുശേഷിപ്പു വണക്കം, സമർപ്പണം, നേർച്ച

10:00 am - 3.30 pm: മാർതോമാ നൊവേന, വചനപ്രഘോഷണം, സാക്ഷ്യങ്ങൾ, വിശുദ്ധ കുർബ്ബാന, നേർച്ച ഭക്ഷണം, സ്തുതിപ്പ്, ആരാധന, പരിശുദ്ധ കുർബ്ബാനയുടെ ആശീർവ്വാദം, നൊവേന, തലയിൽ കൈവെച്ച് ആശീർവാദം, തിരുശേഷിപ്പു വണക്കം. Ph. 04872556418, 2556978.

**3. 12–11–2017: മുപ്പിട്ടു ഞായർ തിരുന്നാൾ.**

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
റെക്ടർ/വികാരി

# മതബോധനകേന്ദ്രം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റം പ്രിയ കുട്ടികളേ,

ആരാധനക്രമവത്സരത്തിലെ അവസാന കാലഘട്ടമായ പള്ളിക്കൂദാശകാലത്തിലാണല്ലോ നാം. സകല വിശുദ്ധരുടെ തിരുനാൾ (നവംബർ 1), സകല മരിച്ചവരുടെയും ഓർമ്മതിരുനാൾ (നവംബർ 2), ക്രിസ്തുവിന്റെ രാജത്വതിരുനാൾ (നവംബർ 20) എന്നിവയെല്ലാം ഈ കാലഘട്ടത്തിലെ പ്രത്യേകതകളാണല്ലോ. മനുഷ്യന്റെ ജീവതലക്ഷ്യത്തെ കുറിച്ചാണ് പള്ളിക്കൂദാശകാലത്തിൽ പ്രധാനമായും ധ്യാനിക്കുന്നത്.

യോഹന്നാന്റെ സുവിശേഷത്തിലെ 14-ാം അധ്യായം 1 മുതലുള്ള വാക്യങ്ങളിൽ യേശു തന്റെ ഇഹലോകജീവിതവാസം കഴിഞ്ഞ് മനുഷ്യരക്ഷ സാധ്യമാക്കി പിതാവിന്റെ ഭവനത്തിലേക്ക് തിരിച്ചു പോകുന്ന കാര്യം തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരോട് സൂചിപ്പിക്കുന്ന വിവരണമുണ്ട്. മനുഷ്യനെ രക്ഷിക്കുന്നത് തന്റെ പീഡാനുഭവത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണെന്ന് മൂന്ന് പ്രാവശ്യം അവരോട് മുൻകൂട്ടി പ്രവചിച്ചു. ഇത് കേട്ടയുടനെ ശിഷ്യന്മാർ അസ്വസ്ഥരായി. തങ്ങളുടെ ഗുരു തങ്ങളെ പിരിഞ്ഞു പോകുന്നു; അതും വലിയ കുറ്റവാളിയെപ്പോലെ കുരിശുമരണത്തിലൂടെ. താൻ മനുഷ്യനെ രക്ഷിക്കുന്നത് തന്റെതന്നെ ജീവൻ നൽകിയാണെന്നും (യോഹ. 10) അടിമകളെ മോചിപ്പിക്കുന്നതുപോലെ മോചനദ്രവ്യമായി മാറിയിട്ടാണെന്നും (മത്താ. 20:28) ലോകത്തിന്റെ പാപ

ങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണെന്നും (യോഹ. 1:29) യേശു അവരോട് പറഞ്ഞത് അവർക്ക് വ്യക്തമായി മനസ്സിലായിട്ടുണ്ടായിരുന്നില്ല. പേടിച്ചുപോയ ശിഷ്യന്മാരോട് യേശു പറഞ്ഞു: നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ (യോഹ. 14:1). താൻ മനുഷ്യവർഗ്ഗത്തിന് രക്ഷയേകി പിതാവിന്റെ ഭവനത്തിൽ സ്ഥലമൊരുക്കാൻ പോകുകയാണെന്നും പിതാവിന്റെ ഭവനത്തിൽ യേശുവിനോടു കൂടെ ശിഷ്യരും എല്ലാ മനുഷ്യരും ആയിരിക്കുമെന്നും പറഞ്ഞു. അതും അവർക്ക് മനസ്സിലായില്ല (യോഹ. 14:2). പിതാവിന്റെ ഭവനത്തിലേക്ക് കൂട്ടികൊണ്ടു പോകാൻ താൻ വീണ്ടും വരുമെന്നും യേശു പറഞ്ഞു (യോഹ. 14:3). താൻ പഠിപ്പിച്ച എല്ലാ കാര്യങ്ങളും പിതാവിന്റെ ഭവനത്തിലേക്കുള്ള മാർഗ്ഗമാണെന്നും പറഞ്ഞു (യോഹ. 14:4) കൃത്യമായി മനസ്സിലാകാതെ വന്ന ശിഷ്യന്മാരിൽ തോമാശ്ലീഹാ തന്റെ ആത്മാർത്ഥത കൊണ്ട് ഉള്ളുതുറന്നു ചോദിച്ചു: കർത്താവേ, നീ എവിടേക്കു പോകുന്നു എന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങളെങ്ങനെ അറിയും (യോഹ. 14:5). അപ്പോഴാണ് യേശു ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട (ഉത്. 1:26) എല്ലാ മനുഷ്യരുടെയും ജീവിതലക്ഷ്യം പിതാവിന്റെ ഭവനത്തിൽ - സ്വർഗ്ഗത്തിൽ ദൈവത്തിന്റെ കൂടെ നിത്യമായി - എത്തിച്ചേരുകയാണ് എന്ന് പഠിപ്പിച്ചത് (യോഹ. 14:6). ഈ ജീവനിലേക്കുള്ള സത്യമായ വഴി യേശുതന്നെയാണെന്ന് അസന്നിഗ്ദമായി പഠിപ്പിച്ചു.

സകലവിശുദ്ധരും പിതാവിന്റെ ഭവനത്തിൽ ലക്ഷ്യം ചേർന്ന് എത്തിയവരാണ്. അവരെ വണങ്ങികൊണ്ടാണ് നാം നവംബർ മാസം ആരംഭിക്കുന്നത്. പരിശുദ്ധരായിട്ടുള്ളവരല്ലാതെ ആർക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ സാധ്യമല്ല. ശുദ്ധീകരണസ്ഥലമുണ്ട്. സ്വർഗ്ഗത്തിന് അർഹരെങ്കിലും മരിക്കുന്ന സമയത്ത് പൂർണ്ണമായ പരിശുദ്ധി ഇല്ലെങ്കിൽ അത്തരം ആത്മാക്കളെ പൂർണ്ണമായി ശുദ്ധീകരിക്കുന്ന അവസ്ഥയാണിതെന്ന് സഭ പഠിപ്പിക്കുന്നു. ഒരു വ്യക്തി മരിച്ചതിന് ശേഷം സ്വയമേവ മാനസാന്തരപ്പെടാൻ സാധ്യമല്ല. എന്നാൽ ജീവിച്ചിരിക്കുന്നവരായ നമ്മുടെ പ്രാർത്ഥനകളും പരിഹാരപ്രവൃത്തികളും പരോപകാരപ്രവർത്തികളും അവരുടെ ശുദ്ധീകരണത്തിന് സഹായകമാകും. അതുകൊണ്ടാണ് മരിച്ച വിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതും നവംബർ 2 മരിച്ചവരുടെ ഓർമ്മയായി ആചരിക്കുന്നതും.

യേശു പറഞ്ഞു: എന്റെ രാജ്യം ഐഹികമല്ല (യോഹ. 18:36). ക്രിസ്തുവിന്റെ രാജത്വതിരുനാളിന്റെ അർത്ഥം ഇതാണ്. ഈ ഭൂമിയിൽ വച്ചുതന്നെ നാം യേശുവിനെ നമ്മുടെ ദൈവവും നാഥനും രക്ഷകനും രാജാവുമായി സ്വീകരിക്കണം. ക്രിസ്തുരാജത്വ തിരുനാൾ ദിവസം ജയ് ജയ് ക്രിസ്തുരാജൻ എന്നാർപ്പു വിളികളോടെ ക്രിസ്തുരാജനിലുള്ള നിങ്ങളുടെ വിശ്വാസം റാലികളിലൂടെയും മതബോധന ദിനാചരണങ്ങളിലൂടെയും പ്രകടിപ്പിക്കുമെന്ന് വിശ്വസിക്കുന്നു.

നവംബർ 18ന് അഭിഷിക്തനാകുന്ന പുതിയ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിനു വേണ്ടിയും പുതുതായി രൂപംകൊണ്ട ഷംഷാബാദ് രൂപതയ്ക്കുവേണ്ടിയും രൂപതയുടെ പ്രഥമഇടയനായ നമ്മുടെ പ്രിയപ്പെട്ട മാർ റാഫേൽ തട്ടിൽ പിതാവിനുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കുമല്ലോ. എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.

ചോദ്യങ്ങൾ :

1. മനുഷ്യജീവിത ലക്ഷ്യം എന്താണെന്നാണ് ബൈബിൾ പറയുന്നത്?
2. ജീവിതലക്ഷ്യം നേടാനുള്ള മാർഗ്ഗമെന്താണ്?
3. ക്രിസ്തിവിന്റെ രാജത്വതിരുനാൾ ആഘോഷിക്കുന്നതിന്റെ അർത്ഥം?

നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

**1. വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ മംഗളങ്ങൾ**

മതാധ്യാപകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായുടെ തിരുനാളിന്റെ മംഗളങ്ങളും പ്രാർത്ഥനകളും എല്ലാ മതാധ്യാപകർക്കും സ്നേഹപൂർവ്വം നേരുന്നു.

ഈ തിരുനാൾ നവംബർ 5-ാം തിയ്യതി സമുചിതമായി യൂണിറ്റുകളിൽ ആചരിക്കുമല്ലോ. മാതാപിതാക്കളിലും കുട്ടികളിലും മതാധ്യാപനത്തിന്റെ മഹത്വവും മധ്യസ്ഥന്റെ മാതൃകയും മനസ്സിലാക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്താം.

**2. Std. VII പ്രതിഭാ പരിശീലന ക്യാമ്പ്**

7-ാം ക്ലാസ്സിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രതി ഭാപരിശീലനക്യാമ്പ് നവംബർ 12-ന് കാലത്ത് 9.30 മുതൽ ഉച്ചതിരിഞ്ഞ് 4.30 വരെ മതബോധനകേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്.

**3. മിശിഹായുടെ രാജത്വത്തിരുനാൾ – നവംബർ 26 ഞായർ**

പതാക ഉയർത്തി എല്ലാ യൂണിറ്റുകളിലും ആഘോഷമായ ദിവ്യബലി യോടും ക്രിസ്തുരാജ റാലിയോടും കൂടി ഈ തിരുനാൾ സമുചിതമായി ആഘോഷിക്കുന്നത് യേശു രാജാധിരാജനാണ് എന്നത് കുട്ടികളുടെ മനസ്സിൽ ആഴമായി പതിയുന്നതിന് സഹായകമായിരിക്കും.

**4. റോളിംഗ് ട്രോഫി**

മോഡൽ യൂണിറ്റുകൾക്കുള്ള റോളിംഗ് ട്രോഫികൾ തിരിച്ചേൽപ്പിക്കേണ്ട അവസാന തിയ്യതി നവംബർ 30 ആണെന്ന് ഓർമ്മിപ്പിക്കുന്നു.

**5. മതബോധന അർദ്ധവാർഷിക പരീക്ഷ**

ഈ അധ്യയനവർഷത്തെ അർദ്ധവാർഷിക പരീക്ഷ അവസാനിച്ചുവല്ലോ. മാതാപിതാക്കൾക്ക് പ്രോഗ്രസ്സ് റിപ്പോർട്ട് കൊടുക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമായെടുക്കണം. വാർഷിക പ്രോഗ്രാമിൽ പറഞ്ഞ കാര്യങ്ങൾ കൃത്യമായിതന്നെ ചെയ്യുവാൻ ഹെഡ്മാസ്റ്റർ, സെക്രട്ടറി, ക്ലാസ്സ് ടീച്ചർ എന്നിവർ സഹകരിച്ച് പ്രവർത്തിക്കുക. (വാർഷികപ്രോഗ്രാം പേജ് 42-43 കാണുക)

**6. മതാധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പഠനവും പരീക്ഷയും**

അതിരൂപതയിലെ എല്ലാ മതാധ്യാപകരും ആപ്റ്റിറ്റ്യൂഡ് പഠനത്തിൽ പങ്കെടുക്കുകയും പരീക്ഷയിൽ വിജയിക്കുകയും ചെയ്യേണ്ടതാണ്. (വാർഷിക പ്രോഗ്രാം പേജ് 63-64 കാണുക)

**ആപ്റ്റിറ്റ്യൂഡ് : യൂണിറ്റുതല പരീക്ഷ**

A) യൂണിറ്റുതല പരീക്ഷ: 2017 ഡിസംബർ 3 ഞായർ, 3 PM – 4.30 PM. (നിശ്ചയിച്ചിരിക്കുന്ന ഈ സമയത്തുതന്നെ പരീക്ഷ നിർബന്ധമായും നടത്തേണ്ടതാണ്.)

B) ഈ പഠനത്തിന് നിശ്ചയിച്ചിട്ടുള്ള പുസ്തകം ഓരോ അധ്യാപകനും സ്വന്തമായി ഉണ്ടായിരിക്കേണ്ടതാണ്. പുസ്തകം ഇനിയും ലഭിക്കാത്ത അധ്യാപകർക്ക് മതബോധനകേന്ദ്രത്തിൽ നിന്നും വാങ്ങിക്കാവുന്നതാണ്.

C) യൂണിറ്റു തലത്തിൽ പരീക്ഷ നടത്തുന്നതിനു ആവശ്യമായ ചോദ്യപേപ്പർ നവംബർ 27 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും കൊണ്ടുപോകാവുന്നതാണ്.

D) മൂല്യനിർണ്ണയത്തിന് ഉത്തരസൂചിക മതബോധനകേന്ദ്രത്തിന്റെ ബ്ലോഗിൽ നിന്നും ലഭിക്കുന്നതാണ്.

E) യൂണിറ്റുതല പരീക്ഷയ്ക്കുശേഷം എല്ലാ അധ്യാപകരുടേയും മാർക്കുകൾ സോഫ്റ്റ് വെയർ വഴി അപ്ലോഡ് ചെയ്യേണ്ടതാണ്.

F) **ആപ്റ്റിറ്റ്യൂഡ് : പുനഃപരീക്ഷ**
യൂണിറ്റുതലത്തിൽ പരീക്ഷ എഴുതാത്തവർക്ക് 2017 ഡിസംബർ 17 ഞായറാഴ്ച പുനഃപരീക്ഷ മതബോധനകേന്ദ്രത്തിൽ വച്ച് നടത്തുന്നതായിരിക്കും. സമയം: 3 PM – 4.30 PM.

G) **ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷ:**
തിയതിയും സമയവും :2017 ഡിസംബർ 17 ഞായർ, 2.30 PM – 4.30 PM സ്ഥലം : മതബോധനകേന്ദ്രം

**അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാവുന്നവർ**

1) ഓരോ യൂണിറ്റിൽനിന്നും ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തി (ഒരാൾമാത്രം)

2) യൂണിറ്റിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തിക്കുപുറമേ, 88 ശത

മാനമോ അതിനുമുകളിലോ മാർക്കുള്ളവരുണ്ടെങ്കിൽ അവർക്കും പങ്കെടുക്കാം. ഇക്കാര്യം സാക്ഷ്യപ്പെടുത്തി ബഹു.വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററുടെയോ കത്ത് പരീക്ഷയ്ക്കു വരുമ്പോൾ ഇവർ കൊണ്ടുവരണം. ഈ കത്തുമായി 2 മണിക്ക് മതബോധന കേന്ദ്രത്തിൽ എത്തണം. അവർക്കുള്ള ഹാൾ ടിക്കറ്റ് അപ്പോൾ നല്കുന്നതായിരിക്കും.

**അതിരൂപതാതല പരീക്ഷയ്ക്കുള്ള അധികപാഠ്യഭാഗം** (Additional Portion):

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിലെ **'ദൈവാരാധന(ലിറ്റർജി)യെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ'** *(Sacrosanctum Concilium). POC Edition*.. **അതിരൂപതാതല പരീക്ഷയ്ക്കു വരുന്ന അധ്യാപകരോട് ഈ ഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കുമെന്ന് പ്രത്യേകം പറയണം.**

**7. താഴെപ്പറയുന്ന വിവരങ്ങൾ പുതിയ സോഫ്റ്റ് വെയറിൽ കൃത്യമാക്കി എന്ന് ഉറപ്പുവരുത്തുക**

1. Std. XII & ACC Students Registration
2. Staff list
3. Half Yearly Examination Mark List of all classes

**8. മതബോധനകേന്ദ്രത്തിൽ ലഭിക്കേണ്ട ഫോം**

ACC University Resgistration Form (Individual)

ഡിസംബർ ആദ്യവാരത്തിൽ തന്നെ XII, ACC കുട്ടികൾക്ക് രജിസ്റ്റർ നമ്പർ നൽകേണ്ടതുള്ളതിനാൽ നവംബർ മാസത്തിൽ തന്നെ എല്ലാ കുട്ടികളുടെയും രജിസ്ട്രേഷൻ പൂർത്തീകരിച്ചു എന്ന് ഹെഡ്മാസ്റ്റർ ഉറപ്പുവരുത്തേണ്ടതാണ്. രജിസ്ട്രേഷൻ നടത്തേണ്ടത് സോഫ്റ്റ് വെയറിലാണ്. അതിന് കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ സോഫ്റ്റ് വെയറിൽ പൂർണ്ണമായും കൃത്യമാക്കേണ്ടതാണ്. രജിസ്ട്രേഷൻ ചെയ്യുന്നതിന് സഹായകമായ നിർദേശങ്ങൾ മതബോധനത്തിന്റെ ബ്ലോഗിൽനിന്നും ലഭിക്കുന്നതാണ്. നിങ്ങളുടെ അശ്രദ്ധ കുട്ടികളുടെ ഭാവിയെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**
Asst. Directors

**Fr. Raphael Akkamattathil**
Director

# INSTITUTE OF THEOLOGY
## TRICHUR

### B. A. in Theology and Religious Studies:

ബൽജിയത്തെ ലുവൻ കാത്തലിക് യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ ഉള്ള ഈ കോഴ്സ് International levelൽ ഉയർന്നുനില്ക്കുന്നു. ഡിഗ്രിയോ അതിനു സമാനമായ മറ്റു കോഴ്സുകളോ ചെയ്തവർക്ക് ഈ കോഴ്സിൽ ചേരാവുന്നതാണ്. പ്രായപരിധിയില്ല. ഇംഗ്ലീഷ് പരിജ്ഞാനം അനിവാര്യമാണ്. ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ദൈവശാസ്ത്രത്തിൻെറ ഈ കോഴ്സിലെ Certificate ഉപരിപഠനത്തിന് വളരെ ഉപകാരപ്രദമാണ്. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് Institute of Theology Office -മായി ബന്ധപ്പെടാവുന്നതാണ്. ഈ കോഴ്സിൽ പുതുതായി ചേർന്നവർക്ക് Theology Instituteന്റെ അഭിനന്ദനങ്ങൾ.

### Correspondence Theology Course:

കറസ്പോണ്ടൻസ് തിയോളജി കോഴ്സിന്റെ 2016-2017 Batch കാർക്ക് വാർഷിക പരീക്ഷകൾ നടന്നു. യുണിവേഴ്സിറ്റി പരീക്ഷകൾ അടുത്ത നവംബർ-ഡിസംബർ മാസത്തിൽ ആയിരിക്കും.

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ നവംബർ 12, 26 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.

### Basic Theology Course :

സന്യാസാർത്ഥിനികൾക്കുള്ള മൂന്നുമാസത്തെ ബേസിക് തിയോളജി കോഴ്സ് 2018 ജനുവരി 8-ന് (തിങ്കൾ) ആരംഭിക്കുന്നു.ഡിസംബർ 15നു മുമ്പായി Registration നടത്തുമല്ലോ. വിശദവിവരങ്ങൾക്ക് ഡി. ബി. സി. എൽ. സി.യിലെ തിയോളജി ഓഫീസുമായി ബന്ധപ്പെടുക.

ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

**1. പരീക്ഷകൾ**

ഈ അദ്ധ്യയനവർഷത്തെ ആദ്യ സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ 13 മുതൽ 29 ഉൾപ്പടെയുള്ള ദിവസങ്ങളിലായിരുന്നു. ബഹു. ഡീക്കന്മാരുടെ Comprehensive Examinations സെപ്റ്റംബർ 13 (Written), സെപ്റ്റംബർ 22 (Viva) എന്നീ ദിവസങ്ങളിൽ നടന്നു.

**2. മിഷൻ എക്സ്പോഷർ**

ബഹു. ഡീക്കന്മാർ മിഷൻ ചൈതന്യം സ്വായത്തമാക്കാൻ സെപ്റ്റംബർ 23-ാം തിയ്യതി ഉജ്ജെയ്നിലേക്ക് യാത്ര തിരിച്ചു. മൂന്നാഴ്ചക്കാലം 'മിസ്സിയോളജി' പഠിച്ചും മിഷൻ പ്രദേശങ്ങളിലെ ശുശ്രൂഷകളിൽ പങ്കുകൊണ്ടും അവർ അവിടെ ചെലവഴിച്ചു. ബഹു. ഡേവിസ് കാവുങ്കലച്ചന്റെ നേതൃത്വത്തിലുള്ള MST അച്ചന്മാരാണ് ഇക്കാര്യത്തിനായി വൈദികവിദ്യാർത്ഥികളെ സഹായിച്ചത്.

**3. മാസധ്യാനം**

ആദ്യസെമസ്റ്ററിലെ അവസാനത്തെ മാസധ്യാനം സെപ്റ്റംബർ 29, 30 എന്നീ തിയ്യതികളിലായി നടന്നു. എറണാകുളം-അങ്കമാലി അതിരൂപതാംഗമായ ബഹു. ഫാ. പോൾ കരേടൻ (വികാരി, സെന്റ് തോമസ് ഫൊറോന പള്ളി, പറവൂർ) ധ്യാനചിന്തകൾ പങ്കുവച്ചു. എക്സ്പോഷർ പ്രോഗ്രാമിനുള്ള ആത്മീയമായ നല്ല ഒരുക്കമായിരുന്നു ഇത്തവണത്തെ മാസധ്യാനം.

**4. എക്സ്പോഷർ പ്രോഗ്രാം**

അദ്ധ്വാനത്തിന്റെ മഹത്വം മനസ്സിലാക്കാനും അദ്ധ്വാനിക്കുന്നതിന്റെ ക്ലേശങ്ങൾ നേരിട്ടറിഞ്ഞനുഭവിക്കാനും സഹായിക്കുന്ന എക്സ്പോഷർ പ്രോഗ്രാം ഒക്ടോബർ 1 ന് ആരംഭിച്ച് 7 ന് പരിസമാപിച്ചു. തൃശ്ശൂർ, എറണാകുളം, പാലക്കാട് ജില്ലകളിലെ വിവിധസ്ഥലങ്ങളിൽ ഗ്രൂപ്പുകളായി വൈദികവിദ്യാർത്ഥികൾ ജോലികൾ ചെയ്തു. തങ്ങളുടെ അദ്ധ്വാനത്തിലൂടെ സമാഹരിച്ച തുക ഉപയോഗപ്പെടുത്തി ഏതാനും പേരെയെങ്കിലും സഹായിക്കാൻ കഴിയുന്നതിന്റെ ചാരിതാർത്ഥ്യത്തിലാണ് വൈദികവിദ്യാർത്ഥികൾ.

**5. വൈദികരുടെ വാർഷിക ധ്യാനം**

തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനം (രണ്ടാം ബാച്ച്) ഒക്ടോബർ 1 മുതൽ 6 വരെയുള്ള ദിവസങ്ങളിൽ സെമിനാരിയിൽ വച്ച് നടന്നു. നൂറ്റിയമ്പതിലധികം വൈദികർ സംബന്ധിച്ച ധ്യാനം നയിച്ചത് കാഞ്ഞിരപ്പിള്ളി രൂപതയുടെ സഹായമെത്രാൻ മാർ ജോസഫ് പുളിക്കൽ പിതാവായിരുന്നു.

## ബേഴ്സ് സ്ഥാപിച്ചവർ

### Individual Patron Membership

1. ശ്രീ. ജെന്നിസ് ജോസഫ്, പാലിയേക്കര ഹൗസ്, ഒല്ലൂർ.

### Individual Benefactor Membership

1. റവ. ഫാ. ചെറിയാൻ പാറക്കൽ, തൃശ്ശൂർ അതിരൂപത.
2. ശ്രീ. എ. വി. ഫ്രാൻസിസ്, ആളൂർ ഹൗസ്, ചെവ്വൂർ.
3. ശ്രീ ജോസ് എം. എ., & ശ്രീമതി ടെസ്സി ജോസ്, മേലേത്ത് ഹൗസ്, ലാലൂർ, തൃശ്ശൂർ.
4. ശ്രീ. ഫ്രാൻസിസ് എം. പി., & ശ്രീമതി റോസിലി ഫ്രാൻസിസ്, മുരിങ്ങാത്തേരി ഹൗസ്, മുണ്ടൂർ.

### Institutional Wellwisher Membership

1. ഷ്റൈൻ ബസിലിക്ക ഓഫ് ഔർ ലേഡി ഓഫ് ഡോളേഴ്സ്, തൃശ്ശൂർ.

### Individual Wellwisher Membership

1. ശ്രീമതി ഷീല തോമസ്, പുത്തൂർ ഹൗസ്, ചെവ്വൂർ.

വൈദികവിദ്യാർത്ഥികൾക്കായി പ്രാർത്ഥിക്കുകയും ദൈവിക കാര്യങ്ങൾക്കായി തങ്ങൾക്ക് ദൈവം നൽകിയിട്ടുള്ളവയിൽ നിന്ന് സൗമനസ്യത്തോടെ സമർപ്പിക്കുകയും ചെയ്യുന്ന എല്ലാവരെയും ഈശോനാഥൻ ആശീർവ്വദിച്ചനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൻ കൂനംപ്ലാക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**റീജൻസി ബ്രദേഴ്സ് പുതിയ ശുശ്രൂഷാ രംഗങ്ങളിലേക്ക് :**

നിയോഗിക്കപ്പെട്ടിരുന്ന സ്ഥലങ്ങളിൽ 6 മാസത്തെ ശുശ്രൂഷകൾ പൂർത്തിയാക്കി സെപ്തംബർ 30 മുതൽ പുതിയ ചുമതലകൾ ഏറ്റെടുത്ത് റീജൻസിക്കാർ തങ്ങളുടെ ശുശ്രൂഷകൾ തുടരുന്നു. 2018 മാർച്ച് 30നാണ് ഈ ബാച്ചിന്റെ റീജൻസി അവസാനിക്കുന്നത്.

**അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശനം**

സെപ്തംബർ 27, ഒക്ടോബർ 5 എന്നീ തീയതികളിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും സെപ്തംബർ 30ന് മാർ ടോണി നീലങ്കാവിൽ പിതാവും മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു.

**മാസധ്യാനം**

ഡിഗ്രി പഠനത്തിലായിരിക്കുന്ന വിദ്യാർത്ഥികൾക്കും മൈനർ സെമിനാരിക്കാർക്കും മാസധ്യാനം ഒക്ടോബർ 13, 14 തീയതികളിൽ നടന്നു. ഡിഗ്രി വിദ്യാർത്ഥികൾക്ക് ബഹു. ജെയ്സൻ വട്ടനിരപ്പേൽ അച്ചനും മൈനർ സെമിനാരിക്കാർക്ക് ബഹു. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അച്ചനും ധ്യാനവിചിന്തനങ്ങൾ നൽകി.

**ജപമാല മാസാചരണം**

ജപമാല മാസാചരണത്തോടനുബന്ധിച്ചുള്ള പത്തു ദിവസത്തെ പരി. കുർബാനയോടുകൂടിയുള്ള ജപമാല സമർപ്പണം ഒക്ടോബർ 22 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ നടത്തി.

**ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ**

ഈ വർഷവും 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായി ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ സംഘടിപ്പിക്കുന്നു. നവംബർ 25ന് 8-ാം ക്ലാസ്സിലെയും ഡിസംബർ 2ന് 9-ാം ക്ലാസ്സിലെയും ആൺകുട്ടികൾക്കായിരിക്കും സെമിനാർ നടത്തുക. രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 4 മണി വരെയാണ് സമയം. താത്പര്യമുള്ള കുട്ടികളെ സെമിനാറിൽ പങ്കെടുപ്പിക്കുവാൻ ബഹു. അച്ചന്മാരും മതാധ്യാപകരും ശ്രദ്ധിക്കുമല്ലോ.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

## ഡിമെൻഷ്യാ അവബോധ ക്ലാസ് നടത്തി

ലോക അൽഷിമേഴ്സ് ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഡിമെൻഷ്യക്കും അതിനോടനുബന്ധിച്ച പ്രശ്നങ്ങൾക്കും എടുക്കേ ിവിധ മുൻകരുതലുകളെക്കുറിച്ചുള്ള അവബോധ ക്ലാസ് നടന്നു. മെഡിസിൻ, ന്യൂറോളജി, സൈക്യാട്രി, ജീറിയാട്രിക്സ് ഹോം കെയർ എന്നീ വിഭാഗങ്ങൾ ഒന്നിച്ചാണ് ക്ലാസുകൾക്ക് നേതൃത്വം നൽകിയത്. തദവസരത്തിൽ പ്രമുഖ ഡോക്ടർമാരായ ഡോ. പി. സി. ഗിൽവാസ്. ഡോ. ഫിജു ചാക്കോ, ഡോ. ജെയിംസ് ടി. ആന്റണി, ഡോ. സ്റ്റീവ് പോൾ എന്നിവരുടെ അനുഭവജ്ഞാനം പങ്കുവെയ്ക്കുകയു ായി.

## ജൂബിലിയിൽ ലോകഹൃദയദിനം ആചരിച്ചു

ലോക ഹൃദയദിനം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നു. 2018 ഹൃദയദിനത്തിന് മുമ്പായി ജൂബിലിയിൽ വരുന്ന പാവപ്പെട്ട രോഗികൾക്ക് (പെട്ടെന്ന് ശസ്ത്രക്രിയ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ) 50 ബൈപാസ് ശസ്ത്രക്രിയകളും, 50 ആൻജിയോപ്ലാസ്റ്റിയും സൗജന്യമായി ചെയ്തുകൊടുക്കുന്നതാണ് എന്ന് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അറിയിച്ചു. പൊതുജന ബോധവത്കരണത്തിനായി നിലയ്ക്കാത്ത സ്പന്ദനത്തിന് നീളുന്ന കാലടികൾ - എന്ന സന്ദേശവുമായി 'ജൂബിലി ഹാർട്ട് വാക്ക് 2017' നടത്തി. എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ തെരുവ് നാടകവും 'ഹാർട്ട് ഡാൻസും' ഉ ായിരുന്നു. ഓട്ടോ ഡ്രൈവർമാർക്ക് സൗജന്യ ഹൃദ്രോഗനിർണ്ണയക്യാമ്പും, യുവജനങ്ങൾക്ക് ബോധവത്കരണ ക്ലാസ്സും നടത്തി. വയോജനങ്ങൾക്കും വനംവകുപ്പിലെ ജീവനക്കാർക്കും സൗജന്യ ഹൃദ്രോഗനിർണ്ണയക്യാമ്പ് നടത്തി. പൊതുജനങ്ങൾക്കായി സൗജന്യ രക്തസമ്മർദ്ദ നിർണ്ണയ ക്യാമ്പും

ഉ ായിരുന്നു. പരിപാടികളുടെ ഉദ്ഘാടനം ഫുട്ബോൾതാരവും, ഇന്ത്യ റിസർവ്വ് ബറ്റാലിയൻ ഡെപ്യൂട്ടി കമാന്റുമായ ശ്രീ. സി. വി. പാപ്പച്ചൻ നിർവ്വഹിച്ചു. ചടങ്ങിൽ ഡോ. ഗോവിന്ദനുണ്ണി സ്വാഗതവും, ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷതയും വഹിച്ചു.

**പ്രായം ഒരു സംഖ്യ മാത്രമാണ്**

പ്രായം ഒരു സംഖ്യ മാത്രമാണ്. വാർദ്ധക്യത്തിൽ പലപ്പോഴും അസുഖങ്ങളാൽ വലയ്ക്കപ്പെടുകയും, ജീവിതത്തിന്റെ എല്ലാ ഉത്സുകപ്രവർത്തികളിൽ നിന്നും സാധാരണയായി ഏവരും പിൻവലിയുകയും ചെയ്യാറു ്. എന്നാൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ പ്രായം മനസ്സിൽ മാത്രമാണെന്ന് തെളിയിച്ചുകൊ ് ലോക വയോധിക ദിനമായ ഒക്ടോബർ ഒന്നിനോട് അനുബന്ധിച്ച് സീനിയർ സ്റ്റാഫുകളേയും, വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി ഒരു ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. ജൂബിലിയിലെ മെഡിക്കൽ വിദ്യാർത്ഥികളുടെ ഡാൻസ് ക്ലബ്ബായ ക്രോണോസ് ആണ് ഫ്ളാഷ് മോബിന്റെ കൊറിയോഗ്രാഫി നിർവ്വഹിച്ചത്.

**ലോകകാഴ്ചദിനം ആചരിച്ചു**

നേത്രദാന സന്ദേശവുമായി ലോക കാഴ്ച്ചദിനത്തിൽ തൃശ്ശൂരിൽ 'ബ്ലൈൻഡ് വാക്ക്' സംഘടിപ്പിച്ചു. മുപ്പത് അന്ധർ നയിക്കുന്ന 'അന്ധയാത്ര'യിൽ കണ്ണുകെട്ടി പൗരപ്രമുഖരും വിദ്യാർത്ഥികളും അണിചേർന്നു. തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയും, ബാംഗളൂരുവിലെ പ്രോജക്ട് വിഷനും, റോട്ടറി ക്ലബ്ബ് തൃശ്ശൂർ സിറ്റിയും ചേർന്നാണ് അത്യപൂർവ്വമായ കണ്ണുകെട്ടിയുള്ള നടത്തം ഒരുക്കുന്നത്. കാഴ്ച്ചയുടേയും നേത്രദാനത്തിന്റേയും പ്രാധാന്യം സമൂഹത്തെ ബോധ്യപ്പെടുത്താനാണ് ഈ പരിപാടി. സെന്റ് മേരീസ് കോളേജിൽ നിന്നാരംഭിച്ച യാത്ര മൂന്നരയോടെ സെന്റ് തോമസ് കോളേജിൽ സമാപിച്ചു. ജനപ്രതിനിധികളും ഉദ്യോഗസ്ഥ പ്രമുഖരും ഡോക്ടർമാരും കണ്ണുകെട്ടിയുള്ള നടത്തത്തിൽ പങ്കാളികളായി.

സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ നേത്രദാന പ്രതിജ്ഞ ചൊല്ലികൊടുത്തു. ഇതോടനുബന്ധിച്ച് പാവപ്പെട്ട നൂറ് രോഗികൾക്ക് സൗജന്യ നേത്ര ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാ സഹായ പദ്ധതി ജൂബിലി മിഷൻ ആശുപത്രിയിൽ നടപ്പാക്കി. അന്ധതാ നിവാരണത്തിന് കോൾ ടു ആക്ഷൻ- എന്നതാണ് ഈ വർഷത്തെ മുദ്രാവാക്യം.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- പെരിന്തൽമണ്ണയിൽ വെച്ച് നട ഓൾ കേരള ന്യൂറോ സയൻസ് മീറ്റിൽ ഡോ. മേരി ആൻ പേപ്പർ അവതരണത്തിൽ രണ്ടാം സ്ഥാനം നേടി.

- മാർച്ച് 2017ൽ KUHS നടത്തിയ മൂന്നാംവർഷ എം. ബി. ബി. എസ്. പാർട്ട് II പരീക്ഷയിൽ ചാന്ദ്നി പി. ആർ മൂന്നാം റാങ്ക് നേടി.

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**കൺമണിക്കൊരു കരുതൽ സംഭാവന നൽകിയവർ**

- ഐശ്വര്യ ലക്ഷ്മി, കടുക്കംകുന്ന്, പാലക്കാട്

**ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**

- ജോർജ്ജ് വർഗ്ഗീസ്, വെള്ളാപ്പിള്ളിൽ ഹൗസ്, എൽത്തുരുത്ത്, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ലീജിയൻ ഓഫ് മേരി, ലൂർദ്ദ് മെട്രോപൊളിറ്റൻ, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് മേരീസ് ചർച്ച്, വടക്കുമുറി, തൃശ്ശൂർ (43 ഡയാലിസിസ്)
- പാസ്റ്ററൽ കൗൺസിൽ, ആർച്ച്ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ (105 ഡയാലിസിസ്)
- ശ്രീ. അലക്സ് സണ്ണി, ചുങ്കത്ത് ഹൗസ്, കണ്ടശ്ശാംകടവ്, തൃശ്ശൂർ (20 ഡയാലിസിസ്)
- കെ. സി. വൈ. എം. യാക്കര യൂണിറ്റ്, പാലക്കാട് (20 ഡയാലിസിസ്)
- ഡിപ്പാർട്ടുമെന്റ് ഓഫ് ഫാർമസി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (80 ഡയാലിസിസ്)
- ശ്രീ. വിവിൻ വിൻസെന്റ്, അവിണിശ്ശേരി, ഒല്ലൂർ പി. ഒ., തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീമതി വിനീത ലാസർ, അവിണിശ്ശേരി, ഒല്ലൂർ പി. ഒ., തൃശ്ശൂർ (30 ഡയാലിസിസ്)
- സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, സെന്റ് മേരീസ് കോൺവെന്റ്, നിത്യസഹായമാത ചർച്ച്, തെങ്ങാലൂർ, തൃശ്ശൂർ (50 ഡയാലിസിസ്)
- കുടുംബകൂട്ടായ്മ കേന്ദ്രസമിതി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കുന്ദംകുളം, തൃശ്ശൂർ (50 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

ഡയറക്ടർ

**THRISSUR EDUCATIONAL TRUST**

**&**

**Jyothi Engineering College**

- **എൻ.എസ്.എസ്. സപ്തദിനക്യാമ്പ്** : ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റുകളുടെ സപ്തദിനക്യാമ്പ് ആഗസ്ററ് 31 മുതൽ സെപ്തംബർ 6 വരെ ചെറുതുരുത്തി ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ, പൈങ്കുളം ഗവൺമെന്റ് യു.പി. സ്ക്കൂൾ എന്നിവിടങ്ങളിൽ നടന്നു. ക്യാമ്പിനോടനുബന്ധിച്ച് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പൈങ്കുളം ഗവൺമെന്റ് യു.പി. സ്ക്കൂളിന്റെ ചുറ്റുമതിൽ വൃത്തിയാക്കുകയും ആകർഷകമായ ചിത്രങ്ങൾ വരച്ചുചേർത്ത് മോടി കൂട്ടുകയും ചെയ്തു. കൂടാതെ, സ്ക്കൂൾ ശുചീകരണപ്രവർത്തനങ്ങൾ, നക്ഷത്രവനം, നോട്ടീസ് ബോർഡുകൾ, കുടിവെള്ളസംഭരണി നവീകരണം, ഗ്രോബാഗിൽ പച്ചക്കറിത്തോട്ടം തുടങ്ങി മറ്റനേകം പ്രവർത്തനങ്ങളും നടത്തി.

- **എഞ്ചിനീയറിംഗ് ദിനാഘോഷം :** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ എഞ്ചിനീയേഴ്സ് ദിനാഘോഷത്തിന്റെ ഉദ്ഘാടനം സെപ്തംബർ 15ന്, ഡോ. ജഗദാനന്ദ് (എൻ.ഐ.ടി, കോഴിക്കോട്) നിർവ്വഹിച്ചു. കൃത്യത പാലിക്കുന്നവരായിരിക്കണം ഓരോ എഞ്ചിനീയർമാരെന്നും അദ്ദേഹം സദസ്സിനെ ഉദ്ബോധിപ്പിച്ചു. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അസി. മാനേജർ ഫാ. ജോജു ചിരിയങ്കത്ത്, പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു, പ്രൊഫ. രത്നൻ പി., നിഷ പി.വി. എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

- **ജ്യോതിയിൽ പരിസ്ഥിതിസംരക്ഷണ സെമിനാർ :** സെപ്തംബർ 23ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വിപുലമായ പരിപാടികളോടെ പരിസ്ഥിതി സംരക്ഷണ സെമിനാർ നടത്തി. പ്രസ്തുത പരിപാടിയോടനുബ

ഡിച്ച് "ഒരു ക്ലാസ്സ് ഒരു മരം" എന്ന ആശയം നടപ്പിലാക്കിക്കൊ് നാച്ചുറ ക്ലബ്ബിന്റെ പ്രവർത്തനോദ്ഘാടനം കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ച റൽ എഞ്ചിനീയറിംഗ് & ടെക്നോളജിയിലെ ജലസ്രോതസ്സ് സംരക്ഷണ വിഭാഗം പ്രൊഫസർ ഡോ. അബ്ദുൾ ഹക്കിം നിർവ്വഹിച്ചു. ശാസ്ത്രീയ മായ രീതിയിൽ ജലം എങ്ങനെ ഉപയോഗിക്കാം എന്ന വിഷയത്തെ ആസ്പ ദമാക്കി വളരെ വിശദവും പ്രയോജനപ്രദവുമായ പ്രഭാഷണം മുഖ്യാതിഥി യായ ഡോ. അബ്ദുൾ ഹക്കിം നടത്തി.

- **കേംബ്രിഡ്ജ് സർവ്വകലാശാല അവാർഡ്** : ഒരു നൂറ്റാിലേറെ പഴക്ക മുള്ള കേംബ്രിഡ്ജ് സർവ്വകലാശാല, സൗത്ത് ഏഷ്യയിലെ ഉന്നത വിദ്യാ ഭ്യാസ രംഗത്തെ ഏറ്റവും നല്ല ബിസിനസ്സ് ഇംഗ്ലീഷ് പരിശീലനകേന്ദ്രത്തിന് ഏർപ്പെടുത്തിയ 'ബെസ്റ്റ് ഇന്നോവേറ്റർ അവാർഡ്' ജ്യോതി എഞ്ചിനീയറിംഗ് കോളേജിന് നല്കി ആദരിച്ചു. കേരളത്തിൽ നിന്ന് ഈ അവാർഡിന് അർഹ മായ ഏക കോളേജാണ് ജ്യോതി എഞ്ചിനീയറിംഗ് കോളേജ്. ചെന്നൈ യിൽ വച്ച് നടന്ന അവാർഡ് ദാന ചടങ്ങിൽ, ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്ക മ്മീഷണർ ഭരത് ജോഷിയിൽ നിന്നും ജ്യോതി എഞ്ചിനീയറിംഗ് കോളേജി നുവേി അസി. മാനേജർ ഫാ. റോയ് ജോസഫ് വടക്കനും, പ്രൊഫ. ഡോ. ഉഷ മേനോനും അവാർഡ് സ്വീകരിച്ചു. ര് വർഷമായി ജ്യോതിയിൽ നട ത്തപ്പെടുന്ന ക്രേംബ്രിഡ്ജ് സർവ്വകലാശാലയുടെ ബിസിനസ്സ് ഇംഗ്ലീഷ് സർട്ടി ഫിക്കറ്റ് കോഴ്സിലൂടെ പരിശീലനം സിദ്ധിച്ച 1000ത്തിലധികം കുട്ടികൾക്ക് തൊഴിൽ സാധ്യതയ്ക്ക് ഈ കോഴ്സ് സഹായകമായി. ആധുനിക കാല ഘട്ടത്തിലെ കുട്ടികൾക്ക് കൂടുതൽ ജോലി സാധ്യത ഉറപ്പുവരുത്തുന്നതാണ് കേംബ്രിഡ്ജ് ഇംഗ്ലീഷ് കോഴ്സുകളെന്ന് ഫാ. റോയ് ജോസഫ് വടക്കൻ അഭിപ്രായപ്പെട്ടു. കൂടുതൽ കുട്ടികൾക്ക് ഈ കോഴ്സിന്റെ ലഭ്യത ഉറപ്പുവ രുത്തുന്നതിന് തൃശൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് വിപുലമായ രീതിയിൽ ഒരു പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ജ്യോതി എഞ്ചിനീയറിംഗ് കോളേജ് തുടക്കം കുറിച്ചിട്ടു്.
- **ജ്യോതി- യൂണിവേഴ്സിറ്റി റാങ്കുകൾ** : കാലിക്കറ്റ് യൂണിവേഴ്സിറ്റി, ബി. ടെക്. 2015 വർഷ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ ജ്യോതി എഞ്ചിനീയ റിംഗ് കോളേജിന്, ആറു ബ്രാഞ്ചുകളിലായി 13 വിദ്യാർത്ഥികൾ റാങ്കുകൾക്ക് അർഹരായി. കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗിൽ സൂര്യ എം., ഇൻഫോർമേഷൻ ടെക്നോളജിയിൽ മരിയ ഫ്ളവർ എന്നിവർ ഒന്നാം റാങ്കും, അപ്ലൈഡ് ഇലക്ട്രോണിക്സിൽ ഷംസിയ ടി.ഐ., ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സിൽ റോസ്മി വർഗ്ഗീസ്, ഇൻഫോർമേഷൻ ടെക്നോ ളജിയിൽ മിഥ്യ എം എന്നിവർ മൂന്നാം റാങ്കും, ഇലക്ട്രിക്കൽ & ഇലക്ട്രോ

ണിക്സിൽ സ്മിയ ജോൺസൺ പുത്തിരി അഞ്ചാം റാങ്കും കരസ്ഥമാക്കി. കൂടാതെ സൂര്യ എസ്., സെബാസ്റ്റ്യൻ ജോസഫ്, അനുഗ്രഹ പോൾ, ഗ്രീഷ്മ പി.വൈ, അലക്സ് ജോൺസൻ, ഹരീഷ് സി., ഫാരിസ് കെ.എ. എന്നിവർ വിവിധ റാങ്കുകളും കരസ്ഥമാക്കി.

- **ലോകപാർപ്പിടദിനാഘോഷവും സിവിൽ എഞ്ചിനീയറിംഗ് അസോസിയേഷൻ ഉദ്ഘാടനവും :** ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ, ലോകപാർപ്പിടദിനാഘോഷവും സിവിൽ എഞ്ചിനീയേഴ്സ് അസോസ്സിയേഷൻ (സി.ഇ.എ.) പ്രവർത്തനോദ്ഘാടനവും ഒക്ടോബർ 6, ശനിയാഴ്ച സംഘടിപ്പിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രമുഖ ആർക്കിടെക്ട് ശ്രീ. എൽ. ഗോപകുമാർ (ഡയറക്ടർ & സീനിയർ ആർക്കിടെക്ട്, ആർക്കിടെക്ട്സ് ഗ്രൂപ്പ്) ഉദ്ഘാടനം നിർവ്വഹിച്ചു. സിവിൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി പ്രൊഫ. എസ്. രതീഷ് സ്വാഗതമാശംസിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു മുഖ്യപ്രഭാഷണം നടത്തി. പഠനത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് സമ്മാനദാനം നടത്തി.
- **പ്രധാനമന്ത്രി കൗശൽ വികാസ് യോജന – സർട്ടിഫിക്കറ്റ് വിതരണം :** ഒക്ടോബർ 6ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ പ്രധാനമന്ത്രി കൗശൽ വികാസ് യോജനയുടെ ഒന്നാംഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടന്നു. കോളേജിലെ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 25 യുവാക്കൾക്കാണ് അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ കോഴ്സ് സംഘടിപ്പിച്ചത്. ഗ്രാമങ്ങളിലെ തൊഴിൽരഹിതരായ യുവാക്കൾക്ക് വിദഗ്ദ പരിശീലനം നൽകി അവരെ തൊഴിൽ കത്തെുന്നതിനായി പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച പദ്ധതിയാണ് പ്രധാനമന്ത്രി കൗശൽ വികാസ് യോജന. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അസിസ്റ്റന്റ് മാനേജർ ഫാ. ജോജു ചിരിയങ്കത്ത്, പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു, ഡോ. ജാറിൻ, ശ്രീതുമോൾ തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു.

അസി. മാനേജേഴ്സ്

**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ

# മഹാജൂബിലി ട്രെയ്നിംഗ് കോളേജ്

**ആയുർബധാനിയ സന്ദർശിച്ചു:** മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ നിന്നും സെപ്തംബർ 15-ാം തിയ്യതി അത്താണി ആയുർബധാനിയ ചികിത്സാകേന്ദ്രത്തിലേയ്ക്ക് പഠനയാത്ര സംഘടിപ്പിച്ചു. ആയുർവേദ ചികിത്സയുടെയും, ജൈവകൃഷിയുടെയും മഹത്വം വിദ്യാർത്ഥികളിൽ എത്തിക്കാൻ ആ പഠന യാത്ര സഹായിച്ചു.

**കൾച്ചറൽ പ്രോഗ്രാം ആരംഭിച്ചു:** മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ ആഗസ്റ്റ് 2017-19ലെ സാംസ്ക്കാരിക പരിപാടിയ്ക്ക് തുടക്കം കുറിച്ചു. വിദ്യാർത്ഥികളിലെ കലാവാസനയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഈ പരിപാടിയ്ക്ക് ടാഗോർ ഗ്രൂപ്പാണ് നേതൃത്വം നൽകിയത്.

**ജിഗ്സോ പഠനരീതി ആരംഭിച്ചു:** മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലെ ബി.എഡ് ഒന്നാം വർഷ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ജിഗ്സോ രീതിയിൽ പഠനമാരംഭിച്ചു. സെപ്തംബർ 25-ാം തിയ്യതി ഫാദർ ചാക്കോ ചിറമ്മലിന്റെ മാർഗ്ഗ നിർദ്ദേശത്തിലായിരുന്നു ആരംഭം.

**നങ്ങ്യാർകൂത്ത് അവതരിപ്പിച്ചു:** മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ സെപ്തംബർ 25-ാം തിയ്യതി ഉച്ചയ്ക്ക് 3 മണിയ്ക്ക് നങ്ങ്യാർകൂത്ത് അവതരിപ്പിച്ചു. കലാമണ്ഡലത്തിലെ അദ്ധ്യാപിക രശ്മിയുടെ നേതൃത്വത്തിൽ കലാമണ്ഡലത്തിലെ വിദ്യാർത്ഥികൾ മഹാഭാഗവതത്തിൽ നിന്നും പൂതനമോക്ഷം എന്ന കഥയെ ആസ്പദമാക്കി നങ്ങ്യാർകൂത്ത് അവതരിപ്പിച്ചു.

**കലാമണ്ഡലം സന്ദർശിച്ചു:** മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ നിന്ന് പഠന യാത്രയുടെ ഭാഗമായി സെപ്തംബർ 27-ാം തിയ്യതി കലാമണ്ഡലം സന്ദർശിച്ചു. വിദ്യാർത്ഥികളിൽ കേരളീയ കലാരൂപങ്ങളെ കുറിച്ചുള്ള ഒരു അവബോധം രൂപീകരിക്കാൻ ഈ പഠനയാത്ര വളരെയധികം സഹായിച്ചു.

**ടീച്ചേഴ്സ് ഡേ ആഘോഷിച്ചു:** മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ ഒക്ടോബർ 5-ാം തിയ്യതി ലോക ടീച്ചേഴ്സ് ഡേ ആഘോഷിച്ചു. പ്രസ്തുത ചടങ്ങിൽ അദ്ധ്യാപകരെ വിദ്യാർത്ഥികൾ ആദരിച്ചു.

**റവ.ഡോ.ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

**ഫാ.ബാബു അപ്പാടൻ**
അസി.മാനേജർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

**സൗജന്യ ജാം പരിശീലനം – ഉദ്ഘാടനം**

സെന്റ് തോമസ് കോളേജിൽ നടക്കുന്ന വിവിധ ദേശീയ സ്ഥാപനങ്ങളിലേക്കുള്ള എം.എസ്.സി.യുടെ എൻട്രൻസ് ടെസ്റ്റായ ജാം (ജോയിന്റ് അഡ്മിഷൻ ടെസ്റ്റ് ഫോർ എം.എസ്.സി.) എൻട്രൻസിന്റെ സൗജന്യ പരിശീലനത്തിന്റെ ഉദ്ഘാടനം കോളേജ് മാനേജർ മാർ റാഫേൽ തട്ടിൽ നിർവഹിച്ചു. ഫിസിക്സ്-കെമിസ്ട്രി ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ ടോപിക് (ടീച്ചേഴ്സ് ഓഫ് ഫിസിക്സ് ഇൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി) ന്റെയും എസ്സിസിടി (സൊസൈറ്റി ഓഫ് കോളേജ് കെമിസ്ട്രി ടീച്ചേഴ്സ്) ന്റെയും സഹകരണത്തോടെയാണ് എൻട്രൻസ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികൾ പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

**സെന്റ് തോമസ് കോളേജിൽ ടൂറോ ഫെസ്റ്റ്**

തൃശൂർ: സെന്റ് തോമസ് കോളേജ് കൊമേഴ്സ് വിഭാഗത്തിന്റെ ടൂറോഫെസ്റ്റ് ആഘോഷങ്ങൾ മെഡ്ലിക്കോട്ട് ഹാളിൽ നടന്നു. മേയർ അജിത ജയരാജൻ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. അദ്ധ്യക്ഷനായിരുന്നു. കോമേഴ്സ് വിഭാഗം മേധാവി ഡോ. തോമസ് പോൾ കാട്ടൂകാരൻ, മുൻ മേധാവി പ്രഫ. മാത്യു കൂള, കോളേജ് ബർസാർ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ഫെസ്റ്റ് കോഡിനേറ്റർ പ്രഫ. സൗമ്യരാജൻ എന്നിവർ പ്രസംഗിച്ചു.

ടെക്നിക്കൽ സെഷനിൽ ജില്ലാ ടൂറിസം പ്രമോഷൻ സെക്രട്ടറി പി. മഹാദേവൻ സെമിനാർ അവതരിപ്പിച്ചു. ടൂറോ ഫെസ്റ്റിനോടനുബന്ധിച്ച് വിദ്യാർത്ഥികൾ സമാഹരിച്ച മൂന്നുലക്ഷം രൂപയുടെ ചെക്ക് കൊമേഴ്സ് വിഭാഗത്തിലെ ഒരു സഹപാഠിക്കു വീടുവച്ചു നൽകുന്നതിനായി കൈമാറി. കലാപരിപാടികൾ ചലച്ചിത്ര നടൻ നന്ദകിഷോർ ഉദ്ഘാടനം ചെയ്തു. ഡോ. പി.ഒ. ജോർജ് എൻഡോവ്മെന്റ് ഗാനാലാപന മത്സരത്തിൽ എ.ആർ. ആശിഷ് മികച്ച ഗായകനായും ശ്രുതി എം.നായർ മികച്ച ഗായികയായും തെരഞ്ഞെടുക്കപ്പെട്ടു.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ആചരിക്കാൻ (2017 നവംബർ)**

| | | | |
|---|---|---|---|
| നവംബർ 1 | ബുധൻ | – | സകല വിശുദ്ധരുടേയും തിരുനാൾ<br>കേരളപ്പിറവി ദിനം |
| നവംബർ 2 | വ്യാഴം | – | സകല മരിച്ചവരുടേയും തിരുനാൾ |
| നവംബർ 3 | വെള്ളി | – | ആദ്യവെള്ളി, വി.കുർബാന |
| നവംബർ 7 | ചൊവ്വ | – | സി. വി. രാമൻദിനം, ദേശീയ ശാസ്ത്രദിനം |
| നവംബർ 14 | ചൊവ്വ | – | ശിശുദിനം, നെഹറു ജന്മദിനം |
| നവംബർ 19 | ഞായർ | – | പൗരദിനം |
| നവംബർ 24 | വെള്ളി | – | എൻ. സി. സി. ദിനം |
| നവംബർ 30 | വ്യാഴം | – | വി. അന്ത്രയോസ് തിരുനാൾ |

**2. ശിശുദിനം**

നവംബർ 14 ശിശുദിനമാണ്. എല്ലാ വിദ്യാലയങ്ങളിലും ഈദിനം സമുചിതമായി ആഘോഷിക്കുമല്ലോ. എല്ലാ കുഞ്ഞുമക്കൾക്കും ശിശുദിനാശംസകൾ.

**3. വേദോപദേശ-സന്മാർഗ്ഗ ക്ലാസ്സുകൾ**

വിദ്യാലയങ്ങളിൽ വേദോപദേശ-സന്മാർക്ഷ ക്ലാസ്സുകൾ കൃത്യമായും കാര്യക്ഷമമായും നടത്തേണ്ടതാണ്. ഇതിൽ വീഴ്ചകൾ പററാതിരിക്കാൻ പ്രിൻസിപ്പാൾമാരും ഹെഡ്മാസ്ററർമാരും പ്രത്യേകം ശ്രദ്ധിക്കണം.

**4. സ്കോളർഷിപ്പ് പരീക്ഷാതീയതികൾ (Std. IV & Std. VII)**

സ്കോളർഷിപ്പ് പരീക്ഷകൾ 9-12-2017, 16-12-2017 എന്നീ 2 ശനിയാഴ്ചകളിൽ ആയിരിക്കും നടത്തുക. ഇവിടെനിന്നും നൽകിയിരിക്കുന്ന നിർദേശങ്ങൾ കൃത്യമായി പാലിക്കുക.

| | | | | |
|---|---|---|---|---|
| 9-12-2017 | L.P. | മലയാളം<br>10.00 a.m.–11.00 a.m. | ഇംഗ്ളീഷ്<br>11.30 a.m.–12.30 p.m. | - |
| | U.P. | ഹിന്ദി<br>10.00 a.m.–11.00 a.m. | മലയാളം/ഉർദു/സംസ്കൃതം<br>11.30 a.m.–12.30 p.m. | ഇംഗ്ളീഷ്<br>1.30 p.m.–2.30 p.m. |
| 16-12-2017 | L.P. | പരിസ്ഥിതിപഠനം<br>10.00 a.m.–11.00 a.m. | കണക്ക്<br>11.30 a.m.–12.45 p.m. | - |
| | U.P. | സാമൂഹ്യം<br>10.00 a.m.–11.00 a.m. | സയൻസ്<br>11.30 a.m.–12.30 p.m. | കണക്ക്<br>1.30 p.m.–2.45 p.m. |

**ഫാ. ആന്റണി ചെമ്പകശ്ശേരി** (കോർപ്പറേറ്റ് മാനേജർ)

**വാർഷികപൊതുയോഗം നടത്തി.**

തൃശൂർ അതിരൂപതയുടെ സാന്ത്വനത്തിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാന്ത്വനം, സോഷ്യൽ ആക്ഷൻ, സോഷ്യൽ വെൽഫെയർ സെന്റർ, സോഷ്യൽ സെന്റർ ഹൗസിങ്ങ്, സേവ് എ ഫാമിലി പ്ലാൻ, സ്ലം സർവ്വീസ് സെന്റർ എന്നീ സ്ഥാപനങ്ങളുടെ വാർഷിക പൊതുയോഗം നടത്തി. സാന്ത്വനം ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരി പങ്കെടുത്ത യോഗത്തിൽ സ്ഥാപനങ്ങളുടെ 2016-17ലെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ വായിച്ചു പാസ്സാക്കി. യോഗത്തിൽ സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി സാന്ത്വനത്തിന്റെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി.

**സ്വയം സഹായസംഘങ്ങളുടെ സംയുക്ത വാർഷികം നടത്തി.**

സാന്ത്വനം സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ പെരിഞ്ചേരി യൂണിറ്റിൽ പ്രവർത്തിക്കുന്ന 11 സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം പള്ളിഹാളിൽ സംഘടിപ്പിക്കുകയുണ്ടായി. പൊതുസമ്മേളനം, കലാപരിപാടികൾ, സ്നേഹവിരുന്ന് തുടങ്ങിയ പരിപാടികളോടെ നടത്തിയ യോഗത്തിൽ സംഘങ്ങളുടെ കഴിഞ്ഞ രണ്ട് വർഷങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർവർഷങ്ങളിൽ ചെയ്യാൻ കഴിയുന്ന പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ ജന്മശതാബ്ദി ആഘോഷിച്ചു.**

മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച്, സാന്ത്വനത്തിന്റെയും സ്ലം സർവ്വീസ് സെന്ററിന്റെയും ആഭിമുഖ്യത്തിൽ കൊട്ടേക്കാട് കുണ്ടുകുളം ഗ്രാമത്തിൽ അനുസ്മരണസമ്മേളനം സംഘടിപ്പിച്ചു. തൃശൂർ അതിരൂപത വികാരി ജനറാൾ റവ. മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്ത യോഗത്തിൽ കോലഴി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ഷാജി അധ്യക്ഷത വഹിച്ചു. സാന്ത്വനം വൈസ് ചെയർമാൻ ശ്രീ.ടോജോ മാത്യു, കൊട്ടേക്കാട് ഫൊറോന വികാരി റവ. ഫാ. ജോജു ആളൂർ, വാർഡ് മെമ്പർ ശ്രീമതി. സുമിത ഷാജി, സ്ലം സർവ്വീസ് സെന്റർ പ്രസിഡണ്ട് ശ്രീ. ജോബ്, നിർമ്മലദാസി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ റവ. സി. ചിന്നമ്മ SND, സെന്റ് ജോസഫ് ദ വർക്കേഴ്സ് സമൂഹത്തിന്റെ പ്രതിനിധി റവ. സി. സിസിലിയ,

SLMI സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ റവ. സി. ഫിലോമിന വട ക്കേടത്ത് തുടങ്ങിയവർ പാവങ്ങളുടെ പിതാവിനെ അനുസ്മരിച്ചു കൊണ്ട് സന്ദേശം നല്കി.

**ആശാകിരണം കാൻസർ സഹായനിധി കൂപ്പൺ പ്രകാശനം ചെയ്തു.**

ആശാകിരണം പദ്ധതിയുടെ ധനശേഖരണാർത്ഥം പുറത്തിറക്കിയ കാൻസർ സഹായനിധി കൂപ്പൺ ഫ്രാൻസിസിക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ പ്രൊവിൻഷ്യൽ ഡോ. സി. റോസ് അനിത, ആശാകിരണം കൺവീനർ ശ്രീ. എ. എ ആൻണിക്ക് നല്കിക്കൊണ്ട് പ്രകാശനം ചെയ്തു. തൃശൂർ അസ്സീസ്സി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തിയ പരിപാടിയിൽ റവ.ഫാ. മാർട്ടിൻ കൊളമ്പ്രത്ത് മുഖ്യാതിഥി ആയിരുന്നു.

**ആശാകിരണം വളണ്ടിയേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തി.**

കാൻസറിനെതിരെ പോരാടുവാൻ, ആശാകിരണം വളണ്ടിയേഴ്സ് ആയി പ്രവർത്തിക്കുവാൻ സഹായിക്കുന്ന ട്രെയിനിംഗ് പ്രോഗ്രാം, സിസ്റ്റേഴ്സിനായി സാന്ത്വനം ഹാളിൽ വെച്ച് നടത്തുകയുണ്ടായി. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി എല്ലാ സിസ്റ്റേഴ്സിനും സ്വാഗതം ആശംസിക്കുകയും കാൻസറിനെപ്പറ്റിയും രോഗം വരാനുള്ള കാരണങ്ങളെപ്പറ്റിയും വളരെ വിശദമായി ക്ലാസ് നയിക്കുകയും ചെയ്തു.

**ജൈവകുടുംബകൃഷി സെമിനാറും വിത്ത് വിതരണവും നടത്തി.**

കാരിത്താസ് ഇന്ത്യയുടെയും സൗത്ത് ഇന്ത്യൻ ബാങ്കിന്റെയും സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന ആശാകിരണം ഫാമിലി ഫാമിങ്ങിന്റെ ഭാഗമായ ജൈവകൃഷി സെമിനാറും വിത്ത് വിതരണവും ജൈവവള വിതരണവും വീണ്ടശ്ശേരി മേരി ഇമ്മാക്കുലേറ്റ് പള്ളിയിൽ വെച്ച് നടത്തി. പഞ്ചായത്ത് മെമ്പർ ശ്രീമതി. അച്ചാമ്മ ജോയ് ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഇടവക വികാരി റവ. ഫാ. നിർമ്മൽ പുളിക്കലത്ത് അധ്യക്ഷത വഹിച്ചു.

**സാമൂഹ്യക്ഷേമസമിതി മീറ്റിംഗ് നടത്തി.**

തൃശൂർ അതിരൂപതയുടെ സാമൂഹ്യക്ഷേമ സമിതി പാരീഷ് കൺവീനർമാരുടെ ഒരു മീറ്റിംഗ് സാന്ത്വനം ഓഫീസിൽ വെച്ച് നടത്തുകയുണ്ടായി. സാന്ത്വനം കോ-ഓർഡിനേറ്റർ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സാമൂഹ്യക്ഷേമസമിതിയുടെ പ്രവർത്തനങ്ങളെപ്പറ്റിയും ഇടവകയിലെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സാന്ത്വനം ഡയറക്ടർ സംസാരിച്ചു.

**ഫൊറോനതല ഓഡിറ്റിങ്ങ് നടത്തി.**

ഫൊറോന തലത്തിലുള്ള സ്നേഹനിധി ഓഡിറ്റിങ്ങും വിസിറ്റും നടത്തി. സ്നേഹനിധി എക്സിക്യൂട്ടീവ് പ്രതിനിധികളുടെയും കോ-ഓർഡിനേറ്ററുടെയും നേതൃത്വത്തിൽ ചേലക്കര ഫൊറോനയുടെ കീഴിലുള്ള യൂണിറ്റുകളുടെ ഓഡി

റ്റിങ്ങ് പങ്ങാരപ്പിള്ളി യൂണിറ്റിൽ വെച്ചും പുത്തൂർ ഫൊറോനയുടെ കീഴിലുള്ള യൂണിറ്റുകളുടെ ഓഡിറ്റിങ്ങ് വെട്ടുകാട് യൂണിറ്റിൽ വെച്ചും നടത്തി. അതോടൊപ്പം സ്നേഹനിധിയുടെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**സ്നേഹനിധി വാർഷികപൊതുയോഗങ്ങൾ നടന്നു.**

വലക്കാവ്, കല്ലൂർ ഈസ്റ്റ്, മണ്ണംപേട്ട, ആറ്റത്തറ എന്നീ യൂണിറ്റുകളിൽ സ്നേഹനിധിയുടെ വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും നടന്നു. യോഗങ്ങളിൽ ഒരു വർഷത്തെ സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു.

**സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും സെപ്റ്റംബർ മാസം വരെ 124 അംഗങ്ങൾക്കായി 6,65,000 /-രൂപ സഹായധനം നല്കി. 3,90,000/-രൂപ വിവാഹ സഹായമായും 1,85,000/-രൂപ ചികിത്സാ സഹായമായും 90,000/-രൂപ മരണാനന്തരസഹായമായുമാണ് നൽകിയത്.

**പുതിയ കുടുംബങ്ങളെ കണ്ടെത്തി.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു. Save a Family Plan ന്റെ മാനദണ്ഡപ്രകാരമാണ് കൈപ്പറമ്പ് പഞ്ചായത്തിന്റെ കീഴിലുള്ള 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16 എന്നീ വാർഡുകളിൽ നിന്നും അർഹരായ കുടുംബങ്ങളെ കണ്ടെത്തിയത്.

**FDP മുഖേനസഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു**

വില്ലടം-Rs.39,000/-, കൂനംമൂച്ചി-Rs.23,000/-, മുളയം-Rs.13,000/-, കോലഴി-Rs.21,000/-.

**ADS യോഗം സംഘടിപ്പിച്ചു.**

സ്ലം സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അടുപ്പുട്ടി ക്രിസ്തുജ്യോതി ADS ന്റെ കീഴിലുള്ള 15 സഹായസംഘങ്ങളുടെ സംഗമവും ഓണാഘോഷവും നടത്തി. ക്രിസ്തുജ്യോതി സെന്ററിൽ വെച്ച് നടത്തിയ പരിപാടിയിൽ ഓണമത്സരങ്ങൾ, ഓണസദ്യ, കലാപരിപാടികൾ എന്നിവ ഉണ്ടായിരുന്നു.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിപ്രകാരം സഹായങ്ങൾ ലഭിച്ച ഇടവകകളും സംഖ്യയും ചേർക്കുന്നു: കണ്ണാറ-Rs.8,000/-, അന്തിക്കാട്-Rs.40,000/-, കാഞ്ഞാണി-Rs.12,000/-, ചിറ്റിശ്ശേരി-Rs.8,000/-, ചേലക്കര-Rs.23,460/-, പീച്ചി-Rs.8,000/-, ഇരവിമംഗലം-Rs.8,000/-, ചൊവ്വൂർ-Rs.7,000/-.

**ഫാ.പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

**ഫാ.തോമസ്പൂപ്പാടി**
ഡയറക്ടർ



# ഫാമിലി അപ്പസ്തൊലേറ്റ് സെന്റർ

**വിവാഹരജത ജൂബിലി**

**ഡിസംബർ 9, ശനി; തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ**

1992 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 25 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 9–ാം തിയ്യതി  രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ.ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തുകയും 10.30 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.  1992 ൽ വിവാഹിതരായി രജതജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും നിർബന്ധമായി പങ്കെടുക്കാനായി ക്ഷണിക്കുന്നു.

**വിവാഹസുവർണ്ണ ജൂബിലി**

**ഡിസംബർ 16, ശനി; തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ**

1967 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 50 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 16–ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ. ഫാ. വർഗ്ഗീസ് കൂത്തൂർ നടത്തുകയും 10.30 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.  1967 ൽ വിവാഹിതരായി സുവർണ്ണജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും നിർബന്ധമായി പങ്കെടുക്കാനായി ക്ഷണിക്കുന്നു.

**ബധിരരും മൂകരുമായവർക്കുവേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായിട്ടുള്ളവർക്കുള്ള ഏകദിന വിവാഹ ഒരുക്ക കോഴ്സ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നവംബർ 12-ാം തിയ്യതി നടക്കുന്നു. വിവാഹ പ്രായമായിട്ടുള്ള എല്ലാ ബധിരരും മൂകരുമായിട്ടുള്ളവരെ ക്ഷണിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ ബധിരരും മൂകരുമായിട്ടുള്ള വിവാഹപ്രായമായ എല്ലാവരേയും പറഞ്ഞുവിടുമല്ലോ. വിവാഹ ഒരുക്ക കോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ പേര് റജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ജിയോ തെക്കിനിയത്ത്**
അസോ. ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന**
**നവംബർ 6 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഗർഭഛിദ്രം നടത്തിയവർക്കുവേണ്ടിയുള്ള പരിഹാരബലി**
**നവംബർ 11 ശനി**

ഗർഭഛിദ്രം നടത്തിയവർക്കും അതിന് കൂട്ടുനിന്നവർക്കും ഈശോയുടെ മുമ്പിൽ കരുണയാചിച്ചുകൊണ്ടുള്ള പരിഹാരബലി നവംബർ 11-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മണിക്ക് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക പള്ളിയിൽ പാപപരിഹാരബലിയർപ്പിക്കുന്നതാണ്. തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരിഹാരബലിയിൽ സംബന്ധിക്കാൻ എല്ലാവരേയും പ്രത്യേകിച്ച് ഈ തിന്മയ്ക്ക് കൂട്ടുനിന്നവരെയും ഈ തിന്മ പ്രവർത്തിച്ചവരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**പ്രോലൈഫ് ടീച്ചേഴ്സ് സെമിനാർ - 2017**

ജീവന്റെ മേഖലയിൽ പുതിയ ഉൾക്കാഴ്ചകൾ ലഭിക്കുവാനും ജനസംഖ്യ ബാദ്ധ്യതയല്ല ആസ്തിയാണ് എന്ന അവബോധം ലഭിക്കുന്നതിനുമായി തൃശ്ശൂർ അതിരൂപതയിലെ ടീച്ചേഴ്സിനുവേണ്ടി 2017 സെപ്റ്റംബർ 21 വ്യാഴാഴ്ച

പ്രോലൈഫ് സെമിനാർ സംഘടിപ്പിച്ചു. അതിരൂപതയിലെ നൂറോളം ടീച്ചർമാർ പങ്കെടുത്തു. ഇതിൽ പങ്കെടുത്ത എല്ലാ ടീച്ചർമാർക്കും പറഞ്ഞയച്ച എല്ലാ പ്രധാന അദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

**നന്ദിയുടെ ഒരു വാക്ക്**

ഒക്ടോബർ മാസം ഒരുകോടിജപമാല ചൊല്ലി ഭ്രൂണഹത്യക്ക് വിധേയമായ കുഞ്ഞുങ്ങൾക്കും അതിന് കൂട്ടുനിന്നവർക്കും ഈ തിന്മ ചെയ്യുന്നവർക്ക് അതിൽ നിന്ന് മാനസാന്തരമുണ്ടാകാൻ വേണ്ടി ജപമാലയർപ്പിച്ച് പ്രാർത്ഥിച്ച വൈദീകർക്കും സിസ്റ്റേഴ്സിനും ബ്രദേഴ്സിനും ഇടവകജനങ്ങൾക്കും ഏറെ സ്നേഹത്തോടെ നന്ദിയർപ്പിക്കുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ** — **ഫാ.ഡെന്നി താണിക്കൽ**

പ്രസിഡന്റ് — ഡയറക്ടർ

# മാതൃവേദി

**രൂപതകൾ തമ്മിലുള്ള മരിയൻ ക്വിസ് മത്സരം**
**നവംബർ 7 ചൊവ്വ (11 മുതൽ 2 വരെ)**

അതിരൂപതയിലെ മാതൃവേദിയുടെ വജ്രജൂബിലിയോടനുബന്ധിച്ച് രൂപതകൾ തമ്മിലുള്ള മരിയൻ ക്വിസ് മത്സരം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുന്നു. ഒരു രൂപതയിൽ നിന്ന് മൂന്നു പേരടങ്ങുന്ന ഒരു ടീമാണ് മത്സരത്തിൽ വരേണ്ടത്. ദൃശ്യ-ശ്രാവ്യ-മാധ്യമ സഹായത്തോടെ ആയിരിക്കും ക്വിസ് മത്സരം പങ്കെടുക്കുന്നവർ അതാതു രൂപത മാതൃവേദി ഡയറക്ടറച്ചന്മാരുടെ അംഗീകാരത്തോടെയാണ് മത്സരത്തിന് വരേണ്ടത്. ഏവരേയും സ്വാഗതം ചെയ്തുകൊണ്ടും അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ടും സീറോമലബാർ രൂപതകൾ തമ്മിലുള്ള തൃശ്ശൂർ അതിരൂപതയുടെ മാതൃവേദിയുടെ നേതൃത്വത്തിലുള്ള മരിയൻ ക്വിസ് മത്സരത്തിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**വജ്രജൂബിലി സമാപനവും അഭിവന്ദ്യ ടോണി പിതാവിന് സ്വീകരണവും**
**നവംബർ 20 തിങ്കൾ (9 മുതൽ 4 വരെ)**

അതിരൂപതയിലെ മാതൃവേദിയുടെ വജ്രജൂബിലിയുടെ സമാപന സമ്മേളനം തൃശ്ശൂർ ദൈവശബ്ദം കൺവെൻഷൻ സെന്ററിൽ (ശക്തൻ നഗർ) നവംബർ 20-ാം തിയ്യതി തിങ്കാളാഴ്ച്ച നടത്തപ്പെടുന്നതാണ്. രാവിലെ 9 ന് റജിസ്ട്രേഷൻ. 9.30 മുതൽ 11.15 വരെ ബഹു.ജോസഫ് പുത്തൻപുരയ്ക്കലച്ചന്റെ നേതൃത്വത്തിലുള്ള ധ്യാനചിന്തകളായിരുക്കും. തുടർന്ന് 11.30 ന് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ നേതൃത്വത്തിൽ ദിവ്യബലിയും ഉച്ചഭക്ഷണത്തിനുശേഷം പൊതുസമ്മേളനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം

ചെയ്യുകയും അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന് സ്വീകരണവും അമ്മ മാരുടെ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ എല്ലാ അമ്മമാരേയും സ്നേഹത്തോടെ ക്ഷണിക്കുകയും ചെയ്യുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി. ഡയറക്ടർ

**ശ്രീമതി ബീന ജോഷി**
പ്രസിഡന്റ്

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി

# കുടുംബകൂട്ടായ്മ

**അഗതിമന്ദിര സന്ദർശനം**

മാർ ജോസഫ് കുണ്ടുകുളം ജന്മശതാബ്ദി വേളയിൽ അദ്ദേഹം സ്ഥാപിച്ച അത്താണിയിലുള്ള പീസ് ഹോമിലേക്ക് ഫൊറോന, അതിരൂപത ഭാരവാഹി കൾ കുടുംബസമേതം സെപ്തംബർ 21–ാം തിയ്യതി വ്യാഴാഴ്ച ഒരു സന്ദർശനം നടത്തുകയും ഒരു രഹസ്യ പിരിവ് ഭാരവാഹികളിൽ നിന്നും എടുത്ത് 10000 രൂപ അവർക്ക് നൽകുകുയം ചെയ്തു.

**മാർ ജോസഫ് കുണ്ടുകുളം ജന്മശതാബ്ദി അനുസ്മരണം**

അതിരൂപത കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ എല്ലാ വർഷവും ഏപ്രിൽ 22 ന് നടത്തിവരുന്ന മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം, അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി അതിരൂപതയുടെ നേതൃത്വത്തിൽ സെപ്തംബർ 9 ന് ഞായറാഴ്ച മെഡ്ലിക്കോട്ട് ഹാളിൽ സംഘ ടിപ്പിച്ച മാർ ജോസഫ് കുണ്ടുകുളം അനുസ്മരണ സെമിനാറും സെപ്തംബർ 23 ന് ശനിയാഴ്ച ഡിബിസിഎൽസിയിൽ സംഘടിപ്പിച്ച മുഖ്യമന്ത്രി ഉദ്ഘാ ടനം നിർവ്വഹിച്ച മാർ ജോസഫ് കുണ്ടുകുളം ഫൗണ്ടേഷൻ ഉദ്ഘാടനവും ആദ്യ അവാർഡ് ദാന ചടങ്ങും പങ്കെടുത്ത് വിജയിപ്പിച്ച എല്ലാ കുടുംബകൂട്ടായ്മ ഭാര വാഹികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**അതിരൂപത കുടുംബ കൂട്ടായ്മ പ്രവർത്തന സമാഹരണ കൂപ്പൺ**

കുടുംബകൂട്ടായ്മകൾ കൂടുതൽ സജീവവും ശക്തവുമാക്കുന്നതിനായി ഫണ്ട് അപര്യാപ്തമായതിനാൽ അതിരൂപതാ അദ്ധ്യക്ഷന്റെ അനുമതിയോടു കൂടി ഇറക്കിയ പ്രവർത്തന സമാഹരണ കൂപ്പൺ ഫണ്ടുകൾ ഇതിനകം തന്നെ കുറച്ചൊക്കെ ഫൊറോനകളിലും അതിരൂപത ഓഫീസിലും എത്തിച്ചവർക്ക് ഒത്തിരി നന്ദി. ഇനിയും പ്രവർത്തന കൂപ്പൺ ഫണ്ട് തിരിച്ച് നൽകാത്തവർ നവംബർ 15 ന് മുൻപായി ഭാരവാഹികൾ വശം ഏൽപിക്കണമെന്ന് വിനീത മായി അപേക്ഷിക്കുന്നു.

### അതിരൂപത ഭവനകൂട്ടായ്മ സംഗമവും ജനറൽ ബോഡി യോഗവും

അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ആഹ്വാന മനുസരിച്ച് കുടുംബകൂട്ടായ്മകളിൽ പരസ്പരം അറിയുന്നതിനും പങ്കുവക്കുന്നതിനുമായി കുറേയേറെ ഇടവകകളിൽ ഇതിനകം തന്നെ ഓരോ കുടുംബകൂട്ടായ്മകളിലും ഭവനകൂട്ടായ്മകൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി അതിരൂപത തലത്തിൽ ഭവനകൂട്ടായ്മകൾ ആരംഭിച്ചിട്ടുള്ളതും അല്ലാത്തതുമായ എല്ലാ കുടുംബകൂട്ടായ്മകളെയും പങ്കെടുപ്പിച്ച് കൊണ്ട് അതിരൂപത തല ഭവനകൂട്ടായ്മ സംഗമവും, ജനറൽ ബോഡിയോഗവും ഈ വരുന്ന ഡിസംബർ 2 ശനിയാഴ്ച 2.30 മുതൽ 4 വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഹാളിൽ വച്ച് സംഘടിപ്പിക്കുന്നു. അതോടൊപ്പം നമ്മുടെ അതിരൂപത നിയുക്ത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന് അതിരൂപത കുടുംബകൂട്ടായ്മയുടെ ഒരു സ്വീകരണവും സംഘടിപ്പിക്കുന്നു. ബന്ധപ്പെട്ട ഭാരവാഹികളെ വികാരയച്ചന്മാരും ബന്ധപ്പെട്ടവരും പറഞ്ഞയക്കുമല്ലോ. ഇനിയും ഭവനകൂട്ടായ്മ ആരംഭിക്കാത്തവർ ആരംഭിക്കുന്നതിനായി ഫൊറോന, അതിരൂപത ഭാരവാഹികളെ അറിയിച്ചാൽ വേണ്ട സഹായങ്ങൾ നൽകുന്നതായിരിക്കും; വികാരിയച്ചൻ പ്രത്യേകം താൽപര്യം കാണിക്കുമല്ലോ.

### അതിരൂപത കുടുംബ കൂട്ടായ്മ ഡയറക്ടറി

2017-19 കാലഘട്ടത്തിലെ ഭാരവാഹികളുടെ വിശദവിവരങ്ങൾ അടങ്ങിയ മനോഹരമായ ഡയറക്ടറിയുടെ പ്രകാശനവും വിതരണോദ്ഘാടനവും കുടുംബകൂട്ടായ്മ ജനറൽബോഡി യോഗത്തിൽ വച്ച് നിർവ്വഹിക്കുന്നതായിരിക്കും.

### ഫൊറോന കുടംബ കൂട്ടായ്മ സന്ദർശനം

കുടുംബ കൂട്ടായ്മകൾ ഫൊറോന തലത്തിൽ കൂടുതൽ സജീവമാക്കുന്നതിന്റെ ഭാഗമായി പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും അവലോകനം നടത്തുന്നതിനുമായി നടത്തുന്ന ഫൊറോന സന്ദർശനം ഇതുവരെ ബസിലിക്ക, പുത്തൂർ, പുതുക്കാട് എന്നീ ഫൊറോനകളിൽ നടത്തുകയുണ്ടായി. ബാക്കിയുള്ള ഫൊറോനകളിൽ ഉടൻതന്നെ ഡയറക്ടറച്ചനേയും ഭാരവാഹികളെയും പങ്കെടുപ്പിച്ച് ഫൊറോന സന്ദർശനം നടത്തുവാൻ ബന്ധപ്പെട്ടവർ താൽപര്യം കാണിക്കുമല്ലോ.

### ചർച്ചാപഠനപരിശീലന ക്യാമ്പ് (25.11.2017)

ഒക്ടോബർ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ഡിസംബർ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് നവംബർ 25-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

| | |
|---|---|
| **ഫാ. ഡെന്നി താണിക്കൽ** | **ഫാ. അൽജോ കരേരക്കാട്ടിൽ** |
| ഡയറക്ടർ | അസി. ഡയറക്ടർ |
| **എ.എ. ആന്റണി** | **പോൾ പാറക്കൽ** |
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി |

## തൃശ്ശൂർ അതിരൂപത
## ബൈബിൾ അപ്പസ്തൊലേറ്റ്

***വെരിത്താസ് ക്വിസ് – ഗ്രാന്റ് ഫിനാലെ***

വെരിത്താസ് ക്വിസ് സെമി ഫൈനൽ മത്സരത്തിൽ നിന്നും വിജയിച്ച ഓരോ ഗ്രൂപ്പിലെയും 1–ാം സ്ഥാനക്കാർ തമ്മിൽ മത്സരിക്കുന്ന ഗ്രാന്റ് ഫൈനൽ മത്സരം 2017 നവംബർ 5ന് ഞായറാഴ്ച 2 മണി മുതൽ തൃശ്ശൂർ സെ. തോമാസ് കോളേജ് മെഡ്‌ലിക്കോട്ട് ഹാളിൽ വെച്ചു നടക്കും.

***ബൈബിൾ വർണ്ണങ്ങൾ – മത്സരഫലം***

ബൈബിൾ വർണ്ണങ്ങൾ – ചിത്രരചനാമത്സരത്തിന്റെ മത്സരഫലം 2017 ഒക്ടോബർ 1ന് പ്രഖ്യാപിച്ചു. മത്സരങ്ങൾ വൻ വിജയമാക്കാൻ അക്ഷീണം പ്രയത്നിച്ച വികാരിയച്ചന്മാരേയും, മതബോധന – സ്ക്കൂൾ അദ്ധ്യാപകരെയും, ഗുണകാംക്ഷികളേയും നന്ദിയോടെ ഓർക്കുന്നു. റിസൾട്ടിന് വെബ്സൈറ്റ് സന്ദർശിക്കുക:
www.trichurbibleapostolate.org/files/BIBLE_VARNANGAL_2017.pdf

***ബൈബിൾ വർണ്ണങ്ങൾ – റാങ്ക് ജേതാക്കൾ***

**HSS SECTION - PENCIL DRAWING**

Ist Prize	Ann Mariya C J - Vadookara, Little Flower Church
IInd Prize	Zameel A S - Asha Bhavan, Padavarad
IIIrd Prize	Jeeson Justin - Mannampetta, Mary Immaculate Church

**HS SECTION - PAINTING**

Ist Prize	Arnold Jose - Devamatha CMI Public School, Thrissur
IInd Prize	Abhinand Anilkumar - Deepthi HS, Thalore
IInd Prize	Siya Shameer K V - Vijayamatha EMHS, Ponnani
IIIrd Prize	Aryan - Deepthi HS, Thalore

**HS SECTION - PENCIL DRAWING**

Ist Prize	Ridhik Rison - Deepthi HS, Thalore
IInd Prize	Allen Tony - Devamatha CMI Public School, Thrissur

IIIrd Prize Adarsh T J - St. Joseph's Model HSS, Kuriachira

**UP SECTION - PAINTING**

Ist Prize Fredin Gerald - Devamatha CMI Public School, Thrissur

IInd Prize Annamariya Johnson - St. Clare's CGHSS, Thrissur

IIIrd Prize Alan K Vincent - St. John's HSS, Parappur

**UP SECTION - PENCIL DRAWING**

Ist Prize Nivin K Anto - St. Thomas HSS, Thope

IInd Prize Amal Vazhappilly - St. Thomas HSS, Thope

**LP SECTION - PAINTING**

Ist Prize Ailis Majo - Devamatha CMI Public School, Thrissur

IInd Prize Anagh Ravindran - St. Clare's CLPS, Thrissur

IIIrd Prize Anagha Jaison - Devamatha CMI Public School, Thrissur

**LP SECTION - PENCIL DRAWING**

Ist Prize Alphin T J - St. Joseph's UPS, Kundannur

IInd Prize Ania Antony - Devamatha CMI Public School, Thrissur

IIIrd Prize Nandana T S - St. George UPS, Mukkattukara

**LP SECTION - COLORING**

Ist Prize Joe Antony - Devamatha CMI Public School, Thrissur

IInd Prize Amrutha P R - St. Mary's CBPS, Kottekad

IInd Prize Angelo Shaiby - St. Thomas LPS, Thiroor

***ബൈബിൾ കോഴ്സ്***

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.....

***തീർത്ഥാടനങ്ങൾ***

